MALAYALANADU WEEKLY, QUILON, FEBRUARY 4, 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

കരണ-കഥകളി —ബി. 46
കവിത
ഡിവൈൻ കോമഡി
—മനോകാന്തന 22
കഥ
ജീവശാസ്ത്രപരമായ
ഒരു പാകപ്പിഴ
—വി. പി ശിവകുമാർ 26
വേഷത്തിൽ വിപ്ലവം
—പി സുബ്രഹ്മണ്യപിള്ള 34
തടാകം —സാലു അനിയൻ 39
കഷായം —സുകുമാർ 42
നോവൽ
അടിയ്ക്കുറിപ്പ് —കാക്കനാടൻ 7
കയ്യ് —തകഴി 17
കലാസ്സുപുക്കൾ
—ഏകലവ്യൻ 29
പംക്തികൾ
വായനക്കാരുടെ കത്തുകൾ 2
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 14
ഗ്രന്ഥനിരൂപണം
—എൻ ആർ ഗോപിനാഥപിള്ള 43
എഴുത്തുകാരുടെ ഇടവേള
—വി. എസ്. നായർ 52
സിനിമ —മംഗളശ്രീ 58
മുഖചിത്രം ഫോട്ടോ:
ശിവൻ

താളുകൾ മറിക്കുമ്പോൾ

ലേഖനം
ഉരുക്ക്—പുരോഗതിയുടെ
അളവുകോൽ
—പി. ഗോവിന്ദപ്പിള്ള 4
"ഗാനം, മഴവില്ല്"
(കാമ്പിയുടെ കാളങ്ങളിൽ) —ജ 12
ഏഴുപതിറ്റാണ്ടിലെ
മണ്ണു സിനിമാഗാനങ്ങൾ
—ആനൂർ കേശവൻനായർ 37

വായനക്കാരുടെ കത്തുകൾ

നരേന്ദ്രപ്രസാദിന്റെ നിരൂപണം ഒരു മാതൃക

മലയാളനാടിന്റെ റിപ്പബ്ളിക് പതിപ്പ് മററസിരപ്പിൽത്തന്നെ വായിച്ചു തീർത്തു. അതിന്റെ സംവിധാനം ആകർഷകവും രസകരവും വിജ്ഞാനപ്രദവുമായിരുന്നു വിശേഷാൽപതിപ്പെന്നു പറഞ്ഞാൽ മഹാന്മാർ ഏററവും ലഘുവായി വയിയ കാര്യങ്ങളെ കരിതേച്ചു കാണിക്കുന്ന പ്രസിദ്ധീകരണം എന്ന എന്റെ സ്വന്തം നിർവചനത്തെ തൽക്കാലത്തേക്കു മാററിവച്ചു. ഉള്ളടക്കത്തിൽ ഉയന്ന നിലവാരമുണ്ടെങ്കിലും എന്നെ ഏററവുമധികം ആകർഷിച്ചതു കാട്ടുമാനാരായണന്റെയും നരേന്ദ്രപ്രസാദിന്റെയും ലേഖനങ്ങളാണ്. നമ്മുടെ സംഹിതൃതംഗത്തടിഞ്ഞുകൂടിക്കിടക്കുന്ന ജീർണ്ണതകൾക്കെതിരെ ശബ്ദമുയത്താനവക്കഴിഞ്ഞിരിക്കുന്നു. പത്തും പതിനഞ്ചും രൂപ ചിലവാക്കി, അത്യുത്തമമെന്നു നമ്മുടെ ചില പത്രങ്ങൾ വിശേഷിപ്പിക്കുന്ന ചില പ്രൊഫഷണൽ നാടകങ്ങൾ ഇന്നയുത്ത കാലത്തു കാണേണ്ടിവന്നു. അവയിലടകളുടി കണ്ടെത്താൻ കഴിഞ്ഞതു വെറും "സിനിമീയത"യും. തിരക്കഥയും നടകേവും തമ്മിൽ വ്യത്യാസമൊന്നും പാലിക്കുന്ന നിലപോലും ഇന്നണ്ടായിക്കഴിഞ്ഞിരിക്കുന്നു.

വ്യക്തിപരമായ സ്നേഹബഹുമാനങ്ങൾക്കു വിധേയമാകാതെ മലയാളത്തിലെഴുതപ്പെട്ടിട്ടുള്ള ആദ്യത്തെസാഹിത്യനിരൂപണമാണ് നരേന്ദ്രപ്രസാദിന്റേതു്. നിരൂപണമെഴുതാൻതുടങ്ങുമ്പോൾ സംഹമാനം മുന്നിട്ടുനിൽക്കുന്നതിനാൽ അസ്പഷ്ടജ്ഞനായി വിറയ്ക്കുന്ന കരങ്ങളോടെ സ്മൃതിഗീതങ്ങളെഴുതിപ്പിടിപ്പിക്കുക

(ശേഷം 63-ൽ)

അടുത്തലക്കത്തിൽ ചിലതു്

ലേഖനങ്ങൾ

ചാന്ദ്രയാത്രികരുടെ മാനസികാവസ്ഥ —സി. പി. ബി.

ചന്ദ്രനിൽ പര്യടനംനടത്തി മടങ്ങിവന്നവരുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ആറുപേർ വിവാഹബന്ധം വേർപെടുത്തി. ഒരാൾ അതീന്ദ്രിയ പരീക്ഷണത്തിൽ. മറെറാരാൾ ക്രിസ്തുവിന്റെ തത്വങ്ങൾ പ്രചരിപ്പിക്കുന്നു. —ശ്രദ്ധേയമായ ഒരു ലേഖനം.

അതീന്ദ്രിയനഭസ്സിന്റെ അത്യുന്നതങ്ങളിൽ —വി. ബി സി. നായർ

എൽ, എസ്, ഡി-യുടെ ലഹരിയിൽ മുങ്ങിത്താണ യുവതലമുറയിലെ ഏതാനും യുവതിയുവാക്കന്മാരുടെ സൈക്കടലിക് അനുഭൂതിയുടെ സമഗ്രവിഷ്കരണം —ചിത്രങ്ങൾ സഹിതം.

ജി. യുടെ ആത്മകഥ തുടരുന്നു.

കവിതകൾ

മനുഷ്യകളകൾ —അക്കിത്തം

ഹിപ്പിപ്പദ്യം —കുഞ്ഞുണ്ണി

കഥകൾ

മരണത്തിന്റെ വരവ്" —കെ. പി. ശശിധരൻ

പരാജിതന്റെ മാളം —എം. ടി. വേണു

ഗാന്ധർവ്വവിധിപ്രകാരം — നൂറനാട്ട് ഹനീഫ്

കൂടാതെ നോവലുകളും മററു സ്ഥിരം പംക്തികളും

എയർ-ഇൻഡ്യ നിരക്കുകളുടെ ചക്രവാളങ്ങൾ തകർക്കുന്നു!

മദ്രാസ് ന്യൂ യോർക്ക് മദ്രാസ് രൂ. 4674 മാത്രം!

ഏതാണ്ടെല്ലാത്തരത്തിലും വലിയ തോതിൽ നിരക്കുകൾ കുറയുന്നു! ആയിരക്കണക്കിനു രൂപ ലാഭിക്കുന്നു. ന്യൂ യോർക്കിലേയ്ക്കും നേരിട്ടു പറക്കുന്നു. കുറഞ്ഞതു 14 ദിവസം മുതൽ 120 ദിവസം വരെ അവിടെ തങ്ങാം. വയ്ക്കിപ്പിയില്ല. കൂട്ടു ചേതകയും വേണ്ട. വർഷത്തിൽ ഏതു സമയത്തും ഈ സൗകര്യം ഉപയോഗപ്പെടുത്താം. നിങ്ങളുടെ അടുത്തുള്ള എയർ ഇൻഡ്യ ഓഫീസിനേയോ, നിങ്ങളുടെ ട്രാവൽ ഏജൻറിനേയോ സമീപിക്കുക. ഇപ്പോൾത്തന്നെ!

യാത്ര തുടങ്ങുന്ന സ്ഥലം.	ന്യൂയോർക്കിലേക്കും തിരിച്ചുമുള്ള എക്സ്കർഷൻ നിരക്കു്.
ബോംബെ	രൂ.4004
ന്യൂ ഡെൽഹി	രൂ.4004
കൽക്കട്ട	രൂ.4732
മദ്രാസ്	രൂ.4674

എയർ-ഇൻഡ്യ

നിങ്ങൾക്കു ലാഭം ഉണ്ടാക്കുന്ന എയർ ലൈൻ

A 1310

ഉരുക്ക്-പുരോഗതിയുടെ അളവുകോൽ

സ്വാതന്ത്ര്യം കൈവന്നിട്ട് കൊല്ലം 25 കഴിഞ്ഞു. റിപ്പബ്ളിക്കൻഭരണഘടനേ നിലവിൽ വന്നിട്ട് 23 കൊല്ലവും. പഞ്ചവത്സരപദ്ധതികൾ നാലുകഴിഞ്ഞു. ഇപ്പോഴോ അഞ്ചിലേക്കു പ്രവേശിക്കുകയാണ്, ഇത്രയൊക്കെയായിട്ടും എവിടെ എത്തി ഭാരതം? ഏതു രാഷ്ട്രത്തിന്റെ പുരോഗതി അളക്കുവാൻ പല മാനദണ്ഡങ്ങളുണ്ട്. ഒന്നുമാത്രം നമുക്കിപ്പോൾ പരിശോധിക്കുക: ഉരുക്ക്.

എന്തുകൊണ്ട് ഉരുക്ക്? ആധുനികയുഗത്തിൽ സ്വാതന്ത്ര്യത്തിന്റെ, കാതലിന്റെ കട്ടപ്പും നിർണ്ണയിക്കുന്നത് യന്ത്രവ്യവസായത്തിന്റെ വളർച്ചയാണല്ലോ യന്ത്രവ്യവസായത്തിന്റെ അടിസ്ഥാനശിലയും കട്ടയ്ക്കു ഉരുക്കുമാണ്. അതുകൊണ്ട് ഇക്കാലത്തു് ഏതു രാഷ്ട്രത്തിന്റെയും സ്വാശ്രയവും സ്വാതന്ത്ര്യവും പുരോഗതിയുടെ വേഗതയും അവിടത്തെ ഉരുക്കുവ്യവസായത്തിന്റെ വികാസം പരിശോധിച്ചു തിട്ടപ്പെടുത്താൻ കഴിയും.

പ്രാചീനപ്രശസ്തി

പ്രാചീനകാലത്തു് ഇന്ത്യ ഉരുക്കുനിർമ്മാണത്തിൽ ലോകത്തിന്റെ മുൻപന്തിയിലായിരുന്നു. ഇൻഡിയിൽ കത്തുബ്മിനാറിന്റെ പരിസരത്തു് ആയിരത്തഞ്ഞൂറു വർഷത്തിലേറെയായി തുരമ്പെടുക്കാതെ നിൽക്കുന്ന ഉരുക്കുതൂണ് പ്രാചീനഭാരതവ്യവസായപ്രശസ്തിയുടെ സ്മാരകസ്തംഭമാണ്. ഇതേക്കുറിച്ചെല്ലാം കൂടുതലറിയാൻ ആഗ്രഹിക്കുന്ന വായനക്കാർക്ക് പി. എ. സോളമൻ എഴുതിയ "ഇരുമ്പിന്റെ" എന്ന വിജ്ഞാനപ്രദമായ പുസ്തകം ഞാൻ ശുപാർശ ചെയ്യുന്നു.

പൂന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി യൂറോപ്പിൽ ഉരുക്കുനിർമ്മാണത്തിൽ വമ്പിച്ച വമ്പ്ളവം നടന്നു. 1854-നും 1879-നും ഇടയ്ക്ക് ഹെൻറി ബെസ്സേമർ വെർണർ സീമെൻസ്, ഹിൽക്കൈസ്റ്റ് തോമസ് എന്നിവർ വലിയതോതിൽ ഉരുക്കുല്പാദിപ്പിക്കുന്നതിൽ വമ്പിച്ച പരിവർത്തനം ഇന്ത്യയെപ്പറ്റിയുള്ളിടത്തോളം അസ്വതന്ത്രയായതുകൊണ്ട് ഇവരുടെ കണ്ടുപിടുത്തങ്ങൾ ഉപയോഗപ്പെടുത്തുവാനോ സ്വന്തമായി കണ്ടുപിടുത്തങ്ങൾ നടത്തുവാനോ കഴിഞ്ഞില്ല

ആദ്യപഥികർ

ഇന്ത്യക്കാരാരും അതിനുവേണ്ടി ശ്രമിച്ചില്ല എന്നു പറഞ്ഞുകൂടാ. ജാംഷെഡ്ജി ടാറ്റ, എം. വിശ്വേശ്വരയ്യ തുടങ്ങിയവർ ബ്രിട്ടീഷ്ഗവർണ്മെണ്ടിന്റെ വഴിമുടക്കിനയത്തെ എതിർത്ത് ഇന്ത്യയിൽ ഉരുക്കല്പാദിപ്പിക്കുവാൻ ധീരശ്രമങ്ങൾതന്നെ നടത്തി. 1907-ൽ സ്ഥാപിക്കപ്പെട്ട ടാറ്റാ അയൺ ആൻഡ് സ്റ്റീൽകമ്പനിയും 1923-ൽ സ്ഥാപിക്കപ്പെട്ട മൈസൂർ അയൺ ആൻഡ് സ്റ്റീൽ വർക്കുസും ഈ പ്രതിഭാശാലികളുടെ പരിശ്രമഫലമാണ്. 1918-ൽ ബംഗാളിൽ ബ്രിട്ടീഷ് സ്വകാര്യ മുതലാളിമാർ ഒരു ഇന്ത്യൻ അയൺ ആൻഡ് സ്റ്റീൽ കമ്പനിയും തുടങ്ങി. അവയാണ് സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുള്ള ഉരുക്കുശാലകൾ.

പക്ഷേ, ഇവകൊണ്ടൊന്നും ഇന്ത്യയുടെ ആവശ്യം നിറവേറ്റാൻ മതിയായില്ല സ്വാതന്ത്ര്യപ്പുലരിയിൽ, കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ 1948-ൽ നമ്മുടെ വാർഷിക ഉരുക്കുല്പാദനം 1,277,000 ടൺ മാത്രമായിരുന്നു. അതായതു് അന്നത്തെ ലോകഉല്പാദനത്തിന്റെ 0.8 ശതമാനം മാത്രം.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ കുറവ് പരിഹരിക്കുവാൻ നമ്മുടെ ഭരണാധികാരികൾ, പ്രത്യേകിച്ച് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഊർജ്ജിതമായി പ്രവർത്തിച്ചു. പഴിഞ്ഞാറൻ സാമ്രാജ്യരാഷ്ട്രങ്ങൾതന്നെ ഇക്കാര്യത്തിൽ ഉള്ളഴിഞ്ഞു സഹായിക്കുമെന്നദ്ദേഹം പ്രതീക്ഷിച്ചു. പലതവണ അവരുടെ പടിവാതിൽ മുട്ടി. നിരാശമാത്രം ഫലം. അവസാനം സഹായത്തിനെത്തിയതു് സോവിയറ്റുയൂണിയനാണ്. സോവിയറ്റുസഹായത്തോടെ മദ്ധ്യപ്രദേശിലെ പ്രസിദ്ധമായ ഭിലായി ഉരുക്കുശാല സ്ഥാപിക്കപ്പെട്ടു. സോവിയറ്റുകാരുടെ ഈ മുൻകയ്യ് ബ്രിട്ടണിലേയും പടിഞ്ഞാറൻജർമ്മനിയിലേയും കുത്തകമുതലാളിമാരെ പ്രലോഭിപ്പിച്ചു. അവരും സഹായവാഗ്ദാനങ്ങളുമായി എത്തി. അങ്ങിനെ ബ്രിട്ടീഷു മുതലാളിമാരുടെ ഒരു കൺസോർഷ്യത്തിന്റെ സഹായത്തോടെ പടിഞ്ഞാറൻബംഗാളിലെ ദുർഗ്ഗാപുരിലും ജർമ്മനിയിലെ ക്രൂപ്പ്സ്-ദമാഗ്കുത്തകകളുടെ ആഭിമുഖ്യത്തിൽ ഒറീസ്സായിലെ ദുർകേലയിലും രാജാരാ ഉരുക്കുശാലകൾ സ്ഥാപിക്കപ്പെട്ടു. 600 കോടി രൂപാ മുലധനത്തിൽ ഗവർമ്മെന്റുവക ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് എന്നൊരു കമ്പനിയുണ്ടാക്കി ഇവ മൂന്നും അതിന്റെ കീഴിലാക്കി. ഒന്നാം പദ്ധതിക്കാലത്തു തുടങ്ങിയ ഈ മൂന്നുശാലകളും രണ്ടാംപദ്ധതിക്കാലത്തു് 1959 ആയപ്പോഴേക്കും ഉല്പാദനം തുടങ്ങി.

ഇനിയെങ്കിലും അമേരിക്ക കനിയുമെന്ന ചേരിചേരാനയകോവിദനായിരുന്ന നെഹ്റു ആശിച്ചു. ബംഗാളിൽ ബൊക്കാറോയിൽ ഒരു ഉരുക്കുശാല സ്ഥാപിക്കാൻ അവർ സഹായം തരാമെന്നു് വാഗ്ദാനം ചെയ്തു. എന്നാൽ ഈജിപ്തിലെ അസ്വാൻ അണക്കെട്ടിന്റെ കാര്യത്തിലെന്നപോലെ അമേരിക്ക വക്കുമാറി. അവസാനം അവിടേയും സഹായിക്കാൻ സോവിയറ്റു് യൂണിയനത്തി സോവിയറ്റു് സഹായത്തോടെ 1965-ൽ ബൊക്കാറോ സ്റ്റീൽ ലിമിറ്റഡ് എന്നാൽ കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. ഇക്കഴിഞ്ഞവർഷം അവസാനപാദത്തിൽ ബൊക്കാറോയിലെ ബ്ളാസ്റ്റു ഫർണസ് പുകയുപ്പിച്ചുതുടങ്ങി.

ഇതിനും പുറമെ തമിഴ്നാട്ടിൽ സേലത്തും ആന്ധ്രയിൽ വിശാഖപട്ടണത്തും മൈസൂർ ഹോസ്പേട്ടിലും ഒന്നു ചെറിയ "സ്പെഷ്യൻ സ്റ്റീൽ" നിർമ്മാണശാലകൾ ആരംഭിക്കുന്നതാണ്.

ഇതാണു ചുരുക്കത്തിൽ ഇന്ത്യയുടെ ഉരുക്കുനിർമ്മാണത്തിന്റെ ചിത്രം. ഇനി നമുക്ക് ഉല്പാദനത്തിന്റെ കണക്കുകൾ നോക്കാം.

പി. ഗോവിന്ദപ്പിള്ള

മൂന്നാംപദ്ധതിയുടെ അവസാനവർഷമായ 1966-ൽ 92 ലക്ഷം ടൺ ഉരുക്കുൽപാദിപ്പിക്കുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ, യഥാർത്ഥ ഉൽപാദനം 65 ലക്ഷം ടൺ മാത്രമായിരുന്നു. തുടർന്ന പദ്ധതിയില്ലായിരുന്ന മൂന്നു വർഷങ്ങളിലും ഈ നിലയിൽ വലിയ മാറ്റമുണ്ടായില്ല. 1968-ൽ അതായതു നാലാം പദ്ധതി ഉടനുന്നതിന്റെ തലേവർഷം ഉല്പാദനം ആ നിലയിൽത്തന്നെയായിരുന്നു. കൃത്യമായിപ്പറഞ്ഞാൽ 6,447 000 ടൺ. 1948 മായി താരതമ്യപ്പെടുത്തുമ്പോൾ ഇതു ഏതാണ്ട്. അന്നു ലോക ഉൽപ്പാദനത്തിൽ ഇന്ത്യയുടെ പങ്ക് 0.8 ശതമാനമായിരുന്നതു് 1968-ൽ 1.2 ശതമാനമായി വർദ്ധിച്ചു എന്നു നമുക്കു വേണമെങ്കിൽ ആശ്വസിക്കാം.

പക്ഷേ, നമ്മുടെ ലക്ഷ്യം ആശ്ചര്യവുമായി നോക്കുമ്പോൾ ഇതെത്രയും—അപര്യാപ്തമാണെന്നു കാണാം. നാലാംപദ്ധതി ആരംഭിക്കുമ്പോൾ നമ്മുടെ ഉത്പാദനശേഷി 90 ലക്ഷം ടൺ ഉരുക്കാണു (കണക്കിൽ) പദ്ധതി സമാപിക്കുന്ന വർഷമായ 1973-74-ൽ ഉൽപാദനശേഷി 120 ലക്ഷം

ടണ്ണായി വർദ്ധിക്കുമെന്നാണ്. പ്രതീക്ഷ, സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുണ്ടായിരുന്ന മുന്നണ്ണത്തിന്റെയും ഹിന്ദുസ്ഥാൻ സ്റ്റീൽകമ്പനിവക മുന്നണ്ണത്തിന്റെയും ശേഷി വർദ്ധിപ്പിക്കുകയും ബോക്കാറോയുംകൂടി ചേർക്കുകയും ചെയ്താൽ ഇത്രയുമാകും എന്നാണ് കണക്ക്.

ഇതുവരെയുള്ള അനുഭവവും ഇപ്പോഴത്തെ വാർഷിക്കണക്ക്—നോക്കിയാൽ ഈ 120 ലക്ഷം 1973-74 എത്തുകയില്ല എന്നു പറയുവാൻ വലിയ ഗണിതവിജ്ഞാനമോ സാങ്കേതിക വൈദഗ്ദ്ധ്യമോ ആവശ്യമില്ല. വമ്പത്തിന്നർഹ അത്രയും ഉണ്ടാകും എന്നു സമ്മതിക്കുക. എന്നാൽ തന്നെ നമ്മുടെ നില എത്ര പരിതാപകരമാണ് എന്നു കണ്ടെത്താൻ നമ്മുടെ അയൽരാസ്ട്രമായ ജനകീയ ചൈനയുടെ പുരോഗതി പരിശോധിച്ചാൽ മതി.

ചൈനയുമായി താരതമ്യം

1947-ൽ ഇന്ത്യ സ്വതന്ത്രയായി. 1948-ൽ ചൈനയും. ഇരുരാഷ്ട്രങ്ങളുടെയും അന്നത്തെ സ്ഥിതി പരിശോധിച്ചാൽ ഇന്ത്യയുടേതു കൂടുതൽ മെച്ചമായിരുന്നു. പൊതു വ്യാവസായികവളർച്ചയുടെ കാര്യത്തിലും ഉരുക്കിന്റെ കാര്യത്തിലും. ഡാ: കെ. എൻ. രാജ് ആദ്യദശകത്തിലെ ഇരുരാഷ്ട്രങ്ങളുടേയും പുരോഗതി ഇങ്ങിനെ വിശകലനംചെയ്യുന്നു:

"അമ്പതുകളത്തെ ആദ്യവർഷങ്ങളിൽ ചൈനയിലുണ്ടായ വ്യാവസായികവികസനം പ്രത്യക്ഷത്തിൽതന്നെ വളരെ മുന്നോട്ടായിരുന്നു."

1957 ആയപ്പോഴേക്കുതന്നെ (അവരുടെ ഒന്നാംപദ്ധതിയുടെ അവസാനവർഷം) പല അടിസ്ഥാനവ്യവസായങ്ങളുടെ കാര്യത്തിലും (ചൈന) ഇന്ത്യയെക്കാൾ വളരെ മുന്നോട്ടായിരുന്നു. ഉദാഹരണത്തിന് അന്ന് ഇന്ത്യയുടെ ഉരുക്കുകട്ടിയുല്പാദനം 17.5 ലക്ഷം ടണ്ണായിരുന്നെങ്കിൽ ചൈനയുടേത് 52.5 ലക്ഷം ടണ്ണായിരുന്നു. [8]

1952 ഇരുരാഷ്ട്രങ്ങളുടേയും ഉരുക്കുല്പാദനം ഏതാണ്ടൊന്നുതന്നെയായിരുന്നു എന്നു ഡാ: രാജ് ചൂണ്ടിക്കാട്ടുന്നു. അതായത് 14 ലക്ഷം ടൺ. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ ചൈനയുടേത് 13 ലക്ഷമായിരുന്നു—ഇന്ത്യയേക്കാൾ അരലക്ഷം കുറവ്.

1957-ലെ സ്ഥിതി ഇതാണെങ്കിൽ ഇപ്പോഴോ? ഇന്ത്യ 1973-74 ആകുമ്പോഴേക്കും 120 ലക്ഷം ഉണ്ടാക്കാൻ ആലോചിക്കുന്നതേയുള്ളു. ചൈനയുടേത് 1967-ൽതന്നെ 470 ലക്ഷം ടണ്ണായി. 1970-ൽ അത് 700 ലക്ഷം ടണ്ണായി വർദ്ധിച്ചിരിക്കുന്നു. 1973-74-ൽ 1000 ലക്ഷം ടണ്ണിലേക്ക് അവർ കുതിക്കുന്നുവെന്നാണ് ഐക്യരാഷ്ട്രസഭസ്റ്റാറ്റിസ്റ്റിക്കൽ വിദഗ്ദ്ധന്മാർ കണക്കുകൂട്ടുന്നത്.

അപര്യാപ്തം

ഉരുക്കുനിർമ്മാണം വ്യവസായവൽക്കരണത്തിന്റെയും പുരോഗതിയുടേയും സ്വാശ്രയത്തിന്റെയും അളവുകോലാണെങ്കിൽ നമ്മ ജനകീയചൈനയുടെ എത്രയോ പുറകെയാണ്. അവർക്കു കടവുമില്ല കടപ്പെടുമില്ല. നമ്മുടെ ഉരുക്കുശാലകൾ മിക്കയും വിദേശാശ്രിതപദ്ധതിന്റെ ഫലങ്ങളാണ്. ആണ്ടുതോറും മുതലും പലിശയുമടയ്ക്കി കൊടുത്തു നാം മുടിയുന്നു. ഉല്പാദനത്തിന്റെ ലക്ഷ്യത്തിലെത്തുന്നില്ലെന്നു മാത്രമല്ല, വർഷംതോറും നഷ്ടം ഏറിവരികയും ചെയ്യുന്നു. 1969-70-ലെ കണക്കനുസരിച്ച് ഹിന്ദുസ്ഥാൻ സ്റ്റീലിന്റെ നഷ്ടം 10.9 കോടി രൂപയാണ്. ആകെ മുതൽമുക്കേ 1062.8 കോടി രൂപയും.

നമ്മുടെ ആസൂത്രണപ്രക്രിയയുടെയും സാമൂഹ്യവ്യവസ്ഥയുടെയും ഗുരുതരമായ അപര്യാപ്തതയും രോഗാവസ്ഥയും വ്യക്തമാകാൻ മറ്റെന്തുവേണം?

റഫറൻസുകൾ

1. ഇരുമ്പിന്യ: പി. എ. സോളമൻ; പ്രഭാതം പ്രസിദ്ധീകരണം.
2. Economic Times Annual, 1972
3. India, Pakistan China: by K. N Raj; Allied Publishers, 1967
4. China comes of Age by Jean-Pierre Bruk, penguins, 1971
5 India, 1971-72. A reference Annual publication Division.

—o—

പണ്ട്

കാലവർഷം പെയ്തൊടുങ്ങി. കർക്കടകം കരഞ്ഞടങ്ങി.

പ്രസന്നതയുടെ മന്ദഹാസവുമായി പ്രഭാതങ്ങൾ പുലർന്നു. ശംഖുപുഷ്പങ്ങൾപോലെ തെളിഞ്ഞ, നീലരാത്രികൾ വിടർന്നു. വൃക്ഷത്തലപ്പുകൾ തളിർത്തു. തിരുവാതിര ചിലമ്പണിഞ്ഞു. അത്തപ്പൂക്കളുണർന്നു. വെള്ളിൽപ്പൂവുകൾ ദൂതു പറഞ്ഞു. പൊന്നിൻചിങ്ങം തിരണ്ടു.

തലപ്പന്തുകളിൽ, ഊഞ്ഞാലാട്ടത്തിൽ, തുമ്പിതുള്ളലിൽ, ആഹ്ലാദത്തിന്റെ താളമേളക്കൊഴുപ്പിൽ. വെള്ളിമേഘരഥങ്ങളിലേറി, ഓണക്കാലം എഴുന്നള്ളിവന്നു.

പ്രകൃതി നിറപ്പകിട്ടുള്ള ഉടയാടകളണിഞ്ഞു. തെളിനീരൊഴുകുന്ന അരുവിയുടെ തീരത്തു നൃത്തം ചവിട്ടി. കാററ് ഓണപ്പാട്ടുകൾ പാടി ഓടിനടന്നു.

നോവൽ

കാക്കനാടൻ

ഉത്രാടത്തിന്റെ തലേന്നാൾ അതിക്രമപടിഞ്ഞാറു മുങ്ങുന്ന ഓണപ്പകലിന്റെ സൗന്ദര്യം കണ്ട്, വരാനിരിക്കുന്ന ഓണനിശയുടെ ആഗമനം പ്രതീക്ഷിച്ച്, കഴിഞ്ഞുപോയ ഓണക്കാലങ്ങളുടെ ഉന്മത്തസ്മരണകളിൽ മുഴുകി, രാജാരാജവർമ്മ എല്ലാം മറന്നിരിക്കെ, മകൾപിറന്ന മരുമകൾ മുൻപിൽ പ്രത്യക്ഷപ്പെട്ടു.

"ഇതു കണ്ടോ?" അവൾ കൈ നീട്ടിക്കാട്ടി.

രണ്ടു സ്വർണ്ണവളകൾ. തിളങ്ങുന്ന വളകൾ. കണ്ണഞ്ചിക്കുന്ന ശോഭയുള്ള സ്വർണ്ണവളകൾ അവളുടെ റോസ്നിറമുള്ള നീല ഞരമ്പുകളിഴയുന്ന, ചെമ്പരത്തിരോമങ്ങൾ പടരുന്ന കൈത്തണ്ടയെ തഴുകലിലിടുന്ന സ്വർണ്ണവളയങ്ങൾ അവൾക്കു നന്നായി യോജിക്കുന്നുവെന്നു രാജരാജവർമ്മ കണ്ടു. അവളുടെ കൈകളുടെ സൗന്ദര്യം വളകളുടെ ആവിർഭാവത്തെ വളരെയധികം വർദ്ധിച്ചിരിക്കുന്നുവെന്ന് യുക്തിരഹിതമായ അകാരണവുമായൊരു ഉൾക്കിടിലത്തോടെ അദ്ദേഹം അറിഞ്ഞു. ആ അറിവ് ഒരു വിഷസർപ്പമെന്നപോലെ അദ്ദേഹത്തിന്റെ ഉള്ളിൽ പത്തിവിടർത്തി, ഫണം കുത്താനൊരുങ്ങിനിന്നു. അദ്ദേഹത്തിന്റെ മനസ്സ് ആകെ ഇരുണ്ടു. ഉലഞ്ഞു. വിയർത്തു.

ഇതാരു തന്നു, എന്നു ചോദിക്കാൻ തുടങ്ങിയ അദ്ദേഹം ചപ്പെട്ടെന്നു തന്റെ നാവിനു കടിഞ്ഞാണിട്ടു. സ്വയം തിരുത്തിക്കൊണ്ട്, നിർവ്വികാരഭാവം നടിച്ച് അദ്ദേഹം അമന്ദഹസിച്ചു.

"ഇതെപ്പോ വാങ്ങി?"

"വാങ്ങിയതല്ല. ഒരാൾ തന്നതാണ്. ഒരു ഓണസമ്മാനം."

രാജരാജവർമ്മ പ്രകടമായി വിയർത്തു. അദ്ദേഹത്തിന്റെ നെററിയിൽ പൊടിഞ്ഞ വേപ്പ് തെളിഞ്ഞു ചാലുകളായി, നെററിയുടെ ഇരുവശങ്ങളിലൂടെയും കവിളുകളിലേക്ക് ഒലിച്ചിറങ്ങി. നെത്തിലെ രോമങ്ങൾക്കിടയിൽ വിയർപ്പു തുമ്പി. കൈകാലുകളിൽ വേർപ്പുതുള്ളികൾ തുളുമ്പിനിന്നു. സമ്മാനമോ, ആരുടെ സമ്മാനം?

"സമ്മാനമോ?" അത്രയേ ഊക്കെ ചോദിച്ചുള്ളു.

"അതെ, അമ്മാവാ." പാർവതീഭായിയുടെ സൗമ്യമായ ശബ്ദം കാതിൽ.

ആരുടേതാണെന്നു പറഞ്ഞുതുലയ്ക്കുന്നതോ? ഈ വയസ്സാൻറെ മനസ്സിലെ ദുസ്സംശയങ്ങളുടെയും ആശങ്കകളുടെയും ഭാരം ഇറക്കിവയ്ക്കാൻ മരത്താണിക്കാട്ടുതോ?

തൻറെ സംശയത്തിന്റെ മരിക്കൽ കിട്ടിയ പ്രതിഫലം ജാള്യത ആയിരുന്നുവെന്ന് രാജരാജവർമ്മ ചെട്ടിയ്ക്കു ഒക്കെയും ആ ഓർമ്മ മുമ്പിൽ കണ്ടുന്ന അപകടത്തിൽനിന്നു തന്നെ രക്ഷപ്പെടുത്തുമെന്ന് ഇദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. അപ്പോൾ അപ്പോൾ മാത്രം വിണ്ടുകീറിയ മനസ്സാന്നിദ്ധ്യത്തെ പിടിച്ചടക്കിച്ചു് ഉള്ളിൽ ഒതുക്കിനിർത്തി, അദ്ദേഹം തിരക്കി.

"ആരുതന്ന സമ്മാനം?"

പാർവതീഭായി ചിരിച്ചു. ആ ചിരി ഒരു ശാന്തതയായി തന്നിലേക്കു തിരിഞ്ഞുകയറുന്നുവെന്നു രാജരാജവർമ്മയ്ക്കു തോന്നി. പാർവതീഭായി ചോദിച്ചു:

"അമ്മാവനെന്താ ഒരു വല്ലായ്മ?"

അവൾ കണ്ടുപിടിച്ചിരിക്കുന്നു. അവൾ ബുദ്ധിമതിയാണെന്നും അവളിൽനിന്നൊന്നും മറച്ചുവയ്ക്കാനാവില്ലെന്നും രാജരാജവർമ്മ ഭയപ്പെട്ടു. എന്നിട്ടും അദ്ദേഹം പറഞ്ഞു.

"ഏയ്, എനിക്കു വല്ലായ്മ ഒന്നുമില്ല. മനസ്സു നന്നായിട്ടു്", പാർവതിയുടെ ആകർഷകമായ കണ്ണുകളിലേക്കു തൻറെ വൃദ്ധനയനങ്ങൾക്കു കഴിവാളം ശക്തിയോടെ തറപ്പിച്ചുനോക്കിക്കൊണ്ടു് അദ്ദേഹം നേരത്തെ ചോദിച്ച കാര്യംതന്നെ ആവർത്തിച്ചു: "ആരാണു സമ്മാനം തന്നതു്?"

പാർവതിയുടെ മുഖത്തു നിഷ്കളങ്കമായ പ്രസന്നത മാഞ്ഞിരുന്നു. ഒരുതരം വിഷാദത്തിൻറെ കരിമ അവളിൽ പടർന്നു. അമ്മാവൻറെ ചോദ്യത്തിനു മറുപടി പറയാതെ, അവൾ തിരക്കി.

"അമ്മാവനെന്താ അസുഖം?"

"ഒന്നുമില്ല കുഞ്ഞേ." രാജരാജവർമ്മ കൃത്രിമമായി ചിരിച്ചുകൊണ്ടു പറഞ്ഞു. "പാർവതീഭായി പറഞ്ഞുവന്ന കാര്യം പറയൂ. വളരെ തന്നതാരാ?"

പാർവതീഭായി മറുപടി പറഞ്ഞു. "ഉറുമീസിൻറെ കാര്യമാണു തന്നതു്. ഭാരതത്തിനൊരു സമ്മാനമായിട്ടു്."

ഒരിടിവാൾമാതിരിയാണു് അവളുടെ വാക്കുകൾ രാജരാജവർമ്മയുടെ ബോധമണ്ഡലത്തിൽ ആഞ്ഞതു്. ഒരു കലുഷമായ ക്രാനിഷ്ടപ്പെടാത്ത രൂപങ്ങളും സംഭവങ്ങളും ആരോ അഴിച്ചുകുടഞ്ഞിട്ടമാതിരി തരിച്ച സ്മരണകളിൽ ചിതറിവീണു.

എന്തു പറയണമെന്നോ എന്തു ചെയ്യണമെന്നോ അദ്ദേഹത്തിനു രൂപമില്ലായിരുന്നു. ഇടിവെട്ടിവീണിട്ടും തൻ താഴെ വീഴാതിരിക്കുന്നതിൽ അദ്ദേഹത്തിനു് അത്ഭുതം തോന്നി.

"പാർവതീഭായി ആ സമ്മാനം വാങ്ങരുതായിരുന്നു." മരററാരു മരുമകളോടു പറയാൻ കിട്ടാഞ്ഞു്; കഴിയാഞ്ഞു്, രാജരാജവർമ്മ സ്നേഹമടക്കാൻ ശ്രമിച്ചുകൊണ്ടു്, ഇടറിയ ശബ്ദത്തിൽ പറഞ്ഞു.

"അവർ വളരെ നിർബ്ബന്ധിച്ചമ്മാവാ. ഞാനെത്ര വേണ്ടെന്നു പറഞ്ഞിട്ടും സമ്മതിക്കുന്നില്ല. ആ കുട്ടികൾതന്നെയാണു കയ്യിലിട്ടുതന്നതു്. സ്നേഹത്തിൻെറ മുമ്പിൽ തോല്ക്കാനല്ലേ കഴിയൂ?"

അവളുടെ വാക്കുകൾ രാജരാജവർമ്മയിൽ ഏശിയില്ല. ഒന്നും കേൾക്കാത്ത മട്ടിൽ, ഒന്നും കേൾക്കാനോ അറിയാനോ കഴിയാത്ത ഒരാളെപ്പോലെ, ഇടറിയ, ഉള്ളു് പൊള്ളയായ ശബ്ദത്തിൽ അദ്ദേഹം തൻെറ വാക്കുകൾ ആവർത്തിച്ചു.

"പാർവതീഭായി അതു വാങ്ങരുതായിരുന്നു."

പാർവതീഭായിയുടെ മുഖം കൂടുതൽ ഇരുളുന്നതും അവളുടെ കണ്ണുകളിലെ വിഷാദത്തിൻെറ ആഴം ഏറുന്നതും അവളുടെ ചുണ്ടുകൾ കിടുങ്ങുന്നതും അവളുടെ കണ്ണുകൾ നിറയുന്നതും രാജരാജവർമ്മ ശ്രദ്ധിച്ചു. ദേവീലതവൾ പറഞ്ഞു:

"ശരി, അമ്മാവാ, ഞാനിതു തിരിച്ചു കൊടുക്കാം. ഇപ്പോൾത്തന്നെ ഊരിവയ്ക്കാം. നാളെപ്പോവുമ്പോൾ തിരിച്ചുകൊടുക്കാം."

അവൾ വളയൂരാൻ മുതിർന്നപ്പോൾ രാജരാജവർമ്മ അവളെ വിലക്കി. "ഊരാൻ വരട്ടെ..." അദ്ദേഹം പറഞ്ഞു. പഴയ ദുസ്സംശയത്തിൻെറ പരാജയത്തിൽനിന്നുണ്ടായ ജാള്യത ഓർത്തപ്പോൾ തൻെറ മരുമകളെ ഇത്തരം നിസ്സാരകാര്യങ്ങൾക്കു സംശയിക്കുന്നതു തെററാണെന്ന ധാരണ അദ്ദേഹത്തിൽ ഉറച്ചു. അദ്ദേഹം തുടർന്നു: "പാർവതീഭായി, ഓരോ സമ്മാനവും

ഓരോ കടപ്പാടാണു്. കടപ്പാടുകൾ തലയിലേററുന്നതു ബുദ്ധിയല്ല. അതുകൊണ്ടാണാണു് സൂചിപ്പിച്ചതു്. പോവട്ടെ. അതു മറന്നുകളയൂ. നടന്നതു നടന്നു.

"എനിക്കു നിർബ്ബന്ധമില്ലമ്മാവാ വളയിടണമെന്നു്." പാർവതീഭായി പറഞ്ഞു. "എനിക്കു സ്വർണ്ണക്കൊതിയുമില്ല."

"അതു നമുക്കറിയാം." രാജരാജവർമ്മ പറഞ്ഞു. "പാർവതീഭായി പൊട്ടത്തരമല്ല." പാർവതീഭായി മടിച്ചുനില്ക്കുന്നതുകണ്ടു് അദ്ദേഹം തൻെറ നിർദ്ദേശം ആവർത്തിച്ചു: "പാർവതീഭായി പൊട്ടത്തരമല്ല."

പാർവതീഭായി തലകുനിച്ചു നടന്നു. പൊന്നുഴിഞ്ഞപ്പോൾ രാജരാജവർമ്മ എണീററു. രണ്ടാംമുണ്ടു തോളത്തു ശരിപ്പെടുത്തിയിട്ടു. അററത്തു വെള്ളികെട്ടിയ ചൂരലെടുത്തു പുറപ്പെട്ടു.

അദ്ദേഹം കോണിപ്പടിയിറങ്ങിയപ്പോൾ പാർവതീഭായി തിരക്കി: "അമ്മാവൻ എവിടെപ്പോകുന്നു?"

"ഏയ്, എവിടേയ്ക്കുമില്ല." രാജരാജവർമ്മ പറഞ്ഞു. "ആരതിനുവേണ്ടി നട

ക്കാൻ. അത്രേള്ളു. ലേശം ശുദ്ധവായു ശ്വസിക്കാം. എപ്പോഴും ഈ ഇരിപ്പല്ലേ?"

ശുദ്ധവായു ശ്വസിക്കുക എന്നതു തന്നെ സംബന്ധിച്ചേടത്തോളം ഏററവുമേറെ ആവശ്യമായൊരു സന്ദർഭമാണിതെന്ന് അദ്ദേഹത്തിന്നു് അറിയാമായിരുന്നു. തനിക്കു കാററുവേണം. തുളസിമണമുള്ള സന്ധ്യയുടെ കാററു്. തനിക്കു കളർമ്മ വേണം. സാന്ധ്യമാരുതന്റെ കളർമ്മ. തനിക്കു് ഏകാന്തത വേണം. പ്രകൃതിയുടെ നിശ്ശബ്ദസംഗീതം ശ്രവിക്കാനനുവദിക്കുന്ന സന്ധ്യയുടെ സുന്ദരമായ ഏകാന്തത. തന്റെ ഉള്ളിലെ പ്രക്ഷുബ്ധതയെ ഒതുക്കാൻ ഇവയൊക്കെ ആവശ്യമാണു്.

വെളിമ്പറമ്പിലിറങ്ങി, സന്ധ്യയുടെ പ്രശാന്തതയിലൂടെ ആററിറമ്പിലേക്കു നടക്കവേ, രാജരാജവർമ്മയ്ക്കു് എന്തെന്നില്ലാത്ത ആശ്വാസം അനുഭവപ്പെട്ടു. പാർവ്വതീഭായി തന്റെ മരുമകളാണു്. മായാദേവിയുടെ കുഞ്ഞുമകളാണു്. കലാദേവതയുടേയും മായാദേവിയുടേയും നാമം ധരിക്കുന്നവളാണു്. അവളെ സംശയിക്കേണ്ടതില്ല അവളെ സംശയിക്കാൻ പാടില്ല. അവൾ സുചരിതയാണു്; ആയിരിക്കും.

തന്റെ പാപങ്ങളാണു് തന്നെ ഇത്തരം സംശയങ്ങളുടെ പട്ടുകുഴിയിലേക്കു തള്ളിവിഴുത്തുന്നതെന്നു് തീവ്രമായ ദുഃഖത്തോടെ അദ്ദേഹം ധരിച്ചു.

പുഴവക്കിലെത്തി, കളക്കടവിന്റെ മുകളററത്തു് സിമൻറിൽകെട്ടിയ അരമതിലിന്മേൽ അദ്ദേഹം ഇരുന്നു. ബാല്യംമുതല്ക്കേ തന്റെ കളിക്കൂട്ടുകാരിയായിരുന്ന പുഴ, വാർദ്ധക്യത്തിന്റെ ആക്രമണമേല്ക്കാതെ, ഇന്നും ഒരു യുവസുന്ദരിയെപ്പോലെ, കുണുങ്ങിക്കുണുങ്ങി ഒഴുകുന്നതുനോക്കി അദ്ദേഹം ഇരുന്നു.

നിത്യയൗവ്വനത്തിന്റെ ഉടമയായ അല്ലയോ സുന്ദരി, ഈ കിഴവനെ നീ മറന്നോ? ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും മദ്ധ്യവയസ്സിലും നിന്നെ നിത്യം സന്ദർശിക്കുകയും നിൻമേൽ വീണുകിടന്നു്, നിന്നെ ആലിംഗനംചെയ്തു്, നിന്നിലേക്കിറങ്ങി, നിന്നിൽ എന്നെത്തന്നെ മറച്ചുവച്ചു്, നിന്നിൽനിന്നും സുഖംനേടുകയും നിനക്കു സുഖം പകർന്നുനൽകുകയുംചെയ്ത നിന്റെ പഴയ കാമുകനാണു ഞാൻ. എന്നെ നീ മറന്നോ? ഇല്ല, നീ എന്നെ മറക്കില്ലെന്നനിക്കറിയാം,

രാജരാജവർമ്മയുടെ വാക്കുകൾകേട്ടു് അവളു മറുപടിപറയുന്നതിനിടയിൽ പുഴ ഒച്ചയുണ്ടാക്കി.

ആങ്ങ്, അങ്ങനെ വാ. അങ്ങനെ വാ. നീ എന്നെ മറന്നിട്ടില്ല. ഇവിടെ എനിക്കു് ആശ്വാസം കിട്ടുന്നു. ഇവിടെ എനിക്കു കൂട്ടിനു നീയുണ്ടു്. തുണയ്ക്കു് കാവിലെ അമ്മയുണ്ടു്. എനിക്കിവിടെ എന്തു പേടിക്കാൻ? എനിക്കിപ്പോൾ ദുഃഖങ്ങളില്ല, ഭയങ്ങളില്ല.

പക്ഷേ, പക്ഷേ,

താൻ പുഴയോടു പറയുന്നതു ശരിയല്ലെന്നു് അദ്ദേഹത്തിനു തോന്നി. തനിക്കു ഭയങ്ങളില്ലേ? ദുഃഖങ്ങളില്ലേ? തന്റെ ഭയങ്ങൾക്കും ദുഃഖങ്ങൾക്കും നിദാനമായുള്ളതു് തന്റെ ഒടുങ്ങാത്ത സംശയങ്ങളല്ലേ?

പാർവ്വതിയുടെ കൈയിലെ വളകൾ അദ്ദേഹത്തിനു മറക്കാൻകഴിഞ്ഞില്ല, ആ വളകൾ അദ്ദേഹത്തെ ഒന്നിപ്പിച്ചതു് മററാരുടെയും മററാരു ജോടി വളകളുമാണു്;

ആ കൈകൊണ്ടു് തന്നെ കെട്ടിവരിഞ്ഞു്, ആ വളകൾ കിലുക്കിക്കൊണ്ടു്, അവൾ ഒരിക്കൽ പറഞ്ഞു.

"ഈ വളകൾതന്നെയല്ലേ എന്നെ പാട്ടിലാക്കിയതു്?കള്ളൻ!"

ലഹരി പിടിപ്പിക്കുന്ന ആ ശബ്ദം ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു. അവളുടെ അപൂർവ്വസൗഭാഗ്യം ഇപ്പോഴും സ്വാണ്ണ്ണ ലഹരിപിടിപ്പിക്കുന്നു.

അവളുടെ വീട്ടിൽ, അവളുടെ കിടപ്പറയിൽ, അവളുടെ കിടക്കയിൽ, തന്റെ നഗ്നതയിന്മേൽ വീണുകിടന്നു്, അവളുടെ നഗ്നയൗവ്വനത്തിന്റെ മുഴുവൻ ലഹരിയും തനിക്കു പകർന്നുനല്കിക്കൊണ്ടു്അവൾ ചോദിച്ചതു്. അപ്പോൾ ലോകം, സ്വർല്ലോകമായിരുന്നു അവളുടെ വീടു്. സ്വർഗ്ഗമായിരുന്നു. അവളുടെ മുറി സ്വർഗ്ഗമായിരുന്നു. അവളുടെ കിടക്ക സ്വർഗ്ഗമായിരുന്നു. അവളുടെ ചുണ്ടുകളുടെ മാധുര്യവും അവളുടെ ഗന്ധത്തിന്റെ ലഹരിയും അവളുടെ വികാരത്തിന്റെ മാസ്മരശക്തിയും സ്വർഗ്ഗീയമായിരുന്നു, അവൾ വികാരമയിരുന്നു, അവൾ സ്ത്രീ ആയിരുന്നു.

അവൾ ഭ്രാന്തായിരുന്നു. അതായിരുന്നു രാജമ്മ.

പാർവ്വതീഭായിയുടെ വളകൾ.....

രാജമ്മയോടൊപ്പം പാർവ്വതീഭായി ഓർമ്മയിൽ കയറിവരുന്നതു തടയാൻ രാജരാജവർമ്മ ബദ്ധപ്പെട്ടു ശ്രമിച്ചു.

"എന്റെ അമ്മയും കെട്ടിയവനും ചോദിച്ചു, വള എവിടുന്നു കിട്ടിന്നു്. ഞാനിവിടുന്നു പറഞ്ഞപോലെ പറഞ്ഞു, കൂട്ടീമ്മ സമ്മാനംതന്നതാണെന്നു്." രാജമ്മയുടെ വാക്കുകൾ. അന്നു് വാക്കുകളുടെ അർത്ഥത്തെക്കാൾ പ്രധാനം അവളുടെ ശബ്ദത്തിന്റെ ലഹരി ആയിരുന്നു. അവളെ ആവേശത്തോടെ കെട്ടിപ്പുണർന്നു. അവളുടെ നഗ്നതയെ ആകെപ്പുണർന്നു. അവളെ ചുംബനങ്ങളാൽ ശ്വാസംമുട്ടിച്ചുകൊണ്ടു പറഞ്ഞു: "അതെക്കെ പിന്നെപ്പറയാം."

"കട്ടോളുടമ്മ" തന്ന സമ്മാനമാണെന്നു പറയാൻ ആരെങ്കിലും പാർവ്വതീഭായിയെ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന ചോദ്യം ഒരു കുത്തമ്പായ രാജരാജവർമ്മയുടെ ഉള്ളിൽ തറച്ചപ്പോൾ, പ്രണിതനായി, രക്തമൊലിപ്പിക്കുന്ന ചിന്തകളുമായി, അദ്ദേഹം നിശ്ചലനായി ഇരുന്നു.

വളരെനേരം കഴിഞ്ഞു് പുഴവക്കത്തു നിന്നു് അദ്ദേഹം എണിററു ദേവീവിഗ്രഹത്തിനു ചുവട്ടിൽ, കൽത്തറയിൽ, കമിഴ്ന്നുകിടന്നു് അദ്ദേഹം പ്രാർത്ഥിച്ചു.

"പരാശക്തി, ഈശ്വരി, അങ്ങനെ ഒന്നും വരുത്തരുതേ. ഈ പാവപ്പെട്ട കിഴവനെ ശിക്ഷിക്കരുതേ, ജഗദംബേ!"

ജഗദംബയിലുള്ള വിശ്വാസത്തോടെ, ഒരുപകടവും ഉണ്ടാവില്ലെന്ന നിർദ്ദുക്തികമായ ഉറപ്പോടെ അദ്ദേഹം കൊട്ടാരത്തിലേക്കു നടന്നു. പക്ഷേ, പാർവ്വതീഭായിയുടെ വളകളിലേക്കു നോക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അവ കണ്ടപ്പോഴൊക്കെ അദ്ദേഹം മുഖം തിരിച്ചുകളഞ്ഞു.

സുഭദ്രയ്ക്കു ധാരാളം കല്യാണ ആലോചനകൾ നടക്കുന്ന കാലമായിരുന്നു. സുഭദ്രയുടെ കല്യാണക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാട്ടാൻ അദ്ദേഹത്തിനു കൂടുതൽ പ്രചോദനം നല്കിയതു പാർവ്വതീഭായിയുടെ വളകളാണു്. സുഭദ്രയുടെ കല്യാണം ആവുന്നത്ര വേഗം നടത്തണമെന്നും അതു കഴിഞ്ഞാലുടനെ ഏതു കഷ്ടനഷ്ടങ്ങൾ സഹിച്ചും പാർവ്വതീഭായിയുടെ കല്യാണം നടത്തണമെന്നും അദ്ദേഹം തീരുമാനിച്ചു.

ഒരു ഞെട്ടലുടനെ തുടർന്നുവന്ന ആഴ്ചകളിൽ ആലോചനകൾ തീരുമാനമായി നടന്നു. പണിക്കരുടെ വിശ്രമം എന്നൊന്നില്ലാതായി. അയാൾക്കു രാജരാജവർമ്മയോടു സംസാരിക്കാൻ നേരമില്ല. ചതുരംഗം വയ്ക്കാൻ നേരമില്ല. വീട്ടുകാര്യങ്ങളന്വേഷിക്കാൻ നേരമില്ല. ഉണ്ണാനും ഉടുക്കാനും കളിക്കാനും നനയ്ക്കാനും ഒരുപോളകണ്ണടയ്ക്കാനും നേരമില്ല. ഒന്നിനും തമ്പുരാൻ സമ്മതിക്കില്ല. കണ്ടാലുടനെ തമ്പുരാൻ ചോദിക്കും.

"എന്തായെടാ പണിക്കരേ?"

പണിക്കരുടെ കഷ്ടപ്പാടു രാജരാജവർമ്മ ശരിക്കും മനസ്സിലാക്കിയിരുന്നു. പാവം! കണ്ടമനം ബദ്ധപ്പെട്ടുണ്ടു്. പക്ഷേ, എന്തു ചെയ്യും? കാര്യങ്ങൾ നടന്നേ പററൂ. അതിനു കഴിവുള്ള ഒരൊററ ആൾ പണിക്കരാണു്. അയാൾ മാത്രം നടന്നേ പററൂ. സംഗതികൾ കൈക്കൊള്ളട്ടെ. എന്നിട്ടു് അയാൾക്കു കാര്യമായ എന്തെങ്കിലും പ്രതിഫലം നല്കണം.

(ശേഷം 54-ൽ)

അടുത്തലക്കത്തിൽ

കാക്കനാടന്റെ

നോവൽ

അടിയറവു്

രണ്ടാംതലമുറ

ആരംഭിക്കുന്നു.

1099 കേരളത്തിൽ പ്രകൃതിക്ഷോഭത്തിന്റേയും വിപത്തുകളുടേയും കാലഘട്ടമായിരുന്നല്ലോ. ജനഹിതൈകതാനനായിരുന്ന ശ്രീമൂലംതിരുനാൾ രാമവർമ്മ മഹാരാജാവിനെ മൃത്യുദേവത അപഹരിച്ചു. മകരം മൂന്നാം തീയതി സംഭവിച്ച മറ്റൊരത്യാഹിതമാണ്, കേരളത്തെ തകർക്കെ നടുക്കിയതു്. മലയാളപദ്യസാഹിത്യത്തിൽ ഭാവനയുടെ ഉജ്ജ്വലപതാക ഉയർത്തുകയും കാല്പനിക പ്രസ്ഥാനത്തിന്റെ കനകച്ചെങ്കോൽ ഏന്തുകയും ചെയ്ത മഹാകവി കുമാരനാശാൻ പല്ലനയാറ്റിലെ റഡീമർ ബോട്ടപകടത്തിൽ അകാലചരമം അടഞ്ഞു. അമ്പതു കടന്നിരുന്നേയുള്ളു, ആ പ്രതിഭാശാലി "കരുണ" പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നില്ല അനുഭവങ്ങൾക്കു ലയസുഭഗമായ ഭാഷാരൂപം കൊടുക്കാനുള്ള ശക്തിയുടെ അത്യുന്നതശൃംഗത്തിലേയ്ക്കു് അന്നും അക്ഷീണപദനായി ആശാൻ കേറ്റപ്പോവുകയായിരുന്നു, എന്നു് ആ വിശിഷ്ടകാവ്യം വിളംബരം ചെയ്യുന്നുണ്ടു്. സുഖദുഃഖങ്ങളുടെ ത്രസിൻതട്ടുകളിൽ ജീവിതഗതി മാററിമറിവിച്ചു് ക്രീഡിക്കുന്ന അദൃശ്യവിധിയുടെ ഒരു നിർഗ്ഗൂഢപ്രായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നിവസിക്കുന്നു. എനിക്കു ജീവിതത്തിൽ ആശ്ചര്യമെന്നുണ്ടു് അഭിവാദനം ചെയ്യാൻ ഭാഗ്യം ഉണ്ടായിട്ടില്ല. എങ്കിലും ആ അനുഗ്രഹീതപ്രതിഭാശാലിയുടെ കാമ്പുററ രസാർദ്രങ്ങളായ അനുഭാവ്യഫലങ്ങൾ ആസ്വദിക്കാനും അവയിലൂടെ ആ അതുല്യവ്യക്തിപ്രഭാവവൈശിഷ്ട്യം കണ്ടു വന്ദിക്കുവാനും കഴിഞ്ഞിട്ടുണ്ടു്. ചരമത്തിൽ അനുശോചിച്ചുകൊണ്ടു് അങ്ങാറുപദ്യം "ഭാഷാപോഷിണിക്കു്" —പരിക്ഷീണസ്വരൂപയായിട്ടാണെങ്കിലും പോഷിണി അന്നു നടക്കുന്നുണ്ടു്—അയച്ചു ആ കണ്ണുനീർത്തുള്ളികൾ വററിപ്പോയിരിക്കുന്നു. ആ പാട്ടുള്ള ഏടുകൾ കാണാനുമില്ല.

പരമ്പരാണികസങ്കേതിക പാരമ്പര്യത്തെ തഞ്ചിച്ചു് കാല്പനികമാർഗ്ഗത്തിലേയ്ക്കു് ആദ്യം കടന്ന മഹാകവിയാണു്, മലയാളത്തിന്റെ, ആശാൻ. വള്ളത്തോളിനെപ്പോലെ നീണ്ടകാലം പഴയ സരണിയിൽ അദ്ദേഹവും സഞ്ചരിച്ചിട്ടുണ്ടെന്നു് "വീണപൂവിന്റെ" ആവിർഭാവത്തിനു മുൻപുള്ള രചനകളുടെ ഉള്ളടക്കവും രീതിയും വ്യക്തമാക്കുന്നു. കേരളത്തിലെ സാഹിത്യാന്തരീക്ഷത്തിൽനിന്നു നലഞ്ചുകൊല്ലംപുറത്തുകടന്നതു്, ആംഗലകൃതികളുമായി സമ്പർക്കംനേടിയതു്, ധാർമ്മികവും സാമുദായികവും സാഹിത്യപരവുമായ മണ്ഡലങ്ങളിൽ ശക്തിമത്തായ അസ്വസ്ഥപുരോഗതിചലനം ആരംഭിക്കുകയും ശക്തിയർജ്ജിക്കയും ചെയ്തുകഴിഞ്ഞിരുന്ന വംഗദേശത്തു ഒന്നരണ്ടുകൊല്ലം പാർപ്പിച്ചു് പുതിയ പ്രാണവായു ശ്വസിപ്പിച്ചതു്, ടാഗോറിന്റേയും വിവേകാനന്ദന്റേയും പ്രഭാവം നിറഞ്ഞ അന്തരീക്ഷത്തിൽ ചരിക്കാനിടയായതു്—ഇങ്ങനെ പലരാണെന്നുതോന്നുന്നു, ആശാന്റെ സ്വാതന്ത്ര്യഭാവന കണ്ണുതുറക്കുന്നതു് സ്വച്ഛന്ദസരണി കണ്ടെത്താനും സഹായമായി ത്തീർന്നതു്. കാലം നടന്നുറച്ച ജീവിതവ്യവസ്ഥകളെ ഇളക്കിമറിക്കാൻ വിപ്ലവത്തിന്റെ ബീജം വീതരണവാൻ, ഭാവസംക്രമണം കൊണ്ടു് ജനതതിയെ സമുന്നതിപ്പിച്ചു കർമ്മോന്മുഖരാക്കാൻ ഉള്ള ഒരുപകരണമാക്കി അനുഗ്രഹീതലേഖകയെ ആ മനുഷ്യകഥാഗായകൻ, 1083 മുതൽ 1099-വരെയുള്ള ആ പതിനാറു സംവത്സരത്തിലെ ആശാന്റെ സാഹിത്യജീവിതം ക്രമവികസിതമായ ഒരപൂർവ്വാനുഭവചക്രവാളമാണു്, സഹൃദയന്റെ മുൻപിൽ തുറന്നതു്.

ഗാന്ധിജിയുടെ നേതൃത്വത്തിലാരംഭിച്ച ദേശീയസ്വാതന്ത്ര്യസമരമോ നിസ്സഹകരണപ്രസ്ഥാനമോ മഹാകവി ആശാനിൽ എന്തു പ്രതികരണമാണു ഉളവാക്കിയതെന്നു വ്യക്തമല്ല ജല്ലിയൻവാലാബാഗിലെ ദാരുണകരണമെ ഗാ ഇന്ത്യയ്ക്കു നടക്കി ആശാൻ ആദരിക്കുന്ന മഹാകവി രവീന്ദ്രനാഥടാഗോർ ബ്രിട്ടീഷ്ഗവർണ്മെന്റു നൽകിയിരുന്ന "സർ" സ്ഥാനം പരിത്യജിച്ചു് മററു പല മഹാപുരുഷന്മാരും ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചതു കേരളത്തിൽത്തന്നെ, മഹാകവി വള്ളത്തോൾ വെയിസിലെ രാജകുമാരൻ നീട്ടിയ പട്ടം വളരെ വിനീതനായി നിരസിച്ചു. "സ്വാതന്ത്ര്യം തരുന്നതുമതു—സ്വാതന്ത്ര്യം തരുന്ന ജീവിതം, പാരതന്ത്ര്യം മാനികൾക്കു മൃതിയേക്കാൾ ഭയാനകം" എന്നു വീരവിശ്വാസിക്കയും വിളിച്ചു പറയുകയും ചെയ്ത മഹാകവി ആശാൻ പ്രിൻസ് ഓഫ് വെയിസിന്റെ, ഇന്ത്യൻ ഭൂമിയിൽ ആംഗലസിംഹപ്രതികൃതിയിന്റെ, സമ്മാനം സ്വീകരിച്ചതെന്തുകൊണ്ടാണു്? ഒരുപക്ഷേ, "ഒരു പുലയക്കുട്ടിയുടെ" ആ ദൈന്യവും ചോദ്യവും മനുഷ്യസ്വാതന്ത്ര്യം ജാതിഭേദവും വർണ്ണാശ്രമധർമ്മവ്യവസ്ഥയുംകൊണ്ടു മഥിക്കപ്പെടുന്ന സാമുദായികാന്തരീക്ഷത്തിൽ എല്ലാററിനും മീതെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലിയിരുന്നിരിക്കാം.

"എന്തിന്നു ഭാരതധരേ, കരയുന്നു പാരതന്ത്ര്യം നിനക്കു വിധി
കല്പിതമാണു തായേ,
ചിന്തിക്ക ജാതിമദിതാ—
ന്ധരടിച്ചു തമ്മിൽ
അന്തപ്പെട്ടും സമയമെന്തിനയേ,
സ്വരാജ്യം" എന്ന ചോദ്യം സ്വാഭാവികമായിരുന്നിരിക്കാം. "വർണ്ണാശ്രമധർമ്മ"ങ്ങളെക്കുറിച്ചു ഗാന്ധിജിക്കും മററും ഉണ്ടായിരുന്ന അഭിപ്രായങ്ങൾ ചില തെററിദ്ധാരണകൾ പ്രചരിപ്പിക്കയും ചെയ്തിരുന്നെന്നു തോന്നുന്നു. മാനവീയ സ്വാതന്ത്ര്യസമത്വവാഞ്ഛ ആശാന്റെ ചിന്തയിൽ മുൻപിട്ടുനിന്നിരുന്നു.

ജി.

രാഷ്ട്രീയപാരതന്ത്ര്യം നീങ്ങിയാലേ ആ ആദർശം സാക്ഷാൽക്കരിക്കാനുള്ള ശ്രമങ്ങളും ഉദ്യമങ്ങളും സഫലങ്ങളാവുകയുള്ളു എന്നു കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ മഹാകവിക്കു ബോധ്യമായേനേ.

* * *

"മഴവില്ലു" കൈരളിയിൽ വന്നപ്പോൾ എന്റെ കവിതയിലെ വ്യക്തമായ മാററം "ഭാവഗീതി"യിലേയ്ക്കുള്ള പ്രവണത, കണ്ടിട്ടാണു പലരും അഭിനന്ദിച്ചതു് കവിഭാവനയുടെ പ്രകാശസ്ഫുലിംഗം ഉദ്ഗമിക്കാനും ലയമധുരമായ ഭാഷയിൽ ഭാവനാളമായി അതു പിടിക്കാനും ആവശ്യമായ ഒരു ഉരസലിനെ ആ മാതിരി ഗീതികളിൽ വസ്തുനിദാനമാകുന്നുള്ളു. വ്യക്ത്യനുഭവത്തിനു തജ്ജന്യമായ വികാരവിചാരസങ്കല്പങ്ങൾക്കും ജീവിതനിരീക്ഷണത്തിനും ആന്തരസംഗീതത്തിനും ആണു് അതിൽ പ്രാധാന്യം.

മഴക്കാലം. തുച്ഛിവപേരുത്തു്. ദിവസം ഓർമ്മയില്ല. ഞാൻ ശ്രീ: മണ്ണാളത്തെ വീട്ടിൽനിന്നു പുറത്തേയ്ക്കിറങ്ങുമ്പോൾ ശ്രീ: കുട്ടിക്കൃഷ്ണമാരാരെ കണ്ടുമുട്ടി. സന്തോഷം തോന്നി. അദ്ദേഹം ഒരു വയസ്സുകൊണ്ടു് എനിക്കു ജ്യേഷ്ഠനാണെന്നു പറയാം. പട്ടാമ്പിയിലെ സംസ്കൃതകോളേജിന്റെ ഉത്തമപരമ്പര്യം പുലർത്തുന്ന തലമുറകളിലെ മെന്യാദ്യശവ്യക്തി. വ്യാകരണവും അലങ്കാരവുമാണു്, സവിശേഷം പഠിച്ചിട്ടുള്ളതു്. മഹാപണ്ഡിതനായ ശങ്കുശർമ്മയ്ക്കു് അഭിമാനം തോന്നിയിട്ടുള്ള ബുദ്ധിമാനായ ശിഷ്യൻ. മഹാകവി വള്ളത്തോളിന്റെ കൂടെ, മുളകന്നത്തുകാവിലാണു്, അന്നു താമസിക്കുന്നതു്. എനിക്കു് സ്നേഹാദരങ്ങളുള്ള ഒരു വ്യക്തി.

സംസാരിച്ചുകൊണ്ടു നടക്കുന്നതിനിടയ്ക്കു്, ആ പണ്ഡിതസുഹൃത്തു പറഞ്ഞു: "മഴവില്ലിനു ചുവപ്പു നിറമല്ലല്ലോ." ഏഴു കുട്ടിക്കാണു് ഏഴു നിറങ്ങളുടെ സങ്കരമാണു്, മഴവില്ലിൽ എന്നാണിഞ്ഞുകൂടാത്തതു്! ഞാൻ അത്ഭുതപ്പെട്ടു.

(ശേഷം 49-ൽ)

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

അൽബർ കമ്യു[1] അത്യന്താധുനികസാഹിത്യകാരനല്ലെന്നാണ് ചിലരുടെ മതം. ഇംഗ്ളീഷിൽ അത്യന്താധുനികസാഹിത്യത്തെ ultra modern literature എന്നാണ് വിളിക്കുക. ആ അർത്ഥത്തിൽ കമ്യു അത്യന്താധുനികനല്ല. കാരണം അവർതന്നെ പറയുന്നു: "സത്യാന്വേഷണത്തിന്റെ സ്ഥാനത്തു് ഇന്ന് ആർജ്ജവമാണ് (sincerity) അംഗീകരിക്കപ്പെടുന്നതു് ഷീദ്,[2] മൻ,[3] കമ്യു, ഹെമിംഗ്‌വേ[4] എന്നിവരുടെ പഴയ നോവലുകൾക്കുള്ള സവിശേഷത ഈ സത്യാന്വേഷണരഹിതപരതമത്രേ." ഈ പ്രസ്താവത്തിൽനിന്നു നാം മനസ്സിലാക്കേണ്ടതു കലാസൃഷ്ടികൾ അസത്യത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും സമകാലികരായ സാഹിത്യകാരന്മാർക്ക് ഒരു വൈഷമ്യവുമില്ലെന്നാണ്. നാം കാണുന്നതൊക്കെ സത്യാത്മകങ്ങളാണെന്ന് എങ്ങനെ പറയാൻ സാധിക്കും? അതുകൊണ്ട് കലാകാരന്റെ ജോലി സത്യാന്വേഷണമാണെന്ന വാദം തികച്ചും അർത്ഥരഹിതമെന്ന് അവർ വാദിക്കുന്നു. ഈ ലോകത്തു് നാം കാണുന്നതെല്ലാം കള്ളം. ആ കള്ളങ്ങളിൽ ചിലതു് നമ്മെ വല്ലാതെ സ്പർശിക്കുന്നു; ചിലതു സ്പർശിക്കുന്നതേയില്ല. നമ്മെ സ്പർശിക്കുന്ന, അല്ലെങ്കിൽ ചലിപ്പിക്കുന്ന കള്ളങ്ങളെ ആർജ്ജവത്തോടെ ആവിഷ്കരിക്കുക എന്നതാണ് കലയുടെ കൃത്യം. ജീവിതാനുഭവങ്ങളെ സത്യം, അസത്യം എന്നു വിഭജിച്ചു കമ്യു പിന്നെങ്ങനെയാണ് അത്യന്താധുനികനാകുന്നതു്? ടൂൺഡറെയും[5] സൽവിയപ്ലാത്തിനെയും അത്യന്താധുനികർ എന്നു വിളിക്കുന്നതുകൊണ്ടു? കമ്യുവിനേയും അങ്ങനെ വിളിക്കുക സാദ്ധ്യമല്ല. ഈ വിചാരഗതി എത്രവേഗം മാറിപ്പോകുമെന്ന് ആലോചിക്കുന്നതു രസാവഹമായിരിക്കും. ഏതാനും ദിവസങ്ങൾകൊണ്ട് ഈ ടൂൺഡറും സിൽവിയപ്ളാത്തുമൊക്കെ പ്രതിലോമകാരികളാകും. അതിരിക്കട്ടെ. സത്യാന്വേഷണമല്ല അത്യന്താധുനികസാഹിത്യകാരന്മാരുടെ കൃത്യമെന്നു പറഞ്ഞല്ലോ. ആ വിശ്വാസമുള്ള ശ്രീ: എം. ചന്ദ്രശേഖരൻ "മാതൃഭൂമി"ആഴ്ചപ്പതിപ്പിൽ (ജനുവരി 21) എഴുതിയ "സൂര്യോദയം" എന്ന ചെറുകഥ വായിച്ചുനോക്കിയാലും. തന്റെ ഹൃദയത്തെ പിടിച്ചുലുക്കിയ ഒരു വികാരത്തെ ആലേഖനംചെയ്യാനാണ് അദ്ദേഹത്തിന്റെ ശ്രമം. ഏകാന്തത ജനിപ്പിക്കുന്ന ദുഃഖംതന്നെയാണ് ആ വികാരം. ലോകത്തിനു് അഭിമുഖീഭവിച്ചുനിൽക്കുന്ന മനുഷ്യൻ ഈ ലോകത്തിന്റെ അർത്ഥരാഹിത്യം കണ്ടു സംശയാകുലനാകുന്നു. ഇവിടെ ജനിക്കാൻ അയാൾ ആരോടും ആവശ്യപ്പെട്ടില്ല. അയാളുടെ സമ്മതംകൂടാതെ മരണം അയാളെ ഇവിടെനിന്നു കൊണ്ടുപോകുകയും ചെയ്യും. തനിക്കു യുക്തിയുണ്ട്, ഇച്ഛാശക്തിയുണ്ട് എന്നെല്ലാം അയാൾ വിചാരിക്കുന്ന പക്ഷേ, ഈ യുക്തികൊണ്ട്, ഇച്ഛാശക്തികൊണ്ട് പ്രപഞ്ചത്തെ അപഗ്രഥിക്കുമ്പോൾ അയാൾക്കു സത്യാവസ്ഥ മനസ്സിലാക്കാൻ കഴിയുന്നില്ല. താൻ ഒററയ്ക്കാണെന്ന് അയാൾക്കു തോന്നുന്നു. ഇങ്ങനെയുള്ള ഏകാന്തത ദുഃഖം ജനിപ്പിക്കുന്നു. ശ്രീ. ചന്ദ്രശേഖരൻ അസ്തിത്വവാദത്തോടു ബന്ധപ്പെട്ട ദുഃഖത്തെ തന്റെ ചെറുകഥയിലൂടെ ആവിഷ്കരിക്കുന്നു. അദ്ദേഹത്തിന്റെ വിചാരഗതി എത്രത്താളം ശരിയാണ് അല്ലെങ്കിൽ എത്രത്തോളം തെററാണ് എന്ന് എനിക്കു നോക്കേണ്ടതില്ല. കഥാകാരനെ മഥിച്ച ഉത്കടദുഃഖത്തിനു രൂപം നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടോ എന്നു മാത്രമേ ഇതെഴുതുന്നയാളിനു് പരിശോധിക്കേണ്ടതായിട്ടുള്ളു. അങ്ങനെ നോക്കുമ്പോൾ കഥാകാരൻ വിജയംപ്രാപിച്ചിരിക്കുന്നുവെന്ന് സംശയാകുലനാകാതെ പ്രഖ്യാപിക്കാം.

ആശയത്തെസ്സംബന്ധിച്ചിടത്തോളം, ലോകവീക്ഷണഗതിയെസ്സംബന്ധിച്ചിടത്തോളം ഇക്കഥ അത്യന്താധുനികമാണെന്നു പറയാനുമാകില്ല. രൂപശില്പത്തെ പരിഗണിക്കുമ്പോൾ ഇതിനു് ആ സവിശേഷത അവകാശപ്പെടാവുന്നതല്ല. കഥയിലെ സംഭവങ്ങൾക്കു വിച്ഛേദസ്വഭാവം വരുത്താൻ കഥാകാരൻ ശ്രമിക്കുന്നുണ്ടെങ്കിലും അദ്ദേഹം അറിഞ്ഞോ അറിയാതെയോ അന്യോന്യബന്ധം വന്നുപോയിട്ടുണ്ട്. ആ നിലയിൽ അദ്ദേഹത്തിന്റെ കഥ പ്രാചീനകഥകളുടെ ടെക്നിക്കിനോടു ബന്ധപ്പെട്ടുനില്ക്കുന്നു. ഇത്രയും എഴുതിയപ്പോഴാണ് പ്രതിപാദ്യവിഷയത്തിന്റെ ഒരംശം എന്റെ ശ്രദ്ധയിൽ വന്നുവീണതു്. അത്യന്താധുനികസാഹിത്യകാരൻ സന്മാർഗ്ഗനിരതനായി തന്റെ കൃതിയിൽ പ്രത്യക്ഷനാവുന്നില്ല; അയാൾ അസാന്മാർഗ്ഗികതയെയും ആദരിക്കുന്നില്ല. ഇംഗ്ളീഷിൽ a moral എന്നു പറയുന്ന നിസ്സംഗാവസ്ഥയാണ് സന്മാർഗ്ഗത്തെക്കുറിച്ചു് അയാൾക്കുള്ളതു്. അയാൾ മൂല്യങ്ങളെക്കുറിച്ചും വിചാരിക്കുന്നില്ല. ചന്ദ്രശേഖരന്റെ നില അതല്ല. ഏകാന്തതയുളവാക്കുന്ന ദുഃഖം അനുഭവിക്കുന്ന കഥാപാത്രം ചേച്ചിയോടുള്ള സ്നേഹത്തിനു് പ്രാധാന്യം കല്പിക്കുന്നു. അവരെ അമ്മയ്ക്കു തുല്യയായിട്ടാണ് അയാൾ കരുതുക. കഥ അവസാനിക്കുന്നതും സ്നേഹമെന്ന മൂല്യത്തെ വാഴ്ത്തിക്കൊണ്ടാണ്. കേൾക്കുക:—

"നാളത്തെ പ്രഭാതം ഒരുപക്ഷേ, എന്റെ രാത്രിയായി പരിണമിക്കുകയാണെങ്കിൽ, ഈ രാത്രി അവസാനിക്കാതെയാണെങ്കിൽ, നമുക്കു മദ്ധ്യേ നിത്യതയുടെ കറുപ്പു തിരശ്ശീല വീഴുകയാണെങ്കിൽ... എങ്കിൽ അവസാനമായി മണിച്ചേച്ചി ഒരുമ്മ. മുടിയിഴകൾ പകരത്തൊഴുകുന്ന മൂർദ്ധാവിൽ ഒരു ഉമ്മ. എന്റെ അസ്തിത്വം ഉരുകിച്ചേരുന്ന ഒരു ഉമ്മ."

കഫ്കയുടെ "A Country Doctor" എന്ന പ്രഖ്യാതമായ കഥയിലും മൂല്യങ്ങളെ വാഴ്ത്തുന്നുണ്ട്. രോഗിയെ കാണാൻ ഡോക്ടറെ പറഞ്ഞയച്ചയാൾ പരിചാരികയായ റോസിനെ ഉപദ്രവിക്കുമോയെന്ന് അദ്ദേഹം (ഡോക്ടർ) സംശയിക്കുന്നതായി ആ കഥയിൽ വർണ്ണിച്ചിട്ടുണ്ട്. ഡോക്ടർക്കു് റോസിനോടുള്ള സ്നേഹം വ്യക്തമാക്കി ആ മൂല്യത്തെ വാഴ്ത്തുകയാണ് കഫ്ക. കഫ്കയെ "പഴഞ്ചനാ"യി കരുതുന്ന അത്യന്താധുനികർ ചന്ദ്രശേഖരനെയും അങ്ങനെതന്നെ പരിഗണിക്കാൻ ഇടയുണ്ട്.

സലോമി മരിച്ചിട്ടില്ല

സ്നേഹിക്കുന്നവനെ വിവാഹം കഴിക്കാൻ സാധിക്കുന്നില്ല; വിവാഹംകഴിച്ചവനെ സ്നേഹിക്കാനും കഴിയുന്നില്ല എങ്കിലും ഭർത്താവെന്ന നിലയിൽ, കടപ്പാടുകളുടെ പേരിൽ, സമുദായത്തിന്റെ പേരിൽ ഭാര്യ ഭർത്താവിനെസ്നേഹിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് ആദ്യകാമുകനോടുള്ള യഥാർത്ഥമായ പ്രേമത്തിനു് കുറവു സംഭവിക്കുന്നുമില്ല. ശ്രീമതി എം. ഡി. രത്നമ്മ "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ എഴുതിയ "ഗ്രഹണം" എന്ന കഥ വായിക്കുക. ഒരു ഭാര്യയേയും അവളുടെ ഭർത്താവിനെയും അവളുടെ പൂർവകാമുകനെയും കാണാം. ഭർത്താവു മരിക്കാൻകിടക്കുന്ന സമയത്ത് കാമുകനെത്തിയ്ക്കുകയാണ്. അയാൾ മരിച്ചുകഴിയുമ്പോൾ ആ പൂർവകാമുകൻ അവിടെനിന്നു പോകുകയും ചെയ്യുന്ന രോഗിയായ ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ ഭാര്യയ്ക്കുണ്ടാകുന്ന ദുഃഖം, കാമുകന്റെ ദർശനത്തിൽ അവൾക്കുണ്ടാകുന്ന ചിത്തചാഞ്ചല്യം എന്നിവയെ ചട്ട

ലങ്ങളായ വാക്യങ്ങളിലൂടെ ചിത്രീകരിച്ചതിലാണ്" ഈ കഥയുടെ ഭംഗിയിരിക്കുന്നതു്". ഞാനെഴുതുന്നതു്" തികച്ചും സാഹിത്യനിരൂപണമോ സാഹിത്യവിമർശനമോ അല്ലെന്നു് മുൻപു് പറഞ്ഞിട്ടുണ്ടല്ലോ. സ്വകീയങ്ങളായ അനുഭവങ്ങൾ സാഹിത്യസിദ്ധാന്തങ്ങളോടു് കൂട്ടിയിണക്കുക, സാഹിത്യത്തോടു് ഒരു ബന്ധവുമില്ലാത്ത കാര്യങ്ങൾ പ്രതിപാദിക്കുക, വ്യക്തികളെക്കുറിച്ചു് എഴുതുക ഇവയൊക്കെയാണു് എന്റെ മർഗ്ഗം, നിരൂപണമോ വിമർശനമോ മാത്രമായാൽ ഗ്രന്ഥനിരൂപണം പോലെ ഈ ലേഖനങ്ങൾ വിരസങ്ങളാകും. ഇപ്പോൾ വൈരസ്യമില്ല, രസാത്മകതപമേയുള്ളു എന്ന നാട്യത്തിലല്ല ഇതു പറയുന്നതു്. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ചേഴ്സ്യാ, അറേബ്യ, സീലോൺ, മലേഷ്യ എന്നീ സ്ഥലങ്ങളിൽനിന്നും അജ്ഞാതസുഹൃത്തുക്കൾ അയയ്ക്കുന്ന കത്തുകൾ എന്നെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. വിരളമായി തെറിക്കത്തുകളും വരുന്നുണ്ടു്. ആയിരം പേരടങ്ങുന്ന ഒരു സമുദായത്തിൽ 999 പേരും നല്ലതു പറയുകയും ഒരാൾ ചീത്തപറയുകയും ചെയ്താൽ ആ ഏകനയെ മനുഷ്യനു് വിധിനിർണ്ണയത്തിനുള്ള മാനസികമായ പരിപാകം ഇല്ലെന്നു തീരുമാനിക്കാമല്ലോ. അതിനാൽ ആ ഒററ മനുഷ്യനെ അവഗണിക്കുന്നതിൽ തെററില്ല. അങ്ങനെ അയാളെ അവഗണിച്ചുകൊണ്ടു് വ്യക്തിപരമായ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. ശ്രീമതി എം. ഡി. രത്നമ്മയെ ഒരിക്കൽ ഞാൻ ഒരു പത്രാപ്പീസിൽവച്ചു കണ്ടു എന്റെ ലേഖനങ്ങൾ വായിക്കാറുണ്ടോ എന്നു ചോദിച്ചപ്പോൾ അവർ മറുപടി നല്കി. "കാരോത്തരക്കുറിച്ചു് എന്താണു് എഴുതിക്കിട്ടുന്നതെന്നു് മനസ്സിലാക്കാൻ വേണ്ടി മാത്രം വായിക്കാറുണ്ടു്." ലേഖനങ്ങളോടും അവയുടെ കർത്താവിനോടും ഉള്ള പ്രതിഷേധം ഇങ്ങനെ ശ്രീമതി പ്രകടിച്ചപ്പോൾ ഞാൻ മൗനമവലംബിച്ചു അപ്പോഴുണ്ടായ നീരസത്തിന്റെ പാടു് ഇംഗ്രഴുതുന്നയാളിന്റെ മനസ്സിൽനിന്നു് ഇതുവരെയും പോയിട്ടുമില്ല. എങ്കിലും ആ നീരസത്തെ മാറിനില്ക്കാൻ അനുശാസിച്ചിട്ടു് ഞാൻ പറഞ്ഞുകൊള്ളട്ടെ:—ശ്രീമതി എം. ഡി. രത്നമ്മയുടെ ഗ്രഹണം എന്ന ചെറുകഥ നല്ല ചെറുകഥയാണു്. ആരുമില്ലാത്ത വനത്തിൽ ഒററയ്ക്കു സഞ്ചരിക്കുമ്പോൾ മരം മുറിക്കുന്ന ശബ്ദം ലയാത്മകതയോടെ കാതിൽവന്നുവീണിട്ടുണ്ടോ? അതു് ഒരസുലഭമായ അനുഭവമായിരിക്കും. അതുപോലെ ഇക്കഥയിലെ യുവതിയുടെ തേങ്ങൽ എന്നെ അനുധാവനം ചെയ്യുന്നു.

അമ്മിണി ഭർത്താവിന്റെ വീട്ടിൽ വന്നപ്പോൾ ഒരു പൂച്ചെടിയും കൊണ്ടുണ്ടാകുത്രവന്നതു്. അതിനു് വളമിടാനും വെള്ളം കോരാനുമായി അവരുടെ ശ്രദ്ധ മുഴുവൻ. ഒരു ദിവസം അതു പൂത്തു. അങ്ങനെ പൂത്തുവിടർന്നു് സൗരഭ്യം പ്രസരിക്കുമ്പോൾ "രാത്രിയുടെ വിജനതയിൽ" ആരോ വന്നു് അതു പറിച്ചെടുത്തു. ആ അജ്ഞാതൻ അതു് ചവിട്ടിമെതിച്ചുപോലും. ശ്രീ. മുരളീധരൻ "മലയാളനാട്ടി"ലെഴുതിയ (ജനുവരി 21 "പുഷ്പവൃത്താന്തം" എന്ന കഥയുടെ സാരമാണിതു്. പ്രതീകങ്ങൾ വളരെ വ്യക്തം. അമ്മിണിയുടെ പൂച്ചെടി അവളുടെ ചാരിത്ര്യത്തെ തന്നെ. ആരോ അതു നശിപ്പിച്ചു. നിർമ്മലമായ ജലാശയത്തിന്റെ തീരത്തു് നാം ചെന്നുവെന്നു വിചാരിക്കുക. ആ കളത്തിന്റെ നൈർമ്മല്യവും ഭംഗിയും നാം നോക്കുമോ? അതോ നമ്മുടെ മുഖം അതിൽ പ്രതിഫലിക്കുന്നതു നോക്കുമോ? ബസ്സ്സ്റ്റാൻഡിൽ ബസ്സ് കാത്തുനില്ക്കുമ്പോൾ തൊട്ടടുത്തുള്ള സ്റ്റേഷനറിക്കടയിലെ കണ്ണാടിയിലെ

(ശേഷം 50-ൽ)

1. ഫ്രഞ്ച്സാഹിത്യകാരൻ (1913–1960.) 1957-ൽ നോബൽസമ്മാനം കിട്ടി.
2. ഫ്റഞ്ച്സാഹിത്യകാരൻ (1869–1951.) 1947-ൽ നോബൽസമ്മാനം.
3. ജർമ്മൻസാഹിത്യകാരൻ (1875–1955) 1929-ൽനോബൽസമ്മാനം.
4. അമേരിക്കൻ സാഹിത്യകാരൻ (1899–1961) 1954-ൽ നോബൽ സമ്മാനം.
5. ഡച്ച്സാഹിത്യകാരൻ.
6. അമേരിക്കൻകവയിത്രി. 1963-ൽ ആത്മഹത്യചെയ്തു.

അമ്പലത്തിലെ ഉഷപ്പായസം, നന്നായാലും മോശമായാലും വകതിരിച്ചറിയാവുന്ന ആൾ ഇല്ലാതായി.

കോരോന്ത്ര മുത്തകുറുപ്പാശാൻ മരിച്ചു.

ശാന്തിക്കാരു ചില്ലറക്കാരം. ഗോവിന്ദന്റേയും ഗണപതിയുടേയും ഇല്ലത്തെ ഉണ്ണികൾക്കും ഇട്ടികൾക്കും രാവിലെ കഞ്ഞിപ്പഴം തിന്നാം. അവർക്കു കല്ലുണ്ടം നുണയാം.

ഉഷപ്പായസത്തിന്റെ സ്വാദു ഒരു നാവിനേ അറിയാമായിരുന്നുള്ളു. അതു കോരോന്ത്ര മുത്ത കുറുപ്പാശാന്റെ നാവിനായിരുന്നു.



പഴയ കോന്നോത്തുപിള്ളയും മരിച്ചു. ഇപ്പോൾ കോന്നോത്തുപിള്ള കോന്നോത്തുവക കല്ലറയ്ക്കൽ തായ്‌വഴിയിലെ മുത്ത പുരുഷനാണു്; ശങ്കരപ്പിള്ള. കോന്നോത്തും കല്ലറയ്ക്കലും ചേർന്ന പൊതുകുടുംബത്തിലെ ഏററവും പ്രായമായ പുരുഷൻ ശങ്കരപ്പിള്ളയായിരുന്നു.

കോരോന്ത്ര മുത്തശ്ശാൻ അനന്തരവൻ അച്ചുപ്പക്കുറുപ്പും.

അമ്പലത്തിന്റെ ഭരണകർത്താക്കളുടെ സ്ഥാനികളിൽ പഴയ നലുമുറയിൽ പെട്ട ഒരാൾമാത്രം ശേഷിച്ചിട്ടുണ്ടു്.

ചീട്ടുകളിക്കമൾ!

★

കോന്നോത്തു ശാഖയ്ക്കല്ല ഇപ്പോൾ പ്രാധാന്യം. ഇപ്പോൾ പ്രാധാന്യം കല്ലറയ്ക്കൽ ശാഖയ്ക്കാണു്. കല്ലറയ്ക്കൽ ശാഖ അപ്രധാനമായിരുന്നപ്പോൾ കോന്നോത്തുശാഖപ്രാധാന്യമുള്ളതായിരുന്നു.

ത്രാസിന്റെ ഒരു തട്ടു താണു; അപ്പോൾ മുമ്പുതാണിരുന്ന തട്ടുപൊങ്ങി.

മുമ്പു കോന്നോത്തുപിള്ള കല്ലറയ്ക്കൽ ശാഖയ്ക്കു ചിലവിനു കൊടുക്കുന്നതു ഈ വിധമാണു്.

ഒരാണിനു ഒരു മാസം മൂന്നുപറനെല്ലു്.

ഒരു പെണ്ണിനു ഒരു മാസം രണ്ടു പറനെല്ലു്.

ഒരു കൊച്ചിനു ഒരു മാസം ഒരു പറനെല്ലു്.

ഓണംതുടങ്ങിയ ആണ്ടുവിശേഷത്തിനു രണ്ടാഴ്ചം ഇരുപതുപറനെല്ലു്.

കണക്കു കൃത്യം!

കല്ലറയ്ക്കൽ പെണ്ണുങ്ങളും കുഞ്ഞുങ്ങളും ചോറുതേടിയുണ്ടിട്ടില്ല എന്നുവച്ചാൽ ചോറു് നുള്ളിത്തിന്നിട്ടേയുള്ളു.

നോവൽ- രണ്ടാംഭാഗം

തകഴി

ശങ്കരപ്പിള്ള പൊതുകുടുംബത്തിലെ കടവും ധനവും തിട്ടപ്പെടുത്തി. കടമേറിക്കൊ മുതൽ ധനമല്ല.

★

"എന്തായിരുന്നുപിള്ളേ ഇന്നലത്തെ എഴുത്തുകൾ?"

കോരോന്ത്ര പുതിയ മുത്തശ്ശാൻ ചോദിച്ചു.

"മരുതാമ്പികസ്വാമിയുടെ കടം തീർത്തു."

"തീരോ തെററിയോ?"

"തല്ക്കാലം തെററി."

"ഏതാ വസ്തു."

"ഞാററു വാനാനൂറു്."

"എന്താ ഉദയം?"

"ഇരുനഴി നെല്ലു്."

"അതു ശകലം കൂടിപ്പോയില്ലേ? പിള്ളേ?"

"സ്വാമിയുടെ പലിശവച്ചു നോക്കിയാൽ ഒരു കൂട്ടരുമില്ല. നൂറുറുക്കുണ്ടായിരുന്നു പലിശ."

കോടാന്ത്ര അയ്യപ്പക്കുറുപ്പശാൻ കണക്കുകൂട്ടിനോക്കി. അതു ഉദയം. അതുയെന്നു ഇരുനാഴിനെല്ല് ഉദയമെന്നാൽ ഒരു പറനെല്ലിനു രണ്ടുനാഴി നെല്ല് ആണ്ടിനാൽ ആദായം എന്നർത്ഥം. രണ്ടുപലിശയെന്നാൽ നൂറുപറനെല്ലിനു 20 പറനെല്ല് പലിശ. മൂന്നുപലിശയെന്നാൽ മുപ്പതു പറ നെല്ല് പലിശ. വസ്തു ഒററിക്കൊള്ളത്തതു നന്നു്. എന്നു മാത്രമല്ല സ്വാമിയുടെ അളവുകാരൻ നൂറുപറനെല്ല് അങ്ങോട്ടുള്ളതെടുത്താൽ അതു നൂററിഇരുപതായിരിക്കും. ഇങ്ങോട്ടാണെങ്കിൽ എൺപതും.

"പക്ഷേലു് പിള്ളേ, ഒന്നുചോദിക്കട്ടെ. വസ്തു വിട്ടുകൊടുത്തോ?"

"കൊടുത്തു അല്ലേലു് ആശാനേ, അതു വിനയാ. നമ്മളു് കൃഷിചെയ്താലു് പാട്ടം കൊടുക്കണം. മൂന്നുപാട്ടമാ ചോദിച്ചതു്. കൃഷിപ്പിഴയായാലു് പാട്ടം കൊടുക്കാനൊക്കത്തില്ല. പിന്നെ, പാട്ടബാക്കി, അതിനു മുന്നുവച്ചു പലിശ. എന്നുന്നക്കൊണ്ടു് ആവതില്ലെന്നു ഞാൻ പറഞ്ഞൊഴിഞ്ഞു. "പിന്നെ, എനിക്കു ഈ പൊല്ലാപ്പൊന്നും കഴിയുകയില്ല."

കോടാന്ത്ര ആശാൻ ചോദിച്ചു:

"പിന്നെ അതു ആരു ഏററു?"

"പരുത്തിക്കാട്ടു മാപ്പിളയുണ്ടല്ലോ. ഔത. അവനും അന്തോണി—ആ ആററുകടവിൽ താമസിക്കുന്നവൻ, അവനും പിന്നെ ആരൊണ്ടോ പുല്ലാരുടെ ഏല്ലാൻ പോണെ നടക്കട്ടെ."

"പരുകാരൻ ഔതസ്സു സ്വാമി. ഞാററുവാ നാനൂറു് കൊടുക്കണമോ പിള്ളേ?"

"അതല്ലോ കഥ ആശാനേ. ഇവിടിരുന്ന ആ ഉളവുകാരനില്ലേ; തമിഴൻ. എന്തോന്നാ അയാടെ പേരു്?"

"നാഗംപിള്ള.

"ആ. അയാളു ഇവിടത്തെ ജോലികഴിഞ്ഞുപോയതു് മരക്കാമ്പിനം. സ്വാമിയും തമിഴൻ. അയാളും തമിഴൻ. രണ്ടുപേരും തമിഴപ്പേരി. സ്വാമിക്കു കൂടെയേററ സഹായം ആ തമിഴൻ ചെയ്തുകൊടുത്തു. ഇവിടെ അയാളോടു പരിചയപ്പെട്ട ആളു് ഔത ആയിരുന്നു. അങ്ങനെ അതു പററിയതെന്നാ തോന്നുന്നേ."

കോടാന്ത്രക്കുറുപ്പിനു് അതു വിശ്വസിക്കാൻ കഴിയുന്നില്ല.

"എങ്ങിനെ അവൻ നാനൂറുപററ വിത്തു നിലത്തിറക്കും?"

"വിത്തും നെല്ലും സ്വാമി കൊടുക്കുമായിരിക്കും. അവരു മാപ്പളമാരു പത്തുപേരുകൂടിയാ കൃഷി. നാലുപേരു് കഴക്കരാ പിന്നെ, മക്കളും മരുമക്കളുമായിട്ടു് അവരു കുറേപ്പേരുണ്ടു്. ഒപമ്പളമാരു വേറേം. മാപ്പിളക്കൂട്ടി മണിക്കൂട്ടി; കൂട്ടിട്ടിലേം ആശാനേ!"

★

കോന്നോത്തുപിള്ളയ്ക്കു പറയാനുണ്ടായിരുന്നതു മറെറാരു വാർത്തയാണു്. ഇപ്പോൾ ആധാരം എഴുതുന്നതു ഒരുവലിയ പാടാണു്. ആധാരത്തിൽ വസ്തുവിവരം ചേർക്കണമല്ലോ. എല്ലുകരയല്ലാം പഴയ പെരുവഴിതന്നെ, പഴയ രന്നംകെട്ടാറും കുളവും തരിക്കപ്പോയി. ഇനിമേലാണു് ഇപ്പോഴില്ല. ഞാററുവാ നാനൂറു വേലവിരുത്തിയായിരുന്നു. അതു് ഇപ്പോൾ പണ്ടാരപ്പാട്ടമായി. പിന്നെ അതിന്റെ പേരിപ്പോൾ സർവേ ഇരുനൂററിനാൽപ്പത്തിഒമ്പതിനു രണ്ടു നൂൽപ്പതു ഏക്കറെ എഴുപതുസെണ്ടു് എന്നാണു്."

"എന്നുവച്ചാലു്"?"

"ഒരു ഏക്കറെ എന്നാലു് പത്തു പറവിത്തുപാടു് എന്നു്."

"അപ്പം അതും കണ്ടെഴുത്തിന്റെ പരിഷ്കാരമാ."

കോന്നോത്തുപിള്ള വസ്തുവിവരം അറിയാൻവേണ്ടി മണ്ടപത്തും വാതിൽക്കൽപോയി. എല്ലാവരുടെയും പട്ടയം തയ്യാറായിക്കഴിഞ്ഞു. കരവും നിശ്ചയിച്ചു. ഇനി പട്ടയം കൂട്ടിയാൽ മതി, താമസിയാതെ എല്ലാവർക്കും പട്ടയം കിട്ടുമെന്നാണറിവു്.

മൂന്നോ നാലോ തലമുറയായി. പണ്ടിദേശത്തു നിന്നു ജനാർദ്ദനൻമുണ്ടും ബ്രഹ്മദേശ തോർത്തും പരുക്കൻകുടിമടവും കോട്ടാറ ഒന്നേമുക്കാൽ ഒരു താണുഅയ്യർ കുട്ടനാടിൽ എത്തിച്ചേർന്നു. അദ്ദേഹം മരുതാമ്പിലാണു പററിക്കൂടിയതു്. മരുതാമ്പു്അമ്പലത്തിൽ നമസ്കാരം ഊണുകിട്ടിയിരുന്നു. സ്വാമിക്കു ചിലവില്ല. ചരക്കു തിരുന്ന മുറയ്ക്കു പിന്നെയും സ്വാമി പാണ്ടിയിൽ പോയി ചരക്കുകൊണ്ടുവന്നുമിരുന്നു. അങ്ങിനെ കച്ചവടം നടന്നപ്പോൾ, കടംകൊടുത്ത ചരക്കിന്റെ വില മേടമാസത്തിൽ വിളവെടുപ്പുകഴിഞ്ഞു പിരിഞ്ഞുകിട്ടി. എല്ലാ തറവാട്ടുകാരും താണുഅയ്യൻസ്വാമിയുടെ അടുത്തുനിന്നാണു ചരക്കെടുത്തിരുന്നതു്. നല്ല ചരക്കു്; സ്വാമി നല്ലവൻ. സ്വാമിയോടു വാദ പേശേണ്ടിവന്നിട്ടില്ല.

നാലായിരപ്പറ നെല്ല് സ്വാമി എന്തു ചെയ്യും? നെല്ലിനു് ആരുതന്നെ വില വച്ചിട്ടില്ല. നെല്ലിനു വിലയില്ല. എല്ലാവർക്കും നെല്ലുണ്ടു്. പണമണിയില്ലാത്തതു്. സ്വാമി അബദ്ധത്തിലായി. ഒരു തറവാട്ടുകാരുടെ പുറപ്പറമ്പിലുണ്ടായിരുന്ന നെല്ലുപുര അവർ സ്വാമിക്കു കൊടുത്തു. നെല്ല് സൂക്ഷിക്കാൻ.

മേപ്രാക്കൽപണിക്കർ കേട്ടതിനുററുകുറുപ്പിനോടു ചോദിച്ചു:

"സ്വാമി എന്തുചെയ്യും കേട്ടതിനുറ്റു മുപ്പിന്നേ! പാവം ചരക്കുകൊണ്ടുവന്നു; വിററു പണവും കൊണ്ടുപോകാമെന്നു വിചാരിച്ചു. ഒരു ഇപ്പം സ്വാമി ആപ്പിലായി."

കുറുപ്പിനു സ്വാമിയുടെ വിഷമസ്ഥിതി മനസ്സിലായിട്ടുണ്ടു്.

"പാവത്തിന്റെ കണ്ണിൽനിന്നു ചോരചാട്ടുകയാണു്. നെഞ്ചു തടവിക്കൊണ്ടു് എന്നോടും പറഞ്ഞുകരയുകയായിരുന്നു."

നാലായിരപ്പറ നെല്ല്! പാണ്ടിയിലേക്കു് എങ്ങിനെ കൊണ്ടുപോകും? ആണ്ടോടുകഴിഞ്ഞാൽ അരി കുത്തു നെല്ലു കൊള്ളുന്ന സമയമാകും.

പണിക്കർ പറഞ്ഞു:

"നാട്ടുകാരെല്ലാംകൂടി ആ ബ്രഹ്മണനെ ഒരു കണക്കിനു ചതിക്കുകയാ ചെയ്തതു്."

കുറുപ്പിനു് ഒരു യുക്തി തോന്നി.

"ബ്രഹ്മണന്റെ കണ്ണിനു വീണതിനാട്ടു കൂടിയും. അതുകൊണ്ടു സത്യം ബ്രഹ്മണൻ. നമുക്കാരു കുറ്റം ചെയ്യാം, നമ്മളു് കൃഷിക്കാലവേനപ്പം കോന്തകൾ ആശാന്റെവീട്ടിലല്ലോ കടംകൊള്ളുന്നതു്. നമുക്കു് ഇയാണു സ്വാമിയുടെ മനസ്സിലാക്കാം."

അപ്പോൾ ഒരു കാര്യമുണ്ടു്. ആശാന്റെ എടപെടൽ തീർത്തിട്ടുവേണം സ്വാമിയുടെ മനസ്സിലാക്കാൻ.

★

താണുഅയ്യരുടെ അറ തുറന്നു. ആശാന്റെ പക്കൽനിന്നും കടംകൊള്ളുന്ന നെല്ലിനു പത്തിനാന്നാണു പലിശ. ബ്രഹ്മണന്റെ മുതലായതുകൊണ്ടു പത്തിനു രണ്ടു പലിശ കൊടുക്കണം. സ്വാമിക്കു്. ബ്രഹ്മണന്റെ സന്തോഷം നാടിനു് ഐശ്വര്യമാണു്. കണ്ടും കണ്ടറിഞ്ഞു വിളയും.

അക്കൊല്ലത്തെ കൃഷി നാടുനീക്കമോശമായിരുന്നു. സ്വാമിയോടു കടം വാങ്ങിയ നെല്ല് മടക്കിക്കൊടുക്കാൻ കഴിഞ്ഞില്ല. വിളവെടുപ്പു കഴിഞ്ഞപ്പോൾ ആ കൃഷിക്കു കൊടുത്തിരുന്ന ആയിരപ്പറ നെല്ലു് ആയിരത്തിനൂറുപറ നെല്ലു മുതലായി മാറി. പിന്നത്തെ വിളവെടുപ്പിനു് ആയിരത്തി ഇരുനൂറും അതിനു രണ്ടുവച്ചു പലിശയുമായി മുതലായി തീരും. അങ്ങിനെ കണക്കു പുതുക്കി. കണക്കു പെരുകി. നെല്ലിനു വിലയും നിലവും പൊക്കവും വച്ചു.

താണുഅയ്യർക്കു് അക്കൊല്ലം മാത്രം ചരക്കുവില ബാക്കി അയ്യായിരപ്പറ നെല്ലായിരുന്നു.

★

സ്വാമി അമ്പാടിയും കുന്തകളേയും പാണ്ടിയിൽനിന്നു കൊണ്ടുവന്നു ആ കച്ചവടം നടക്കണമെങ്കിൽ സ്ഥലമുണ്ടു വേണ്ടുന്നുണ്ടു്. ഇനിയും ഇവിടുംവിട്ടു പോകാൻ വയ്യ. പാടില്ല.

• • •

തലമുറ രണ്ടുമൂന്നു കഴിഞ്ഞു. കുട്ടനാട്ടിലെ കൃഷിനടക്കുന്നതു സ്വാമിയുടെ നെല്ലുകൊണ്ടാണു്. ചെറുതും വലുതുമായ കൃഷിക്കാർ എല്ലാം സ്വാമിയുടെ നെല്ലുകൊണ്ടാണു കൃഷി നടത്തിയതു്.

നെല്ല് പെററുപെരുകും. അതു കണക്കുകൂട്ടി നോക്കിയതു മനസ്സിലാക്കൂ.

★

കരണ്ടെഴുത്തു കഴിഞ്ഞ മുറയ്ക്ക് ആദ്യ-നടന്ന ചിട്ടപ്പടിയുള്ള ആധാരം കോന്നോത്തു പിള്ള യുടെയാണ്.

★

ഗണപതി അയ്യൻസ്വാമി ഊരുചുററുകയാണ്.

പാണ്ടിയിൽനിന്ന് ഇതിനകം നാലഞ്ചു കുടുംബങ്ങൾകൂടി മരുതാമ്പിലെത്തി കഴിഞ്ഞു. കട്ടനാട്ടു നല്ല വളക്കൂറുള്ള മണ്ണാണ്.

വെങ്കിടാചലമയ്യൻ നാലായിരം പണവുംകൊണ്ടാണു വന്നത്. അതു് ആറായിരപ്പറ നെല്ലായിമാറി.

വെങ്കിടാചലമയ്യൻ സ്വാമി നെല്ലു വിലയ്ക്കു വാങ്ങുകയായിരുന്നു. നെല്ല് കൈനിട്ടംപണത്തിനു കിട്ടി. പണമെവിടെ ഇരിക്കുന്നു?

വെങ്കിടാചലമയ്യൻറെ മകനിപ്പോൾ അമ്പതിനായിരത്തിനു പൊലികടമുണ്ട്. അടുക്കള ശേഖരം ശേഷയ്യനും ആയിരപ്പറ നെല്ല് പൊലി കടം കൊടുത്തിട്ടുണ്ട്.

★

ഗണപതി അയ്യൻസ്വാമിയുടെ വള്ളം ചിരട്ടത്തറവാട്ടിൻറെ കടവിലടുത്തു. കൈമൾ അപ്പോൾ അവിടെയുണ്ട്. പുരുഷത്തിരിക്കുകയായിരുന്നു. പൊക്കം കുറഞ്ഞു തടിച്ച് ഒരു തരണിപോലെയിരുന്ന സ്വാമി. വലിയ രണ്ടു കണ്ണുകൾ. അവയ്ക്കു നല്ല പ്രകാശമായിരുന്നു. സ്വാമി പാളത്താറു പാച്ചിയിട്ടുണ്ട്. ഒരു ഓലക്കെട്ടു കൈയ്യിലുണ്ട്.

കൈമൾ ഓടി കടവിലെത്തി

"അയ്യോ! ഇതാരാണോ? സ്വാമി ഞങ്ങളെയൊക്കെ വീട്ടിലേക്കു വരുന്നതു് ഒരിക്കലുമുണ്ടാകാത്ത കാര്യമാണല്ലോ ഇതു്! വാല്യക്കാരെ ആരെയെങ്കിലും ഒരാളെ പറഞ്ഞയച്ചിരുന്നെങ്കിൽ ഞാനെങ്ങു വരുമായിരുന്നല്ലോ. അങ്ങനല്ലോ പതിവ്."

"ചിരട്ട, കേരാന്ത്ര, മററത്ത്, മംഗലശ്ശേരി എരിക്കലെ"— എല്ലാം ഒന്നു കാണാമെന്നുവിചാരിച്ചു. നിങ്ങൾ കൂടെക്കൂടെ എന്നെ വന്നു കാണുന്നു ഞാൻ നിങ്ങളേയും കാണണമല്ലോ? അതുമല്ലോ മര്യാദ."

പുരുഷത്തു വലിയ കൈകഴുകിപ്പുരകയിൽ വെള്ളയും കരിമ്പടവും വിരിച്ചു.

സ്വാമി ഇരിപ്പായി.

കൈമൾ ചോദിച്ചു.

"കരിക്കും പഴവും കൊണ്ടുവരട്ടോ?"

"വേണ്ട. വേണ്ട. ഇപ്പോൾ വേണ്ട."

സ്വാമി കുടുംബകാര്യങ്ങൾ അന്വേഷിച്ചു.

"ആകട്ടെ കൈമളെ അനന്തരവർ പിള്ളരെല്ലാം എങ്ങിനെ?"

കൈമൾക്കു മനസ്സിലായില്ല. സ്വാമി തുടരുന്നു.

"അവർ കൈമളുടെ വരുതിക്കേട്ട് ഈശ്വരവിശ്വാസവും സത്യവും നേരും ബ്രാഹ്മണരക്തിയും ഒക്കെ ഉള്ളവരായിരിക്കുന്നോ?"

"ഒരുമാതിരിയൊക്കെ വരുതിയിൽ കഴിയുന്നു" ഗണപതിഅയ്യരുടെ കണ്ണുകൾ ഒന്നുകൂടെ വികസിച്ചു. ഇപ്പോൾ അവ വെള്ളയ്ക്കുചോളമുണ്ട്. അവ ഒന്നമർന്നു.

"അതെന്തു കൈമളേ, ഒരുമാതിരി" എന്നു പറഞ്ഞതു്. ഇതു വലിയ സുകൃതമുള്ള തറവാടാണ്. ഇവിടെ എല്ലാവരും സത്യമുള്ളവരായിരുന്നു. അച്ഛനും മുത്തച്ഛനും പറഞ്ഞുകേട്ടിട്ടുണ്ട്. മരുമണി നെല്ല്'ന്നു പഞ്ചനയില്ല അപ്പോൾ എന്താണ് അനന്തരവർ ഒരുമാതിരി എന്നു കൈമൾ പറയുന്നതു്?"

തെല്ലൊരു ഉൾക്കണ്ഠ സ്വാമിക്കുള്ളതു പോലെ തോന്നി. കൈമൾ പറഞ്ഞു.

"എല്ലാവരും എൻറെ വരുതിയിലാണ്. ആരും അപ്പുറം പോയിട്ടില്ല. എൻറെ നേരെ ഇപ്പഴും ആരും നില്ക്കത്തില്ല. പക്ഷേ, സ്വാമി, കലിമുത്തു വരികയല്ലോ കലിമുത്തുവരുമ്പോൾ ഒന്നും തിട്ടമായിട്ടങ്ങു പറയാൻ വയ്യ അങ്ങനാണല്ലോ പ്രമാണവും.

★

ചിരട്ടയിലെ മുത്ത ഇളയറക്കാരൻ കിട്ടുണ്ണികൈമളാണ്. കിട്ടുണ്ണികൈമൾ മുത്തകൈമളുടെ അനന്തരവനാണ്. ഒട്ടേറെ പ്രായക്കുറവുണ്ട്. ആററുനേരെറു ഉണ്ടായ ആൺതരിയാണ്. കാണപ്പെട്ട കല്ലായകല്ലിലല്ലാം വഴിപാടു കഴിച്ചുണ്ടായതല്ലേ. കിട്ടുണ്ണികൈമളുടെ കിഴക്കെ എട്ട് ആൺതരികളുണ്ട്. ആ ഈശ്വരസേവ ഫലിച്ചു.

കിട്ടുണ്ണികൈമൾക്കു ആററിത്തറവീട്ടിലാണു സംബന്ധം. ആററിത്തറപെണ്ണുങ്ങൾ പരമ്പരയ്ക്കു മുട്ടുവരെ എത്തുന്ന പൂവേ ഉടുക്കുന്നവരാണ്. ചുറ്റിപ്പുവേയല്ല. വിരിയുള്ള ജഗന്നാഥൻപുടവ.

കഴിഞ്ഞ വിളവെടുപ്പിനു കളത്തിൽനിന്നും ഒരു വള്ളം പതിരുപിടിച്ച നെല്ലു രാത്രിയിൽ കിട്ടുണ്ണികൈമൾ ആററിത്തറയ്ക്കു കൊണ്ടുപോയത്രേ. മുത്തകൈമളോടു വിവരം പറഞ്ഞതു പുല്ലറേറു ഇട്ടിരാമിശ്ശ കൈമളാണ്. വള്ളം ഊന്നിക്കൊണ്ടു പോയതുകണ്ടതാണ്. കൊല്ലമെന്നായിട്ടും കണ്ടൻ കുററം ഏററില്ല. അങ്ങിനെ ഒന്നു ഒരു കുടുംബത്തിലും അന്നോളം നടന്നിട്ടില്ല.

കിട്ടുണ്ണികൈമൾ നേരെ പിന്നെ അമ്മാവൻറെ മുമ്പിൽ ചെന്നിട്ടില്ല. അയാൾക്കു ചോറു കൊടുത്തുപോകരുതെന്നു മുത്തകൈമൾ തറവാട്ടിൽ പെണ്ണുങ്ങളോടു വിലക്കി കല്പിച്ചു. കിട്ടുണ്ണികൈമൾ കേട്ടുകേൾവിയില്ലത്തെ അന്തക്കരണം കണിച്ചു.

അതു കൂടുതൽ അവരാണുമായി അവൻ തൊട്ടുതിന്നു, ആററിത്തറക്കാരെ തൊട്ട് ചിരട്ടത്തറവാട്ടിൽ ആണ പെണ്ണ് ഉണ്ടിട്ടില്ല. എന്നല്ല, വെള്ളം കുടിച്ചിട്ടില്ല. അതും അവൻ ചെയ്തു.

കിട്ടുണ്ണികൈമൾ വേണം മുത്തകൈമളുടെ അപരക്രിയ ചെയ്യാൻ. അവൻ സത്യത്തിൽ ഭ്രഷ്ടനാണ്. തൊട്ടുതിന്നു മുടിഞ്ഞവനാണ്.

മൂന്നാമത്തെ ആണ്ടിലെ കൈമൾക്കും അല്പസ്വല്പം ദോഷണമുണ്ട്. വെള്ളം തേങ്ങയും. അനന്തരവർ പിള്ളർ മോഷ്ടിച്ചു അച്ചിക്കു കൊടുത്തുതുടങ്ങി. കലിയുടെ സ്വഭാവമാണ്. കലി മുക്കുന്നു.

★

സ്വാമി ചോദിച്ചു:

"ധനുഷശാസ്ത്രാവിൻറെ കാര്യങ്ങൾ എല്ലാം എങ്ങിനെ കൈമളോ ഇപ്പോഴും മുടങ്ങാതെ പന്ത്രണ്ടു ബ്രാഹ്മണക്കും നമസ്കാരമുണ്ടോ?"

"ഉണ്ട്. വിരവങ്ങൾക്കും കുറവില്ല."

"മാസാമാസം വിശേഷാൽ ശാസ്ത്രാപ്രീതിയുണ്ടോ?"

"മുക്കോമതയുണ്ട് സ്വാമി! അതൊക്കെ കുറയ്ക്കുന്നതെങ്ങനെ? എത്ര ബ്രാഹ്മണർ വന്നാലും സദ്യ കൊടുക്കും, പായസമടക്കം."

സ്വാമി അംഗീകാരമായി തല ആട്ടി.

"അതാണു കൈമളേ നടിൻറെ ഐശ്വര്യത്തിനു കാരണം. ബ്രാഹ്മണൻറെ തൃപ്തി; സന്തോഷം."

തുടരുന്നു സ്വാമി പറഞ്ഞു

"കൈമളുടെ ചങ്ങാതികൾ പോയി. പക്ഷേ; ആ കോന്നോത്തെ ഇപ്പഴത്തെ മുത്തപിള്ള—അവൻറെ പേരെന്താണ്? ശങ്കരനെന്നല്ലേ? അവൻ സത്യവാനല്ലേ? നല്ലവൻ. മഠത്തിൽ വന്നു. എന്തു വരാനുണ്ടെന്നു ചോദിച്ചു. ഞാൻ കണക്കു നോക്കി മുതലു പറഞ്ഞു. ഒന്നും ചോദിച്ചില്ല. അവൻ രണ്ടു ദിവസം മണ്ണുചുമ്പും വരുതിയ്ക്കുൾ പോയി അലഞ്ഞുനടന്നു. മററി എഴുതി തന്നു. ഞാൻ അവനു ചോറു കൊടുത്തു. അവൻ സത്യവാൻ. അവൻ ദീർഘായുസ്സായിരിക്കും."

തുടരുന്നു സ്വാമി ചോദിച്ചു.

"കോടന്ത്ര, ഇപ്പഴത്തെ കുടുപ്പങ്ങിനെ? ഞാൻ കണ്ടിട്ടില്ല. അവൻ മഠത്തിൽ വന്നിട്ടില്ല: അഹങ്കാരിയാണോ?"

കൈമൾ ഒന്നും മിണ്ടിയില്ല.

സ്വാമി കാലക്കെട്ടഴിച്ചു നോക്കിയിട്ടു പറഞ്ഞു:

"നാലായിരം നെല്ലു മഠത്തിലേക്കു വരും. അവൻ അഹങ്കാരിയാണോ?"

★

സ്വാമി വന്നകാര്യം പറയാൻ തുടങ്ങി

"അനന്തരവർ എങ്ങനെ എന്നു ചോദിച്ചപ്പോൾ കൈമൾക്ക് ഒരു തക്കം. കോടാന്ത്രകെട്ടുകുടുപ്പ് എങ്ങിനെ എന്ന് ചോദിച്ചപ്പോൾ കൈമൾ മൗനം. കലി കാലം മുക്കുന്നു എന്നു കൈമൾ പറയുന്നു.

കടം കൈമളേ ധ്നമല്ല. മഠത്തിലേക്ക് ഈ ആറു കരകളിലായി നാല്പത്തിഏഴ് പുള്ളികളുണ്ട്. സത്യവാന്മാരായ ആളുകളുമായി മഠത്തിൽനിന്നു ഇടപാടു തുടങ്ങി. ഇപ്പോട്ടു നടക്കുന്നു. ഇപ്പോൾ വസ്തുവഹകൾക്കു പട്ടയമായി അനുഭവമായി വിസ്തീർണ്ണമായി. കടം കൊടുക്കാത്തതുകൊണ്ടു മുതുകിൽ കല്ലുകയറുകയില്ല. മഠത്തിലേക്കു വരാനുള്ളതിനു വസ്തു ഒററിയോ തിറോ ആകട്ടെ. കീഴക്കടപ്പിള്ളൂർ എങ്ങിനെയെന്നു നമുക്ക് അറിയാമോ? ബ്രാഹ്മണന്റെ മുതൽ രാജഭോഗംപോലെ ഇടക്കിക്കൊടുക്കുന്ന കാലമല്ല ഇനി വരുന്നതു്."

കൈമൾക്കും അതെല്ലാം ശരിയാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കിട്ടുണ്ണി കൈമൾ കടം മടക്കിക്കൊടുത്തതു വരില്ല. അവന്റെ അച്ഛിക്കു പാദം മുട്ടുന്ന പുടവ വേണം. പിന്നെങ്ങിനെ കടം മടക്കിക്കൊടുക്കും? അവനു് എന്തുണ്ടെങ്കിലും തികഞ്ഞുപററുകയില്ല.

അവൾക്ക് അവനെയുംകൂട്ടി അമ്പലപ്പുഴ ഉത്സവത്തിനു പോകണം.

ബ്രാഹ്മണന്റെ മുതൽ കൊടുക്കാതിരുന്നാൽ തറവാട്ടു മുടിയും.

കൈമൾ ചോദിച്ചു:

"ഇവിടെനിന്നും എന്തുവരാനുണ്ട്?"

"സാരമില്ല കൈമളേ! എണ്ണായിരം നെല്ല്. ആററിനക്കരെയുള്ള നൂറു ഒററിതന്നാൽമതി."

കൈമൾ സമ്മതിച്ചു. ഒന്നും ആലോചിക്കാനില്ലായിരുന്നു. കടം മുതലല്ല.

★

പറമ്പു ചുററിക്കറങ്ങിയപ്പോൾ തണ്ണവിളഞ്ഞ ഏത്തക്കലകൾ സ്വാമിയുടെ ദൃഷ്ടിയിൽ പെട്ടു.

സ്വാമി ചോദിച്ചു:

"ഇവിടെ ഏത്തക്കലയുണ്ടോ കൈമളേ!"

—o—

ജീവിതയാത്രാമദ്ധ്യേ

നേർവഴിതെററിക്കൊട്ടം—
ക്രൂരതകൾ കാന്താരത്തിലെത്തി
ഞാനുണർന്നല്ലോ!
പറയൻെറ കെല്ലിതല്ലാട്ടം!
ഭീകരം,ദ്രുതാവലി—
ജഡിലംവനം സ്മൃതി
ഭീതിയെപ്പുതുക്കുന്നു!
ഇത്ര നിഷ്ഠുരമാകാ—
മൃത്യുവും—എന്നാൽ കണ്ണിൽ
പെട്ട നന്മകളുദ്യം
വണ്ണിച്ചുകേൾപ്പിക്കാം ഞാൻ
എങ്ങനെയിങ്ങെത്തിഞാൻ
പറയാനാകാ, നിദ്രാ—
മഗ്നനായിരുന്നു ഞാൻ
വഴിതെററിയതെന്തോ!
തായ്മക്കന്നിൻ കാല്പൽ
വീഴുന്ന രംഗാതന്നിൽ
ഞാനറിയാതേ ചെന്നു:
മനസം ഭയമാർന്നു!
നരനു നേരാംവഴി കാട്ടിടും
ജ്യോതിസ്സിൻെറ
കിരണം തോളിൽചാർത്തും
ശൈലത്തെ ദർശിച്ചുഞാൻ!
ദീനനായ് ജീവിച്ചൊരാ—
മാവിലെന്നൾപ്പൊയ്കയിൽ
താവിനഭയം വല്ല—
വാറുമേശമമാർന്നു—
ചീറിട്ടും കൊട്ടുകാററിനുന്നു
തൻ കരപൂകും
നാവികൻ വീർപ്പിട്ടാക്ക—
മബ്ധിയെ നോക്കുംപോലെ,
നോക്കിഞാൻ പിന്നിട്ടൊരു
പാതയിൽ! അതുവഴി
പോയവർ മടങ്ങിയിട്ടില്ല—
താനുമിതോടെ!
തളരും തനുവിനു
വിശ്രമമേകി ക്കുന്നിൻ
ചരിവിൽ പിൻകാലൂന്നി
പിന്നെയും കയറിഞാൻ!
കുന്നിൻെറ കീഴ്ക്കാതുക്കിലു—
ണ്ടതാ കാണാകുന്നു
ചമ്പത്തിൽ വണ്ണപ്പുള്ളി
തങ്കിട്ടമിളംപുലി!
നേരമോ പുലർകാലം,
ആദിയിൽ ദിവ്യസ്നേഹ—
മേളുതാരകങ്ങളെ
സൃഷ്ടിച്ചു ചലിപ്പിച്ചോ,
ആ രമ്യതാരങ്ങളോടാ—
ഉദിക്കുന്നു സൂര്യൻ;
ഹാരിയ മുതുവലയി
നു മുഹൂർത്തങ്ങൾ
ചേരുണഴംമുഗം
ക്ഷുഭകാരിയെന്നോർത്തേൻ; പക്ഷേ
പേടിയാണല്ലോ പേർത്തുമതു
വന്നെന്നിർനിൽക്കെ!
ഒരു ഭീകര സിംഹ—
മുത്തുംഗശിരസ്സുമാ—
യരികിൽ ക്ഷുധാർത്തമായ—
ണയുന്നെന്നേ തോന്നി!
അന്തരീക്ഷവും ഭയാക്രാന്തമായ്,
മെലിഞ്ഞതൻ
മെയ്യിനാലേന്തും
സർവതുഷ്ണതൻ മാരമാർത്തോടെ,
നിശ്ശബ്ദനാകുന്നോർത്തുന്ന—
ക്കൊരുണർത്തിക്കവെ.
ദാണ്ടുമിയൽ വീഴും വേളകി
ലാരോ മുന്നിൽ
കാണുമററായി! ശബ്ദം
ഭീർഘമൗനത്താൽ താനും!
"നിഴലോ മനുഷ്യനോ!
താങ്കളാരാണെങ്കിലും
ദയകാട്ടുക" കണ്ടപാടേ
ഞാനപേക്ഷിച്ചേൻ—
ഉത്തരം ചൊന്നാരു "മർത്യനല്ല
ഞൻ 'മൻറുവാ'യിൽ
മർത്യനായ് മരുവിയേൻ
'പിതാക്കൾ' ലൊംബാർഡുകൾ
കുളദേവന്മാരുടെ
കാലത്തു "ജൂല്യസ്"സീസർ"
മന്നവാണിട്ടും നാളി
ലൊടുവിൽ പിറന്നേൻ ഞാൻ
നല്ലവ, "നഗസ്റ്റ"സ്സു
നാടു വാണിട്ടും കാലം—
തന്നിൽ ഞാൻ റോമിൽ
ജീവിച്ചിന്നതുമറിയുക
"ഇലിയം" ദഹിച്ച പിൻ—
പൊത്തിയെ "ട്രാങ്"വെ "പസ്"സ്സിൻ
മകനേനിയാ"സിനെ "യിനി
ഡി"ൽ പുകഴ്ത്തി ഞൻ
ആധിയെ, നന്നേ
മലകയറാതെ മടി? സർവ—
മേദത്തിനുരംഭ—
മണാധാരമാണി ഗ്ഗിരി"
"പദനിർത്ഥരിയാകും
വെർജിലോഭവം"നന്നു
പതറും ശബ്ദത്തോടെ
ലജ്ജിച്ചു ചോദിച്ചു ഞൻ
ഇതരകവികൾതൻ
ദീപമേ! മഹത്പ്രഭേ!
തുണയായ് നീരട്ടെ
യെന്നൗത്സുക്യമൊപ്പംതന്നു
തവകാവ്യങ്ങൾ പഠിച്ചി—
ട്ടുവാൻതകിയ
മധുരോദാര സ്നേഹ
ഭാവവും തുണയട്ടെ!
കീർത്തിനൽകിയ ശൈലി
നേടിഞാനങ്ങിൽനിന്നും
ദൈർക്കുകിൽ ദേവതനൻെറ
സ്പർശ്ടാവുമാചാര്യനും!

ദാന്തെയുടെ

വന്നയന്നിതെൻ മുന്നിലൊരു
പെൺചെന്നായപ്പോൾ
മന്നിതിൽ പലതെയും
ദുഃഖത്തിലാഴ്ത്തിക്കൊണ്ടോൾ
കണ്ടമാത്രയിലുണ്ടായ്
ഭീതിയുമസ്വാസ്ഥ്യവും!
എന്നിപ്പോശൈലാരേ ഹണാശ
താനില്ലാതെയായ്!
ചുതാടിജ്ജയിച്ചു ഞൻ
തോൽക്കുവാൻ തുടങ്ങുമ്പോൾ
വേദനിച്ചുള്ളംവെന്തു ചിന്തിച്ചു—
നിൽക്കുപോലെ,
നീന്നു ഞാൻ; പെൺചെന്നായെൻ
മുന്നിലേയ്ക്കുണ്ണഞ്ഞെക്കൻ

വ്ശ്രുതനംകംഗുനേ!
ജന്തുവേതിനെക്കണ്ടി
ട്ടിപ്പോൾ പിന്തിരിഞ്ഞു
ഞാനെന്നു നോക്കുകവേഗം!
ഇവളിൽനിന്നും രക്ഷനേ-
ടുവാൻ ഗുണമുക്ക
ഇവളുക്കണ്ടെൻ
നാഡിപലം വിറയ്ക്കുന്നു."
"ഇക്കൊടും കാട്ടിൽനിന്നു
രക്ഷനേടണമെങ്കിൽ
മറ്റൊരു മാർഗ്ഗം തേടു"
കേണിട്ടുമന്നോടോതി.
"ഏതു ജന്തുവെച്ചാല്ലി
ക്കേഴുന്ന നീ, യീ ജന്തു
പാതയിൽ തടഞ്ഞിട്ടു
മർശിക്കാതെ പിന്നെക്കൊല്ലും!
പാപവൃത്തയിജ്ജന്തു
ദുർദ്ദമ! അസംതൃപ്തി!
ആത്തിപൂണ്ടശിച്ചാലും
പിന്നെയും വിശപ്പുള്ളോൾ!
ഗുണചേതമിജ്ജന്തു
പല ജീവികളോടോ-
ത്തിതിനെ 'ഫിൽറ്റേറ്റ്'കൾ
തൻ മധ്യത്തിലുള്ളോൻ കൊല്ലും!
മണ്ണിലെ നികൃഷ്ടമാം
വസ്തുക്കൾ തീണ്ടില്ലവൻ
അൽപിലും അറിവിലും
ജീവിക്കും ഗുണപൂർണ്ണൻ!
"തർണസ്സും" "കാമില്ലാ"യും
"നൈസ"സ്സും "യുറ്റാലസ്സും"
ചെന്നിണമണിയിച്ച
നമ്മുടെ തായ്നാടിനെ
രക്ഷിക്കാനവനെത്തും
പായിക്കും "അസൂയ"യെ
എത്തിക്കും നരകത്തിൽ
തനതാം പൊത്തിൽ ചേർക്കും!
നിത്യമാം പ്രദേശത്തിൽ
എത്തിക്കാം നയിക്കാം ഞാൻ
സത്യമാ,ണാസ്ഥാന നി-
ലെത്തിയാൽ ഗുണമുണ്ടാം
അവിടെ നിരാശയിൽ
മുങ്ങിയ സ്വരംകേൾക്കാം...
അവിടെപ്പുരാതനാത്മാക്കൾതൻ
ദുഃഖംകാണാം...
മരിക്കൽക്കുചിച്ചാവാ-
നാഗ്രഹിക്കുന്നോരെയു

വിളിച്ചുകരയുന്ന ദിനമാം
നാദംകേൾക്കാം...
സംതൃപ്തിയോടെ തീയിൽ
നിൽപ്പോരെക്കാണാംപിന്നെ
മുക്തർതന്നടുത്തെത്താൻ
മോഹിച്ചുനിൽക്കുന്നോരെ!
ഏറുവാൻ മോഹിക്കുന്ന
നീയെങ്കിലന്നക്കാര്യ-
മർഹതയുള്ളോളെത്തു,
മേല്പിച്ചു മടങ്ങും ഞാൻ
തന്നുടെ നിയമങ്ങൾ
ക്കെതിരായ ജീവിച്ചാനെ-
യങ്ങുകാണുവാനിഷ്ട-
പ്പെടില്ല വിണ്ണോർനാഥൻ!
പാരെങ്ങും ഭരിക്കുവോ,
നാദിക്കും താനേതന്നെ
പാലനം ചെയ്തിടുന്നു,
ദേവന്റെ നഗരമു-
ണ്ടവിടെ, യത്യുന്നത
പീഠവു,മതിനായി-
ട്ടെവനെത്തിരയുന്നു,
ഭാഗ്യവാനത്രേയവൻ"
ചൊന്നുഞാനന്"നങ്ങോരാത്ത
ദൈവത്തിൻ പേരിൽനന്നെ
യിന്നുഞാനർത്ഥിക്കുന്നു
ദുരിതമിതുനീങ്ങാൻ
ചൊന്നാദിക്കെത്തിക്കുക!
പീഡനർതൻകവാടവും
കണ്ടിടാ, മവിടുന്നു
ദുഃഖിപ്പിക്കുന്നോരെയും"
അന്നേരം ഗുരുവരൻ
മുന്നോട്ടു നടക്കയായ്
എന്നുടെയാചാര്യന്റെ
പിറകേ നടന്നു ഞാൻ,

വിവർത്തനം:

രമാകാന്തൻ

---

* വിവർത്തനം ചെയ്തുകഴിഞ്ഞ "ഡിവൈൻ കോമഡി" നരകകാണ്ഡ (Inferno) ത്തിലെ പ്രഥമഖണ്ഡം.

മലയാളനാട്ട് വാരികയിൽ

വിജ്ഞേയവും പുതുമ പകരുന്നതുമായ പംക്തികൾ ഉടൻ ആരംഭിക്കുന്നു

ശ്രദ്ധേയരായ വിദ്യാർത്ഥിനേതാക്കൾ രങ്ങൾ പിന്നിട്ട പാതയിലേയ്ക്കു തിരിഞ്ഞുനോക്കുന്നു—ഞാനെങ്ങനെ നേതാവായി?—അവർക്ക് എന്തൊക്കെ പറയാനില്ല. അവരുടെ കഥകൾ രസാവഹമല്ലേ?

★

ബാലലോകം വീണ്ടും ആരംഭിക്കുന്നു

ഏറെ ചിത്രങ്ങളും കാർട്ടൂണുകളും വിലയേറിയ വിഭവങ്ങളും ഉൾപ്പെടുത്തുന്നു. കുട്ടികളും വലിയവരും എഴുതുന്നു.

★

രസാവഹമായ ഒരു സ്ഥിരം കാർട്ടൂൺപേജ്. എഴുതിത്തുടങ്ങുന്നവർക്കുവേണ്ടി പുതിയ പംക്തി.

★

ബാലസാഹിത്യശാഖയിൽ അമൂല്യമായ സംഭാവനകൾ ചെയ്ത മാലിയുടെ **"കെൽട്ടുകാരുടെ കഥകൾ"**

★

അത്ഭുതം ജനിപ്പിക്കുന്ന കൗതുകവാർത്തകൾ, ചിത്രങ്ങൾ സഹിതമുള്ള ലഘുവാർത്തകൾ. ഇനിയുമുണ്ട് ഏറെയേറെ.

ഫെബ്രുവരി രണ്ടാംവാരം മുതൽ വാരിക പുതിയ രൂപവും ഭാവവും നേടുന്നു

വി. പി. ശിവകുമാർ

ജീവശാസ്ത്രപരമായ ഒരു പാകപ്പിഴ

ഥിയമ്പുകൾ കൊണ്ടുപോകുന്ന ഒരു വണ്ടി എന്ന് സ്വയം വിളിക്കാറുള്ള പ്യൂൺ ഷൺമുഖന് ഇരുപത്തിയഞ്ചുവർഷത്തെ ജീവിതത്തിൽ നിറഞ്ഞുനിന്ന ദുഃഖം തന്റെ ശരീരത്തിന്റെ സംധാരണതയെപ്പററിയായിരുന്നു. ഒരു പേരേലുള്ള കൈകാലുകൾ ചുമലുകൾ നവദ്വാരങ്ങൾ ഇവ എല്ലാമനുഷ്യരിലുമുണ്ട് ആ സംധാരണവും ആകർഷകവുമായി ശരീരത്തിൽ ഒരു ഭംഗവുമില്ല. നെഞ്ചിൽ രോമം മുളയ്ക്കും എന്ന പ്രതീക്ഷയുമായി പതിനേഴുതൽ ഇരുപതുവരെ കടന്നുപോയി. അപ്പോഴേക്കും പി. എസ്. സിയുടെ ലിസ്റ്റ് വന്നിരുന്നു. അതിൽ ഷൺമുഖന്റെ പേരുണ്ടായിരുന്നു.

ആദ്യദിനങ്ങൾ ഓഫീസറുടെ ഓഡർ ലിയായി ജോലിനോക്കി. അവിടെ വ്യക്തിത്വം സ്ഥാപിക്കാൻ മാർഗ്ഗമില്ലാത്തതിനാൽ ഡെസ്പാച്ചുമേശയുടെയടുത്ത് ഒരു സ്റ്റൂളിൽ കൽ കയററിവച്ചിരുന്ന് മേൽവിലാസമെഴുതി കോട്ടയത്തിനുള്ള കത്ത് കൊല്ലത്തും തൃശ്ശൂരിനുള്ളത് തിരുവിലാമലയിലും എത്തിയപ്പോൾ ലോക്കൽഡെലിവറിയിലേയ്ക്ക് മാററംവാങ്ങി നടുനിളെ അലഞ്ഞുനടന്നു. ആയിരുന്ന് ഇരുസുപാലത്തിനു കീഴെനിന്നു കുറെ എഴുത്തുകളും പാലത്തിനു മുകളിൽ ശൂന്യതയെ നോക്കി പ്രതിഷേധത്തോടെ പിറുപിറുത്തു നിൽക്കുന്ന ഷൺമുഖനെയും ഒരു പോലീസുകാരൻ കണ്ടെത്തി, കേസ്സായി. പുറത്തെ ചലിക്കുന്ന പ്രപഞ്ചത്തിൽ നിന്നും വീണ്ടും കഫീസിന്റെ തോടിനുള്ളിലെത്തി. ആറുമാസത്തെ ഇംക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ഉത്തരവുവാങ്ങി ചീട്ടിമസിനുകളോടും പോക്കററിലിട്ടുകൊണ്ടും ഉടുത്തിരുന്ന മുണ്ട് കഞ്ഞുടുത്തുകൊണ്ടും ഈ വിധം ചിന്തിച്ചുതുടങ്ങി:

നദിയിൽക്കൂടി ഒഴുകിവരുന്ന മലംപോലെയാണ് ജീവിതം. വ്യക്തിത്വം സ്ഥാപിക്കുക എന്നാൽ അന്യനിലെ വ്യക്തിത്വം അടിച്ചേല്പിക്കുക എന്നർത്ഥം. ഞാൻ കോട്ടയം ഇട്ടുമ്പോഴേക്കും അന്യർ ഉറങ്ങിക്കഴിഞ്ഞിരിക്കും. ഞാൻ അഞ്ചുമണിക്ക് പുറത്തിറങ്ങി സഞ്ചിയെടുത്ത് ചെല്ലുമ്പോഴേക്കും റേഷൻകട അടച്ചിരിക്കും. ഞാൻ നോട്ടമിട്ടിരുന്ന രൂപൺകട്ടികളെ മുഴുവൻ ഞാൻ നോക്കിനിൽക്കെ ബീഡിയെബ്ബിയെ പസ്സായയർവന്ന് കൃഷ്ണനെപ്പോലെ വാഹനത്തിൽ കയററികൊണ്ടു പോകുന്നു. അതുകൊണ്ടുതന്നെ ഞാൻ പ്രതിഷേധിക്കുന്നു. നമുക്കു നിലനില്ക്കാൻ വേണ്ടി.

വിവിധചിന്തകൾ ഇങ്ങനെ നീണ്ടു. പ്രത്യുത്തരശാസ്ത്രങ്ങളിട്ട് അവൻ അമ്മാനമാടി. ലോകമാകെ അവന്റെ മനസ്സിൽ കൂടിക്കുഴഞ്ഞ റബ്ബർപാൽ കണക്കെ കടന്നുപോയി, ഈന്നേവരെയുണ്ടായിരുന്ന ആത്മീയമായ ആന്ധ്യം വിട്ടകന്നു. ആ നിർണ്ണായകനിമിഷത്തിൽ തണുത്ത കാററ് ചുററിനും വിശ്രമിക്കുന്നതായി അവന് അനുഭവപ്പെട്ടു. ചോരയാകെ മുഖത്തേയ്ക്കിരമ്പിക്കയറി. സുഖകരമായ തരിപ്പ് ഉള്ളംകൈ വിയർത്തു. കണ്ണുകളുടെ കാഴ്ച ഒരു നിമിഷത്തേയ്ക്ക് നിലച്ചു. — കൊട്ടംകാററിന്റെ ചൂളംവിളി അവൻ കേട്ടു. ചുട്ടുപഴുത്ത ഒരു ലോഹക്കഷണവുമായി കെട്ടിമറിഞ്ഞുകിടന്നുതുടങ്ങിയെന്ന് അവന് ആഗ്രഹം തോന്നി; ഒരു കമിതാവായി മാറുന്ന് പാറിനടക്കണം. പെട്ടെന്ന് അന്നേവരെ കണ്ടതെയിരുന്ന നാസികാഗ്രം ഷൺമുഖന്റെ കണ്ണുകൾ കണ്ടു. അതു് ഉദ്ധതമായിരുന്നു. കുറഞ്ഞതു് ആറുസെൻറിമീററെങ്കിലും നീളം കൂടിയിരിക്കണം ഒരു ചെറിയ തുമ്പിക്കൈ. നേർത്തജലം അതിലൂടെ സ്രവിച്ചുകൊണ്ടിരുന്നു: അല്ലെങ്കിലെന്തു വസ്തുനിഷ്ഠമായി ചിന്തിച്ചപ്പോൾ ലജ്ജാകാരി ഷൺമുഖൻ നിവർന്നുനിന്നു. കോളർ ശരിയായോ പിടിച്ചിട്ടു. കണ്ഠശുദ്ധി വരുത്തി, തന്റെ ജീവിതത്തിലേയ്ക്ക് അസാധാരണമായ ഭംഗിയും കൊത്തിയെടുത്തുകൊണ്ട് ഒരു കിളി വരുന്നതു് ഷൺമുഖന്റെ അകക്കണ്ണുകൾക്ക് കാണാറായി.

അപ്പോൾ സെക്ഷനിൽ ഇങ്ങനെ കേട്ടു:

പാട്ടുകച്ചേരിക്ക് മൃദംഗത്തിന്റെ കൂടെ കൊട്ടുന്നതല്ല...

കലമല്ല: വണ്ടം.

മൂക്കയത്തിക്കൊണ്ട് ഷൺമുഖൻ ഇരമ്പിക്കയറി. അല്ല. ഘടം നിങ്ങൾ പറഞ്ഞ തരത്തിന്റെ പേര് കമാൽഎന്നല്ല കമസ്യ എന്നാണ്. ദീപകപക്ഷിയുടെ ചുണ്ടിൽനിന്നാണ് സപ്തസ്വരങ്ങൾ ജനിച്ചതു്.

അന്ത്രയോസും കോമളവല്ലിയുമടക്കം പതിനൊന്നുപേർ ഷൺമുഖന്റെ ചുററിനും കൂടിനിന്ന് പിറുപിറുത്തു. അതിശ്ശി യശക്തിജ്ഞാനം മൂക്ക്. ലജ്ജകൊണ്ടവൻ മൂക്കപൊത്തി. നേർത്തവിരലുകൾക്കിടയിൽക്കൂടിയെന്നതു ദ്രവവസ്തു ഇററിറ്റുവീണ് അന്തരീക്ഷത്തെ ജ്ഞാനസ്നാനപ്പെടുത്തുന്നുണ്ടായിരുന്നു. അവർ അത്ഭുതത്തോടെ മൂക്കിന്റെ രഹസ്യം വെളിപ്പെടുത്താനാവാശ്യപ്പെട്ടു. പകരം ഇംക്രിമെന്റു തടഞ്ഞതു് ഗ്രൂപാർശചെയ്ത ശരിയാക്കാമെന്നു പറഞ്ഞു "ഒരു ഗുഡ്സർവീസ്" എൻഡി കൊടുപ്പിക്കാമെന്നു പറഞ്ഞു ഷൺമുഖൻ നിഷേധിച്ചു. പത്രപ്രതിനിധികൾ വന്നു; ആർത്തിയോടെ കൂടിനിന്നു മൂക്കിന്റെ രഹസ്യമെന്തു് എന്നു തമ്മിൽ തമ്മിൽ കണ്ണോടു കണ്ണു നോക്കി. ലക്ഷങ്ങൾ അവർ

വാഗ്ദാനം ചെയ്തു. ഉത്സവപ്പറമ്പുകളിൽ അത്ഭുതകരമായ മൂക്ക് എന്ന ഷെഡ്ഡുകെട്ടി പ്രകടനം നടത്താമോ എന്നു ചോദിച്ചു. ഇക്കാര്യം ഷൺമുഖൻ നിഷേധിച്ചു.

അടുത്തദിവസം വൈകിട്ടു മുനിസിപ്പൽപാർക്കിൽ അവൻ വന്നു. തന്റെ ജനനേന്ദ്രിയത്തേക്കാളും ശ്രദ്ധയോടെ മൂക്ക് അവൻ പൊതിഞ്ഞുകെട്ടിവച്ചിരുന്നു. ക്യാമറക്കാർ അശയറ്റുനിന്നു. മൂക്കു ചീററനായി തുണിയെടുത്തുമാററിയ സന്ദർഭം നോക്കി ഒരുവൻ ഒരു ക്ളോസ്സപ്പ് സമ്പാദിച്ചു. ഇതിനു ക്രുദ്ധനായ ഷൺമുഖൻ ചമട്ടുകൊണ്ടു നാസാദ്വാരങ്ങൾ എന്നേന്നുമായി അടച്ചുകെട്ടി. മേലിൽ മൂക്കിൽക്കൂടി ചീററിക്കളയേണ്ടുന്നതെല്ലാം വായിൽക്കൂടി തുപ്പിക്കളഞ്ഞാൽമതി എന്നു ക്രൂരമായ പകയോടെ തീരുമാനിച്ചു. ആഹാരം, പുകവലി, പ്രാണായാമം തെറിപറയുക ഇവയെല്ലാം കൂടി വായ്മാത്രം മതി എന്നും കണ്ടു.

ഈ ഭാഗ്യലബ്ധിയെപ്പററി നാട്ടാരറിഞ്ഞു. അനുമോദനയോഗത്തിനു നോട്ടീസിറങ്ങി, കൃതാവിനു തീപിടിച്ച ചികിത്സയിലാണെങ്കിലും അദ്ധ്യക്ഷനായിരിക്കാമെന്നു സിദ്ധവൈദ്യനായ മുൻ മുനിസിപ്പൽ ചെയർമാൻ സമ്മതിച്ചു.

കസവുമാല, ഉപക്രമം, കളഭം, ചെറുനാരങ്ങ, ഉപസംഹാരം എന്നിവ അനുഭവിച്ചുകൊണ്ടു ഷൺമുഖൻ വേദിയിലിരുന്നു. നന്ദിപ്രകടനത്തിൽ ഓവർസിയർ ശങ്കുണ്ണിക്കു ലോൺ സാങ്ഷനാക്കാനെഴുതിയ നോട്ടുകൾ ചേത്തുവച്ചാൽ തുക്കുന്നപ്പഴവരെ നീളംകാണും എന്നതുകൊണ്ടു് നോട്ടുകൾ, ഹാജർപുസ്തകം, സർവീസ് ബുക്ക് എന്നിവ നിത്തലാക്കണമെന്നു വാദിച്ചു. അത്രമാത്രം,

പ്രസിദ്ധിയിൽനിന്നു പണമുണ്ടാക്കണമെന്ന കുബുദ്ധി തൊട്ടുതീണ്ടാത്ത ഷൺമുഖൻ ഓഫീസിനു് ഒരലങ്കാരമായി സെക്ഷന്റെ പുളകമായി തലങ്ങും വിലങ്ങും ഫയലുകളുമായി നടന്നു.

ദിവസങ്ങൾ മാസങ്ങളിൽനിന്നു കീഴിഞ്ഞുപോയപ്പോൾ ഷൺമുഖന്റെ മൂക്ക് ശ്രദ്ധിക്കപ്പെടാതെയായി. സുപ്രണ്ടു് തുടങ്ങിയവർ കടന്നുപോകുമ്പോൾ വാത്സല്യത്തോടെ അതിലൊന്നു തട്ടി. ചിലർ ആ മൂക്കിൽ നോക്കിക്കൊണ്ടു പല്ലിളകത്തി. ചിലർ അതും ചെയ്തില്ല. അങ്ങിനെ ക്രമേണ ആ മൂക്ക് ഒററപ്പെട്ടു. ഒരു ഭാഗസന്തതിയെ അനുസ്മരിപ്പിച്ചുകൊണ്ടു് അതവിടെ തൂങ്ങിക്കിടന്നു.

ചില രഹസ്യരോഗങ്ങൾക്കു ചികിത്സിപ്പിക്കാനായി വച്ച്മാൻ അവധിയെടുത്തു. ഷൺമുഖൻ വച്ച്മാന്റെ ജോലി നോക്കിത്തുടങ്ങി. ഡിസംബർ മാസം. മഞ്ഞു് അദൃശ്യതയിൽക്കൂടി ഷൺമുഖനെ പ്രലോഭിപ്പിച്ചു. ക്രിസ്തുമസ്വിളക്കുകൾ ചുവന്ന കണ്ണുകളിറുക്കിക്കാട്ടി. ഫയലുകൾ തലയണയാക്കി മേശപ്പുറത്തു തുടകൾക്കിടയിൽ കൈ തിരുകി ഷൺമുഖൻ ഉറങ്ങി. ഉറക്കത്തിൽ ജീവിതത്തിലാദ്യമായി ഒരു പെണ്ണിനെ ഉടുതുണിയില്ലാതെ കണ്ടു. അവന്റെ ഞരമ്പുകളിൽ തീ കത്തിപ്പടർന്നു് "എന്റയ്യോ എന്റയ്യോ ആശാനേ ആശാനേ" എന്നു വിളിച്ചുകൊണ്ടു കണ്ണു തുറന്നു. ഞെട്ടലോടെ അമ്പരന്നു ജീവിതത്തെ നോക്കി. സങ്കല്പവും യാഥാർത്ഥ്യവും ഇരു ധ്രുവങ്ങളിലേക്കു ശരംപോലെ പാഞ്ഞുപോയി. പെട്ടെന്നാണു മൂക്കിൽ കിരുകിരുപ്പു് അനുഭവപ്പെട്ടതു്. നിഃശ്വാസം കാണുതു പെരുകി. സഹിക്കാനാവാതെ വന്നപ്പോൾ ഓഫീസിനു പിറകിലേയ്ക്കോടി. അവിടെ സിമന്റും കുമ്മായവും ഇളകിയ ഭിത്തിയിൽ ഉൾക്കിടിലത്തോടെ വിങ്ങി വീർത്ത മൂക്ക് ഉരച്ചു. നൈമിഷികമായ ആശ്വാസംതേടി കിടന്നുറങ്ങി.

അതു് ഒരു തുടക്കമായിരുന്നു നിത്യവും ഷൺമുഖൻ ഉറങ്ങാനെ തന്റെ മൂക്കിന്റെ പ്രലപനങ്ങൾക്കു സ്വാതന്ത്ര്യമോതി. നഗ്നപാദനായി പൊള്ളുന്ന തന്റെ ജീവിതത്തിനു കാവൽനിന്നു. ദിനംതോറും മൂക്കു ചൊറിയുന്ന സ്ഥലമാകട്ടെ ഉൾപ്പുളകത്തോടെ അവനെ കാത്തിരുന്നു, അവന്റെ വേദനകൾ പങ്കിട്ടുകൊണ്ടു്. തന്റെ ഒരു കുഞ്ഞിനെയെന്നപോലെ ആ കുഴിയുടെ മരവിപ്പിൽക്കൂടി ഷൺമുഖൻ വിരലുകളോടിച്ചു തൻ ഇന്നേവരെ ഇല്ലായിരുന്നു എന്നു കണ്ടെത്തി. ദുരന്തം അവന്റെ നേരെ തുറിച്ച കണ്ണുകളുമായി ചാടി വീണു.

അടുത്തതു മരണമാണു്. ഇത്തരം കഥകളിൽ കാണാറുള്ളതുപോലെ തികച്ചും സാധാരണ മട്ടിൽ തികച്ചും സാധാരണമായ ഒരു മൂക്കുമായി ഷൺമുഖൻ ഓഫീസിന്റെ മുന്നിൽ ചത്തുവിറങ്ങലിച്ചു കിടന്നു.

— 0 —

പതിനഞ്ചു്

മുഖാമുഖമായിരുന്നു് ഒരക്ഷരം ഉരിയാടാതെ ഭക്ഷണം കഴിച്ചു.

ഒരുണ്ടുടെ മദ്ധ്യേ അഗാധമായ ഗർത്തം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു അതൊ, മറികടക്കാൻ വയ്യാത്ത വൻമതിലൊ?

ഇരുവരും ഒരു കട്ടിലിൽ ഉറങ്ങാതെ കിടന്നു. ബെഡ്ലാമ്പിന്റെ നേരിയ വെളിച്ചത്തിൽ അദ്ദേഹം ഏതൊ ഒരു മാസികയുടെ താളുകൾ അലസമായി മറിച്ചുനോക്കിക്കൊണ്ടിരുന്നു.

മനസ്സിൽ അളക്കലും ചൊരിയലും.

എവിടെയാണു തെററു സംഭവിച്ചതു്? തെററാരുടെയാണു്? എന്റെയൊ രാജേട്ടന്റെയൊ? എന്റെ ഹൃദയത്തിൽ രാജേട്ടനെ പൂവിട്ടു പൂജിച്ചു. എന്റെ മനസ്സാകുന്ന ചിമ്മിനിയിൽ പററിപിടിച്ചിരുന്ന പുകയെ തുച്ഛ വൃത്തിയാക്കി ഒരു പുത്തുലഞ്ഞ വസന്തം സ്വപ്നം കണ്ടു. നടന്നതോ, എന്റെ പൂജാപുഷ്പങ്ങൾ എത്ര ദരുണമാംവിധം രാജേട്ടൻ ചവുട്ടിത്തേച്ചു സ്നേഹത്തിന്റെ ഇഴപൊട്ടിക്കഴിഞ്ഞിരിക്കുന്നു.

രാജേട്ടൻ മാസിക അടക്കിവെച്ചു. ഒരു വേള, എന്നോടു സംസാരിക്കേണ്ട വാക്കുകൾ കരുതിവെയ്ക്കുകയായിരിക്കും.

അദ്ദേഹം എന്റെ നേരെ തിരിഞ്ഞു കിടന്നു, ആ ശ്വാസോച്ഛ്വാസം എന്റെ കവിളുകളിൽ, അധരങ്ങളിൽ തട്ടുന്നു. എന്നിലതു വികാരത്തിന്റെ കഞ്ഞിക്കാറുപോലും സൃഷ്ടിച്ചില്ല.

"മാലതി" സ്നേഹമ്രസണമായ സ്വരം. ഞാൻ അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞു നോക്കിയില്ല.

"എന്താ?"

"ഒരു പാവിച്ച പെൺകുട്ടിക്കു് ഇങ്ങനെ തോന്നാറുണ്ടോ?"

"എനിക്കു് അങ്ങു പറഞ്ഞതൊന്നു മനസ്സിലാകുന്നില്ല."

"ഇതു നമ്മുടെ നാടല്ല. നാം ജീവിക്കുന്ന ചുററുപാടിനു നാട്ടുമായിട്ടു് എത്രയൊ വ്യത്യാസമുണ്ടു്."

"മിണ്ടിപ്പോകരുതു്. രാജേട്ടൻ ചേർന്നുകിടന്നു. ഒരു കൈകൊണ്ടു മാറിടത്തെ ചുററി വരിഞ്ഞു. ഞാൻ അനങ്ങിയില്ല പ്രതിഷേധിച്ചില്ല; അനുകൂലിച്ചില്ല. നിർവികാരയായി കിടന്നു. ഞാൻ ഭാര്യയാണു്. അദ്ദേഹം എന്റെ ശരീരത്തിന്റെ അധികാരിയുമാണു്. പെണ്ണിനു് അവളുടേതായി ഒന്നും അവശേഷിക്കുന്നില്ല.

"മാലതി."

"ങ്ങ്ഉം,"

"എന്റെ നേരെ നോക്കൂ."

കണ്ണുകൾ കൂട്ടിമുട്ടി. നോട്ടം ഇടഞ്ഞു നിന്നു.

നെററിലിയേയ്ക്കു വീണുകിടന്നിരുന്ന മുടിച്ചുരുളുകളിൽ വിരൽ ചലിപ്പിച്ചുകൊണ്ടു രാജേട്ടൻ അനുനയസ്വരത്തിൽ തുടർന്നു.

"ഇതൊരു വ്യത്യസ്തതിന്റെ ആരംഭമാണു മാലതി. പുതിയ ചുററുപാടിൽ ജീവിക്കുമ്പോൾ ശ്വാസം മുട്ടും, വിമ്മിഷ്ടമുണ്ടാകും. മാലതിയുടെ വിമ്മിഷ്ടം ഞാൻ മനസ്സിലാക്കുന്നുണ്ടു്. ഈ ഹിന്ദുസ്ഥാനിൽ മൂന്നു തരത്തിലുള്ള ഭാര്യാഭർത്തൃബന്ധമാണുള്ളതു്. നമ്മുടെ ഗ്രാമങ്ങളിൽ കാണുന്ന വിഭാഗക്കാർ പഴയ മാമൂലുകളോടും വിശ്വാസങ്ങളോടും വിടപറയാൻ മടിക്കുന്നവർ മാലതിതന്നെ ഒരിക്കൽ പറഞ്ഞിട്ടില്ലെ, മാലതിയുടെ—നമ്മുടെ—അമ്മ അച്ഛന്റെ നേരെ നോ

നോവൽ



ഏകലവ്യൻ

ക്കി ഇന്നും സംസാരിക്കുകയില്ലെന്ന്". അവക്ക ഭർത്താവ് ഈശ്വരനാണ്"; ഒരു പൂജാവസ്തു. പിന്നെയുള്ള മദ്യവർത്തികൾ. നമ്മുടെ വല്ലേച്ചിയെപ്പോലുള്ളവർ. അവക്ക ഭർത്താവു പൂജാവസ്തുവല്ല. അവർ ഭർത്താവിനെ ആദരിക്കുന്നു! അവരെ രാത്രി മനസ്സിലൊതുക്കിനിർത്തുന്നു. ഒടുവിലുള്ള വിഭാഗമാണ് ലളിതാജിമാർ. സെക്സിനു യാതൊരു പ്രാധാന്യവും നൽകാത്തവർ. ഭർത്താവല്ലാത്ത മറ്റൊരു പുരുഷനെ സ്പർശിച്ചാൽ പാതിവ്രത്യത്തിനു ഭംഗം നേരിടില്ലെന്നു വിശ്വസിക്കുന്നവർ. മാലതി, സെക്സ്—അതിന്റെ പ്രാധാന്യം അതിവശത്തിൽ അസ്തമിച്ചുകൊണ്ടിരിക്കുകയാണ്."

ശേഷി! കരയ്ക്കേ:ഷം മുഴക്കേണ്ട പ്രസംഗം. നിങ്ങളെന്തു കാണ്ട് ഒരു മൈതാനത്തിൽച്ചെന്നിരിന്നു പ്രസംഗിക്കുന്നില്ല! എന്റെ മനസ്സിനു പരിവർത്തനം നടത്താൻ ശ്രമിക്കുന്നു. അതൊ ബ്ലേറയിൻ വാദഷാ? ഒരു പുരിയ ദൂരയിൽ വാക്കുപാൻ ഒരുമ്പെടുന്നു. എന്തിനീ സാഹസത്തിനു താങ്കൾ മുതിരുന്നു! എനിക്കു വളഞ്ഞവഴി അറിഞ്ഞുകൂടെ.

രാജേട്ടൻ എന്റെ കാതിൽ മന്ത്രിച്ചു.

"നിനക്കൊരു രഹസ്യവർത്തമാനം കേൾക്കണോ? സന്താനോൽപ്പാദനശേഷി നശിച്ചു മി. മോഹൻ വീണ്ടും പിതാവാകാൻപോകുന്നു. ലളിതാജിയുടെ ഗർഭപാത്രത്തിൽ ഗുപ്തിയുടെ ബീജം. അവരെക്കാൾ പതിനെട്ടവയസ്സ് ഇളപ്പമുള്ള ഗുപ്തിയുടെ."

പറഞ്ഞുകഴിഞ്ഞു രാജേട്ടൻ കുലുങ്ങിച്ചിരിച്ചു.

എനിക്കു മനോവ്യർപ്പിടാതെ കഴിഞ്ഞുള്ളു. അപരന്റെ ദാമ്പത്യജീവിതത്തിന്റെ മറ പൊക്കി എന്ക്ക് എന്തിനു കാണിച്ചുതരുന്നു? രതിവൈകൃതങ്ങളുടെ ജുഗുപ്സാവഹമായ കഥകൾ എന്തിനു കേൾപ്പിച്ചുതരുന്നു! അന്യനെ ഉദാഹരിച്ച് സ്വന്തം സ്വഭാവത്തിന്റെ നേരെ രാഷ്ട്രീയിച്ചു കാണിക്കുകയാണോ? മാലതി, ഇതാണ് ഞാൻ. എനിക്കു സെക്സിൽ ഒട്ടും വിശ്വാസമില്ല. എന്റെ രാഷ്ട്രയെ ആരാനും പിടിച്ചുവലിച്ചാലും, ചുംബിച്ചാലും, ബലമായി മദ്യം കേരിത്തന്നാലും എനിക്കൊന്നുമില്ല. എന്റെ ഭാര്യ വേറൊരുത്തന്റെ ഭാര്യ. അയാളുടെ ഭാര്യ എന്റെ ഭാര്യ സ്ത്രീ മതി, ആരെയൊക്കെ വേണ്ടില്ല. ഇവിടെ മേലധികാരിവാസങ്ങൾ മാത്രമെയുള്ളു. അതിൽ പൊറുത്തുപോരുന്നതു് ആരാ:മായിരിക്കും. ഞാൻ നിന്നോടു തുറന്നു പറയട്ടെ മാലതി, നിന്റെ ഗർഭപാത്രത്തിൽ അന്യന്റെ ബീജത്തെ വളർത്തിയെടുത്താലും എനിക്കൊന്നുമില്ല. അന്നും എന്റെ മേൽവിലാസത്തിലായിരിക്കും നീ അറിയപ്പെടുക—ഇങ്ങിനെ തുറന്നുപറഞ്ഞുകൂടെ?

എത്ര മ്ലേച്ഛമായ വിശ്വാസപ്രമാണങ്ങൾ! മനുഷ്യമനസ്സുകൾ എത്ര മലിനം!! നാറുന്ന ഓടക്കുഴൽ അഴുകിയ ദുർഗന്ധപൂരിതം!!

"നമ്മ വൃഥാവിൽ സംശയങ്ങൾക്കടിമയാകുന്നു; നിർമ്മലയെക്കുറിച്ച്, ലളിതാജി ചെക്കുറിച്ച്. സത്യം തുറന്നുപറയാൻ ഞാനൊരിക്കലും മടിക്കുകയില്ല. മടിച്ചിട്ടില്ല. എന്റെ ജീവിതത്തിലേയ്ക്ക് മാലതി കടന്നുവരുന്നതിന്റെ മുമ്പ് ഞാനിവിടത്തെ ഒരു "പ്ലേബോയ്" ആയിരുന്നു." രാജേട്ടൻ ചിരിച്ചുകൊണ്ടു തുടരുന്നു.

"പ്ലേ-ബോയിയുടെ അർത്ഥമറിയുമോ?

നിർമ്മല എന്റെ രാത്രികളിലെ കൂട്ടുകാരിയായിരുന്നു. ലളിതാജി, അംഗീകരിക്കപ്പെട്ട പെണ്ണുങ്ങൾ, പക്ഷേ, മാലതി എന്റെ സഹധർമ്മിണിയായതിനു ശേഷം ഞാനൊരിക്കലും തെറ്റായി നടന്നിട്ടില്ല എന്നു വിശ്വസിക്കുക മാലതി."

തീവ്രമായ വികാരം എന്നെ അടിപ്പെടുത്തി കഴിഞ്ഞിരുന്നു. ഞാൻ പൊട്ടിത്തെറിച്ചു.

"റബ്ബിഷ്! നിങ്ങളിത്രനേരവും പറഞ്ഞതു് ഒരു ഭർത്തൃയോട് പറയേണ്ട വർത്തമാനമായിരുന്നോ?" കണ്ണുനീർ കവിളിലൂടെ ചെറിഞ്ഞി കണ്ണീരൊപ്പാൻ അദ്ദേഹം കൈനീട്ടി. ഞാൻ കൈതട്ടി. എനിക്ക് നല്ലതായി തോന്നുന്നുണ്ട്? ഇളകൾ വീണ സ്നേഹത്തിന്റെ പിച്ചപാത്രമൊ? സുഖമായി ഭുജിച്ച് ബാക്കി വലിച്ചെറിഞ്ഞ ഉച്ചിഷ്ടമെല്ലെ നമ്മൾക്കെന്നോടുള്ള സ്നേഹമെന്ന വികാരം!

"മാലതി, തുറന്നുപറയുന്ന സത്യത്തിന്റെ മുഖം ഭീകരമാകാം. പക്ഷേ, മനസ്സിൽ രഹസ്യമായി വെച്ചിരിക്കുന്ന സത്യത്തിന്റെ മുഖം അതിലും ഭീകരമാണ്." മതി, ഈ വേദാന്തം പറച്ചിൽ.

ഞാനാക്കുവേണ്ടി കരയുന്നു ഞാൻ കരച്ചിൽ നിർത്തി. കണ്ണുനീർ തുടച്ചു.

ആ രാത്രിമുഴുവൻ ഞാനുറങ്ങിയില്ല. പലതും ഓർത്തുകിടന്നു. തലേവളത്തിയ, കണ്ണുകളിൽ ശോകച്ഛായ കലന്ന രാഘവേട്ടന്റെ മുഖം മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. സ്നേഹത്തിൽ അതിസമ്പന്നനായിരുന്നു. സ്വഭാവത്തിൽ അതിശ്രേഷ്ഠനായിരുന്നു. എത്രസ്നേഹമയമായ കുടുംബജീവിതം ഞങ്ങൾ ഇതിനകം നയിച്ചിരുന്നേനെ. പക്ഷേ, കനത്ത ശമ്പളത്തിന്റെ, ആഭിജാത്യത്തിന്റെ, അന്തസ്സിന്റെ കണ്ണഞ്ചിക്കുന്ന പകിട്ടിൽ ആരൊക്കെയൊ മയങ്ങി. ഇന്ന് മാലതിക്ക് പരമസുഖമാണെന്ന് എല്ലാവരും കരുതുന്നുണ്ടാകും. നിങ്ങൾ കരുതിന്, നിങ്ങളെങ്കിലും സമാധാനത്തോടെ കഴിയുമല്ലൊ.

പിറ്റേന്നു—

ഒമ്പതു മണിയായിക്കാണും.

കമ്ലാ-രാത്രിയിലെ സംഭവങ്ങൾ കുത്തിക്കുത്തിച്ചോദിക്കുകയായിരുന്നു. ഞാൻ നിഷേധിച്ചിട്ടും പാവം ആ സ്ത്രീ വിശ്വസിച്ചില്ല.

"രാഘ്വ്വ് പറഞ്ഞല്ലൊ മേഡിന്റെ കരച്ചിൽ കേട്ടുന്ന്! എന്താണ് നിങ്ങൾ തമ്മിൽ ഒരിക്കലും ഇണങ്ങാതെ കഴിയുന്നതു്?" "അതൊക്കെ ഓരോരുത്തരുടെ വിധിയാണ് കമ്ലാ, അനുഭവിച്ചെ തീരൂ!"

"മേഡസ്ബ്ബ്! ഞങ്ങൾ പാവങ്ങളാണ്. ഇരുപത്തിയഞ്ചു കൊല്ലങ്ങളായി എന്റെ വിവാഹം കഴിഞ്ഞിട്ട്. ഇന്നൊരിക്കൽ എന്റെ ഭർത്താവ് എന്നോട് ദേഷ്യപ്പെട്ടു ഇന്നൊരിക്കൽ കരക്കാരം സംസാരിച്ചിട്ടില്ല. ഞാനതിന് അവസരവും കൊടുത്തിട്ടില്ല. നോക്കെ മേം, ഒരു കൈ കൊട്ടിയാൽ ശബ്ദമില്ല. അതുപൊലെ എനിക്കു പറയാനുള്ളു. മേഡസ്ബിന് ദേഷ്യം തോന്നുന്നില്ലല്ലൊ."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"മറ്റ്ച്ച് കമ്ലയോട് എനിക്കു ബഹുമാനമാണുള്ളതു്."

അപ്പോഴാണ് ഫോൺ ശബ്ദിച്ചതു്. ഫോണെടുത്തു.

"ഹലൊ..."

"മാലതിയാണൊ?" ഒരു സ്ത്രീ സ്വരം.

"അതെ"

"ഇതു ലളിതയാണ്. യുവർ ലളിത, ആൻറി" കൂടെ പൊട്ടിച്ചിരിയും.

ഞാനൊരക്ഷരം ഉരിയാടാതെ റസീവർ പിടിച്ചുനിന്നു.

"ഹലൊ ബേബി! കേൾക്കുന്നുണ്ടൊ?"

"ഉവ്വ്"

"ഇന്ന് ക്ളബ്ബിൽ ലേഡീസ് മോണിങ്ങാണ്. ബേബി! വരുന്നൊ?"

"ഞാനില്ല."

"കാരണം."

:"തലവേദനയാണ്."

"പറഞ്ഞാൽ പററില്ല. നൊ എക്സ്യൂസ് ബേബി. ഇന്നലെ രാത്രി ചില തെല്ലും നടന്നെന്ന് ഞാൻ കേട്ടു" വീണ്ടും ചിരി. "ഓക്കെ ഞാനിതാ അങ്ങോട്ടു വരുന്നു ബേബ."

ഞാൻ മറുപടി പറയുന്നതിനു മുമ്പായി ഫോൺ ക്രാഡിലിൽ വെച്ച ശബ്ദം കേട്ടു.

വരുന്നു, എന്നെ സ്വാന്തനപ്പെടുത്താൻ ഉപദേശങ്ങൾ നല്കാൻ. ആരാന്റെ ബീജം വഹിച്ചുകൊണ്ടു നടക്കുന്ന മുട്ടുകിഴവി! നിങ്ങളെപ്പോലുള്ള താടകകളായിട്ടുള്ള സഹവാസംമൂലമാണെന്റെ ഭർത്താവു ദുഷിച്ചുപോയതു് നിങ്ങൾ നീരാളിയാണ്. ആയിരം കൈകളുള്ള നീരാളി. എത്തിപ്പിടിക്കുന്നു. പിടിയിൽ പെട്ടതിനെ വരിഞ്ഞുമുറുക്കുന്നു. രക്തം ഊററിയൂററി കുടിക്കുന്നു. നിങ്ങൾ എന്തിനും തയ്യാറായാണ്. നിങ്ങളുടെ നീലക്കണ്ണുവിൽ പാതിവ്രത്യമെന്ന വാക്കുണ്ടൊ? മൃഗങ്ങളല്ലെ, മൃഗങ്ങൾ. ഇന്നൊരുത്തന്റെ കൂടെ, നാളെ വേറൊരുത്തന്റെ കൂടെ. നിങ്ങളുടെ പാപഭാരം ഏറ്റെടുത്ത പിതൃത്വം ഉൽഘോഷിക്കാൻ തയ്യാറായി നില്ക്കുന്ന ഭർത്താവും. ഞാൻ വെറുക്കുന്നു, നിങ്ങളെ, നിങ്ങൾക്കൊള്ളുന്ന സമുദായത്തെ. കോട്ടും ടൈയും കെട്ടി നടക്കുന്ന മാന്യന്മാർ. ആയിരങ്ങൾ വാങ്ങുന്ന ഓഫീസർമാർ. കാർ, സ്ക്വാട്ടർ, പദവി, സമ്പത്തു്—മാളത്തിനോടൊപ്പം ഏതെങ്കിലും തിരങ്ങളിൽ വന്നടിയുന്ന പൊങ്ങുകഷണങ്ങൾ നിങ്ങൾ.

മെഗയിററിൽ കാറിന്റെ ഹോറൺ.

"കമ്ലാ. രാഘവിനോട് ആ മെഗയിററു തുറന്നിടാൻ പറയൂ. ലളിതാജി വ

ന്നാൽ എനിക്ക സുഖമില്ലാതെ കിടക്കുകയാണെന്ന പറയണം.

"ജി, മേം സാബ്!!

ഞാൻ കട്ടിലിൽ ചെന്ന് അസുഖം ബാധിച്ചവളെപ്പോലെ കിടന്നു. ലൗഞ്ചിൽ ലളിതാജിയുടെ വിളി: "മാ... ൽ...തീ"

ഉയന്ന മടസ്വുള്ള ചെരുപ്പിന്റെ ശബ്ദം.

"മോച്ചമ്മ ബഡ്റൂമിലാണ്. അവക്ക വയ്യ."

"ഒന്നുമില്ല, എല്ലാം തോന്നലാണ്. വേറിസു ബേബി?"

ഡോർകർട്ടൻ നീക്കിക്കൊണ്ട് അവർ പ്രത്യക്ഷപ്പെട്ടു. വന്നപാടെ കട്ടിലിലിരുന്നു.

"കമോൺ, കമോൺ ബേബി അസുഖമെല്ലാം ഞാൻ മാററിത്തരാം." രാത്രി ഉറങ്ങാതെ കഴിച്ചുകൂട്ടുക, ഉറക്കമിളച്ചാൽ ഉള്ള ഗ്ലേമറെ നഷ്ടപ്പെട്ടുപോകും, അതറിയുമോ?"

ഞാനവരുടെ മുഖത്തേക്ക നോക്കിക്കൊണ്ടു കിടന്നു.

നാല്പതിനെ ഇരുപതാക്കി മാററാനുള്ള പങ്കപ്പാടുകൾ അവരുടെ മുഖത്തു തെളിഞ്ഞുകാണാം.

"നിങ്ങളിരുവരും നന്നെ ചെറുപ്പമല്ലേ? എത്രയോ വർഷങ്ങൾ കിടക്കുന്ന നിസ്സാരകാരണങ്ങളുടെ പേരിൽ ഇപ്പോഴെ സ്വരചേച്ചയില്ലാതായാലോ, പാവം, രാജൻ! വല്ലാതെ വിഷ്ണ്ണപ്പെട്ട് നടക്കുന്നുണ്ട്."

ഞാനവരുടെ നേരേ താച്ചുനോക്കി. രാജനെച്ചൊല്ലി നിങ്ങൾ പരിതപിക്കുന്ന നിങ്ങളാണോ രാജേട്ടന്റെ? പറയൂ! നിങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ പേരെന്താണ്? രാജൻ വിഷണ്ണപ്പെട്ടപ്പോൾ നിങ്ങൾക്ക വ്പ്പുമുട്ടുണ്ടോ? നിങ്ങളുടെ, നിങ്ങളുടെ—മനസ്സടങ്ങിക്കിടന്നോട്ടെ,

അവരെന്റെ കൈപിടിച്ചു വലിച്ചുകൊണ്ടു വീണ്ടും നിർബന്ധം ചെലുത്താൻ തുടങ്ങി.

"ലേഡീസിനു നിന്നെ കാണണമെന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങിനെ പുറത്തിറങ്ങാതെ, തമ്മിൽ തമ്മിൽ പരിചയപ്പെടാത്ത, ഗുഹയിലെ താപസിനിയെപോലെ ജീവിച്ചാലൊ! നമുക്കെല്ലാം അനുയോജ്യമാണോയിതു ?"

"പ്ളീസ്! എനിക്ക തീരെ സുഖമില്ല." ഞാൻ കൈവലിച്ചു് അസുഖം അഭിനയിച്ചു് കെഞ്ചി.

"കൂടാതെ എനിക്ക നിങ്ങളെപ്പോലെ സൊസൈററിലേഡിയാകണമെന്നാശയുമില്ല."

"വൈ, വൈ, വൈ?"

സംസാരം നീട്ടുന്നതിനേക്കാൾ കാര്യപ്രസക്തമായതു പറയുക. എന്തിനു ഞാൻ ഭയപ്പെടണം?

"ഞാൻ ജീവിച്ചുപോന്ന അന്തരീക്ഷത്തിൽത്തന്നെ കഴിയാനാണ് എനിക്കിപ്പോഴും മോഹം. നിങ്ങൾക്കറിയാമോ, അന്നുരാത്രി നിങ്ങളെന്നെ ബലിമൃഗമാക്കിയില്ലെ, കരുതി കൂട്ടത്തിലേ, എന്റെ ജീവിതത്തെ നിങ്ങൾ തകിടംമറിച്ചു. അന്നുമുതലെന്റെ മനസ്സമാധാനം നഷ്ടപ്പെട്ടു കഴിഞ്ഞു. കണ്ടവരും കേട്ടവരും മെക്കിട്ടു കേറാൻ. ഞാൻ പുറംപോക്കല്ല ലളിതാജി. അന്യ പുരുഷന്മാരുമായി കൊഞ്ചിക്കുഴയാനും എന്നെ കിട്ടില്ല. പ്ളീസ് യു യുഗോ!

ഞാനവരുടെ മുഖത്തേക്കു നോക്കിയതേയില്ല എന്റെ നിറഞ്ഞകണ്ണുകൾ, ബലഹീനത അന്യർ കാണാതിരിക്കട്ടെ.

ചെരിപ്പിട്ട കാലടിശബ്ദം അകന്നകന്നു പോയി പുറമെ കാർ സ്ററാട്ടാകുന്ന ശബ്ദം.

കമ്ല ഓടിവന്നിട്ടു പറഞ്ഞു.

"എനിക്ക നല്ലപോലെ ഇഷ്ടപ്പെട്ട മേംസാബ്. അവർ വളരെ ചിത്തയായ സ്ത്രീയാണ് മേംസാബ്. അവർ കട്ടക്കിലിരിത്ത ചെറുപ്പക്കാർ ഓഫീസർമാർ ഇവിടെ അധികമില്ല. മുഖം വീപ്പിച്ചു പോകട്ടെ, ഇടി പടികയറി വരികയല്ലല്ലോ"

വൈകുന്നേരം ഓഫീസിൽനിന്നു മടങ്ങിവരുമ്പോൾതന്നെ ഗൌരവത്തോടെയായിരുന്നു.

"എവിടെയാണു മേംസാബ്?"

ആയയുടെ അമർഷസ്വരത്തിൽ ചോദിക്കുന്നതു കേട്ടു.

"മേംസാബ്. ബെഡ്റൂമിൽ കിടക്കാണു സാബ്."

വാതിൽ പാളികൾ ഉറക്കപ്പെട്ടു.

ഞാൻ ചെരിഞ്ഞുനോക്കി, ജ്വലിച്ചുനില്ക്കുന്ന തീക്ഷ്ണമായ നോട്ടം.

"ഇന്നിവിടെ ലളിതാജി വന്നിരുന്നുവോ?"

"ഉവ്" ഞാനൊരു ചാഞ്ചല്യമില്ലാതെ മറുപടി കൊടുത്തു.

"എന്നിട്ടു നീ എന്താണവരോടു പറഞ്ഞതു്?"

"ഞാനവരുടെ കൂടെ എങ്ങോട്ടും വരുന്നില്ലെന്ന്."

"അതു മാത്രമാണോ പറഞ്ഞതു്? പോകുന്നില്ലെങ്കിൽ പോണ്ട. നീ പട്ടമഹിഷിയല്ല പോയില്ലെങ്കിൽ മററുള്ളവരെ ഇച്ഛാഭംഗത്തിന്നിടവരാൻ. പക്ഷേ, നിയ്യെന്തിനു് അവരെ അപമാനിച്ചയച്ചു. പറയൂ, എന്തിനു്?"

എന്റെ മൌനം ദ്വേഷം ഇരട്ടിപ്പിച്ചു.

"നിന്റെ തലവട്ടാനല്ലേ അവർ കൊണ്ടുപോകുന്നതു്? മാലതി, ഒരുകാര്യം ഞാൻ വ്യക്തമാക്കാം. ഗേറ്റിലുള്ളപ്പോൾ റോമനെപ്പോലെ പെരുമാറണം. നിന്റെ പഴഞ്ചൻ നാട്ടിൻപുറമല്ല ഇതു് എന്റെ കൂടെ, എന്റെ ഭാര്യയായി ജീവിതമെന്നുണ്ടെങ്കിൽ നീ ക്ളബ്ബിൽ പോകേണ്ടിവരും, സിനിമയ്ക്കു വരേണ്ടിവരും, അന്യരുമായി നൃത്തം ചെയ്യേണ്ടിവരും, സംസാരിക്കേണ്ടിവരും, ചിലപ്പോൾ മദ്യവും സേവിക്കേണ്ടിവരും. പറയൂ, നീ നിന്റെ ജീവിതത്തിനു് അലകും പിടിയും മററാൻ സന്നദ്ധയാണോ?

പെട്ടിക്കരനായാണ് ആദ്യം തോന്നി

തു്. കണ്ണുനീർ കൺകോണകൾവരെ തിരിട്ടിവരുകയും ചെയ്തു. പക്ഷേ, ഞൻ അടക്കിപ്പിടിച്ചു. ഈ മനുഷ്യൻ ഊമയാണു്; ഊമയല്ല. കല്ലാണു്, കല്ലിൽ കൈത്തിയ ചലിക്കുന്ന മനുഷ്യരൂപം.

നിമിഷങ്ങളോളം മുഖമുഖമായി നോക്കിനിന്നു.

സമനില വീണ്ടെടുത്ത ഞാൻ ഒന്നും സംഭവിച്ചിട്ടില്ലാതെയന്ന മട്ടിൽ ചോദിച്ചു.

"താങ്കൾ ചായ കഴിച്ചില്ലേ?"

"ഉം, ചായ ഉപദേശിച്ചാൽ മനസ്സിലാകുമെന്നു കരുതി. മററുള്ളവർ പറയുന്നതു കേൾക്കണം, രാജൻ വിവാഹംകഴിച്ചുകൊണ്ടു വന്നതു് അപരിഷ്കൃതയായ മരുകാടത്തിയെയാണെന്നു്. "ഡാംഷെയിം!" ഞൻ സൌമ്യതയിൽ ചിരിച്ചുകൊണ്ടു ചോദിച്ചു.

"താങ്കൾക്കും അങ്ങിനെ തോന്നുന്നുണ്ടോ?"

"തീർച്ചയായും, എന്തുകൊണ്ടിതു സംശയം?"

"നാം ജീവിക്കാൻ തുടങ്ങിയിട്ടു അഞ്ചാറു മാസങ്ങളേ ആയിട്ടുള്ളു; അതിനിടയ്ക്കു തന്നെ ഞൻ താങ്കൾക്കു കാടത്തിയായല്ലേ." ഗദ്ഗദം വാക്കുകളെ വിഴുങ്ങിക്കളഞ്ഞു. അടക്കിനിർത്തിയിരുന്ന കണ്ണീരിൻെറ ചിറ അറിയാതെ പൊട്ടിയൊഴുകി.

"രാജേട്ടനു് എൻെറ നേരെ അതൃപ്തി തോന്നുന്നുണ്ടെങ്കിൽ, താങ്കളുടെ ഭാര്യയാണെന്നു പറയാൻ മടി തോന്നുന്നുണ്ടെങ്കിൽ, ഞാനെൻെറ വീട്ടിലേയ്ക്കു മടങ്ങിപ്പോയ്ക്കൊള്ളാം. രാജേട്ടനതിനു് അനുമതി തരൂ. ഞാനാർക്കും ഭാരമാകുന്നില്ല. ഞാൻ സന്തോഷത്തോടെ പൊയ്ക്കൊള്ളാം."

ഞാൻ മുഖംപൊത്തി വിമ്മി വിമ്മിക്കരഞ്ഞു.

—o—

ഗണപതികോവിലിൻെറ മുമ്പിൽവച്ചു ശ്രീമാൻ ശേഷയ്യരെ കണ്ടു സാക്ഷാൽ ഗണപതിഭഗവാൻെറ ശരീരപ്രകൃതിയുള്ള ശേഷയ്യരെ. സന്തോഷം.

"ഇന്നു ദൈവകന്നേരം നമ്മൾ ശബരിമലയ്ക്കു പോകുന്നു." സ്വാമി എന്നെ തൊഴുതുകൊണ്ടു പറഞ്ഞു. പറഞ്ഞുകൊണ്ടു മറഞ്ഞു.

സ്വാമിയുടെ വേഷമാണു് അപ്പോൾ എന്നെ ആകർഷിച്ചതു. കെട്ടുവള്ളംപോലെ രണ്ടു ഷൂസു്. മകൻേറതെന്നു തോന്നിക്കുന്ന പാൻറ്സ് മത്തങ്ങാ മറച്ചുപിടിക്കുന്ന ചേലിൽ ഉടുപ്പു്. തൂങ്ങിച്ചാകുന്ന പാകത്തിൽ ടൈ കുപ്പിയുടെ ചുവട്ടു വെട്ടിയെടുത്തുവച്ചിരിക്കുന്ന കണ്ണട.

വലിയ ഉദ്യോഗസ്ഥനാണു ശ്രീമാൻ ശേഷയ്യർ. കാറിൽ വന്നു. പുറത്തുനിന്നു തൊഴുതിട്ടു്, ധൃതിയിൽ തിരിച്ചുപോകുന്നു.

ഞാൻ വെറുതെ ആലോചിച്ചു. സ്വാമി ഇത്ര വേഷത്തിൽ മല ചവിട്ടിയാൽ എന്താണു കുഴപ്പം? ഇരുമുടിയും താങ്ങി, കാണാൻ നന്നായിരിക്കും. പുതുമയുണ്ടായിരിക്കും. വേഷത്തിൽ വിപ്ളവം വരും. നിവൃത്തിയില്ലല്ലോ. ഭക്തന്മാർ അനുവദിക്കയില്ലല്ലോ.

സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥന്മാർ ഒരുകാലത്തു രണ്ടാംമുണ്ടു ധരിച്ചിരുന്നു. രണ്ടുദേശങ്ങളുണ്ടായിരുന്നു, ഈ രണ്ടാംമുണ്ടിൻെറ പിന്നിൽ. ഒന്നു്, സ്വന്തം കസേരയിൽ ആളിനുപകരം രണ്ടാംമുണ്ടു തൂക്കിയിട്ടു രക്ഷപ്പെടുക. രണ്ടു്, മേലുദ്യോഗസ്ഥൻെറ മുമ്പിൽ ചെന്നു് രണ്ടാംമുണ്ടെടുത്തു് അരയിൽ കെട്ടി, വിനയം കാണിച്ചു സേവ പിടിക്കുക. ഇന്നു രണ്ടാംമുണ്ടിനു സെക്രട്ടറിയററിൽ പ്രവേശനമില്ല. ഉദ്യോഗസ്ഥന്മാർ വലയുന്നു.

കഥ

വേഷത്തിൽ വിപ്ളവം

പി. സുബ്ബയ്യാപിള്ള

ഏതായാലും ക്ഷേത്രങ്ങളിൽ രണ്ടാംമുണ്ടു നിരോധിച്ചിട്ടില്ല വേറെ എന്തെല്ലാം നിരോധനങ്ങളാണു് ഇന്നും ക്ഷേത്രങ്ങളിലുള്ളതു്? വേഷത്തിൻെറ കാര്യത്തിൽ,

ഉടുപ്പു് ഗ്ലേഷന്മാരുടെ വേഷമാകുന്നു ക്ഷേത്രത്തിനകത്തു് ഉടുപ്പു പാടില്ല. ബനിയനോ ബാഡിയോ പോലും പാടില്ല. എല്ലാ പുരുഷന്മാരും സ്വന്തം "ശരീരബാഡി" കാണിച്ചു ദൈവത്തിൻെറ മുമ്പിൽ നില്ക്കാവു. പ്രാർത്ഥിക്കാവു. അതാണു ശരി.

ഈ ഒരു നിയമംകൊണ്ടു ദൈവം എത്രയെല്ലാം വിഷമിക്കുന്നുണ്ടാവും? രാവിലെ മുതൽ പല അസ്ഥിക്കൂടങ്ങളും ദൈവസന്നിധിയിൽ ചെന്നുനിന്നു കങ്കാളകേളി നടത്തുന്നു. മനുഷ്യപർവതങ്ങൾ ഇഴഞ്ഞും വലിഞ്ഞും നടന്നു ദൈവത്തെ പേടിപ്പിക്കുന്നു. മാങ്ങാത്തലയിലും അലക്കുകാരൻെറ കരിക്കലവും എന്തുകൊണ്ടാണു ദൈവത്തിൻെറ മുമ്പിൽ ഉടുത്തുനടക്കുന്നതു്? ചില സ്ത്രീകൾ ദൈവ വാപൊത്തി ചിരിക്കുന്നുണ്ടാവും.

സ്ത്രീക്കും പുരുഷനും സമത്വം അനുവദിച്ചിട്ടുള്ള ഭരണഘടനയിൽ കീഴിൽ കഴിഞ്ഞുകൂടുന്ന ഈ നാട്ടിൽ, സ്ത്രീകളെ പ്രത്യേകം തരംതിരിച്ചു് ഈ നിയമത്തിൽ നിന്നു് ഒഴിവാക്കിയിരിക്കുന്നു. മാറും വയറും കാണിക്കുന്നതു സ്വന്തം ജന്മാവകാശമായി കരുതുന്ന സ്ത്രീകൾ എന്തുകൊണ്ടു് ഈ വിവേചനത്തിനെതിരായി ശബ്ദമുയർത്തുന്നില്ല? ഈ നിയമം സ്ത്രീകൾക്കു ബാധകമാക്കിയാൽ ക്ഷേത്രദർശനത്തിനു വരുന്ന ഭക്തജനങ്ങളുടെ എണ്ണം നൂറുമടങ്ങു വർദ്ധിക്കുമെന്നു് ഇതു ഞൻ ഉറപ്പു ചെയ്യുന്നു. ദൈവം തരാത്തതായി ഒന്നുമില്ലല്ലോ മനുഷ്യശരീരത്തിൽ, പിന്നെ എന്തുമറക്കുന്നു? ഒളിക്കാൻ? സർവശക്തൻെറ തിരുമുമ്പിൽ, കളിച്ചു് ഈറൻ മാറാതെ വരുന്ന സ്ത്രീകളോടു ദൈവത്തിനുപോലും പ്രത്യേക മമത തോന്നുന്നുണ്ടാവും. കുററമല്ല.

ഭക്തി വർദ്ധിക്കുമ്പോൾ മുണ്ടു് തോർത്തായി കുറയുന്നതും, തോർത്തിൻെറ നീളവും വീതിയും ഇല്ലാതെയാകുന്നതും അസാധാരണമല്ല. നാട്ടിൻപുറത്തെ ചില ഭക്തന്മാർ തോർത്തിൻെറ ലവൽ ഉയർത്തുകയും കോണകവലിലിൻെറ ലവൽ താഴ്ത്തുകയും ചെയ്യുമ്പോൾ പ്രായത്തെ മറന്നിരിക്കുക. വേറെ എന്തുപറയാൻ?

ശാന്തിക്കാരുടെ കൂട്ടത്തിൽ ബഹുഭൂരിപക്ഷം തോർത്തുധാരികളാണു്. കുംഭോദരന്മാരും ഭീമാകാരന്മാരുമായ ശാന്തിക്കാരിൽ ചിലർ, തോർത്തുധാരികളായി നിന്നും ഇരുന്നും എഴുന്നേററും പൂജ നടത്തുമ്പോൾ ദൈവം മുഖംപൊത്തുകയില്ലെന്നു വിശ്വസിക്കുക.

ഇത്രയെല്ലാം പറയാനുണ്ടോ ഇക്കാര്യത്തിൽ? ആർഷസംസ്കാരം മുഴുവൻ സ്വന്തം നഗ്നതയിലാണെന്നു് ഉൽഘോഷിക്കുന്ന സന്യാസിവര്യന്മാരില്ലേ ഭാരതത്തിൽ? ഇന്നും. ദൈവം മുണ്ടുടുപ്പിച്ചല്ല ഒരുത്തനേയും ലോകത്തിലയയ്ക്കുന്നതു്. തി

രിച്ചുപ്പോകുമ്പോഴും അതു വേണമെന്നില്ല പകരം സമയത്തു്, ജനബഹുമയരതരവിരക്ത്യി, കൈയിത കമണ്ഡലുവുമായി, നൂൽഖണ്ഡമില്ലാതെ, ജാഗ്രതയായി നടന്നുനീങ്ങുന്ന സന്യാസിവര്യന്മാരെ കാണുമ്പോൾ രോമാഞ്ചംകൊള്ളുക. ദിഗംബരത്വം വിജയിക്കട്ടെ. ചന്ദ്രനെ കീഴടക്കിയ ഈ ധരാതലത്തിൽ.

പിന്നെ മററു കാര്യം. ഒരു ദൈവത്തിനും നഗ്നകിയിട്ടില്ലല്ലോ മനുഷ്യൻ, കാലത്തിനൊത്ത വേഷം. ഒരു കർഷകഫോക്കളിംഗ്ഗ്ഗാംസോ എങ്കിലും എന്തെങ്കിലും ദൈവത്തിനു നൽകിയിട്ടുണ്ടോ ഇതുവരെ? കോണകം മാററാൻ കഴിയാത്ത സുബ്രഹ്മണ്യൻ കുടവയറു മറയ്ക്കുൻകഴിയ്ത്ത ഗണപതി. മഞ്ഞയുടുത്തുനടക്കുന്ന ശ്രീകൃഷ്ണൻ. പുലിത്തോലു ധരിക്കുന്ന ശ്രീപരമേശ്വരൻ ബഹുമാനപ്പെട്ട ദൈവങ്ങളെ, എനിക്കു നിങ്ങളോട് അനുകമ്പതോന്നുന്നു നിങ്ങൾ നിങ്ങളെ ആദ്യം രക്ഷിക്കുക.

ദൈവങ്ങൾക്കു കാലത്തിനൊത്ത വേഷം നല്കി. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും നിന്നു പിടിച്ചുകൊണ്ടു വന്ന കലിയുഗത്തിൽ നിറുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഗണപതിക്ക് ഒരു മസലിൻ ജുബ്ബയും ഡബിൾവേഷ്ടിയും നൽകുക. സുബ്രഹ്മണ്യത്തിനു് സാരിത്തുണ്ടിൽ ഒരു സ്ലാംസും കുടത്തുണിയിൽ പാൻറും തയ്ക്കുക. ശ്രീകൃഷ്ണന്റെ പീതാംബരം അലക്കാനിട്ടിട്ടു പൈജാമയും സ്ലൽക്ക ഷർട്ടും ടക്കിത്തൊപ്പിയും കൊടുക്കുക. ശ്രീപരമേശ്വരനു പോട്ടും സൂട്ടും ഹാററുമാകാം. അങ്ങനെ എല്ലാ ദൈവങ്ങൾക്കും പുതിയ വേഷങ്ങൾ നൽകുക. പിന്നെ ക്ഷേത്രത്തിൽ പോകുമ്പോൾ ഭക്തജനങ്ങൾക്കു നഗ്നതയിൽനിന്നു രക്ഷപ്പെടാം. ദൈവം കോപിക്കയുമില്ല.

അപ്പോൾ ദേവികളുടെ കാര്യമോ? അവരുടെ ഇന്നത്തെ നില വളരെ ദയനീയമാണു്. ചില രാഷ്ട്രീയക്കാരുടെ ഭാര്യമാരെപോലെ. ഒരു നല്ല സാരിയില്ല. ജമ്പറില്ല. ബ്ലൗസില്ല അടിപ്പാവാടയില്ല പിന്നെയുള്ളതു കുറെ ചാക്കുതുണികളും മരവുരിയും പഴയ കൈത്തറിസാരികളും മാത്രം. കത്താക്കന്മാർ രാവും പകലും നാട്ടുനന്നാക്കാൻ നടക്കുന്നു

ദേവിമാരായിപ്പോയെന്നുവച്ചു് അവരും സ്ത്രീകളല്ലേ? അവർക്കും വേണ്ടേ കാലത്തിനൊത്ത വേഷവിധാനങ്ങൾ? കഴുത്തുവെട്ടി, കൈവെട്ടി, വയറു കാണിക്കുന്ന കുറെ ജമ്പറുകളും നൈലോൺവലകൊണ്ടുള്ള കുറെ സാരിയും ശ്രീപാർവ്വതിക്കു കൂടിയേ കഴിയൂ. പുറകാൻ പുറപ്പെട്ടു നക്കൈയുള്ള കുറെ ജമ്പറുകളും സാരിക്കു പകരം തയ്യിച്ചെടുത്ത കുറെ നല്ല കയലികളും മഹാലക്ഷ്മിക്കു നൽകാം. സരസ്വതിക്കു പററിയ വേഷം തനി കേരളീയമാണു്. വെളുത്ത ജമ്പറും വെള്ളമുണ്ടും കസവുനേരിയതും ധാരാളം. കരുതിവയ്ക്കണം. അതുപോലെ മററു ദേവിമാർക്കും.

അങ്ങനെ ദേവന്മാരുടെയും ദേവിമാരുടെയും വേഷത്തിൽ ഒരു വിപ്ലവം കൈവരുത്തുക. കറുത്ത വിപ്ലവം വെളുത്ത (തവള) വിപ്ലവം. മഞ്ഞ വിപ്ലവം എല്ലാ നിറത്തിലും എല്ലാ ഇനത്തിലും വിപ്ലവം. പാവാടവിപ്ലവം. ലുങ്കിവിപ്ലവം. കണ്ണെഴുത്തുവിപ്ലവം മുടിക്കെട്ടുവിപ്ലവം. വിപ്ലവം ജയിക്കട്ടെ ഇങ്കിലാബ്. ഇങ്കിലാബ്. ഇങ്ക...(ചുമ) സിന്താബാദ്.

—o—

വായിച്ചിരിക്കേണ്ട

പുസ്തകങ്ങൾ!

രഹസ്യലൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില 1-00

ദാമ്പത്യജീവിതശാസ്ത്രം വില 1-50

ഫാമിലിപ്ലാനിംഗ് വില 1-00

തപാൽചിലവു് (പുറമേ) 1-50

കാററ്ലോഗ് സൌജന്യം.

DAB Agencies

Kodimatha, Kottayam

ഒരു ചലച്ചിത്രത്തിന്റെ വിജയത്തിനു നല്ലൊരു പങ്കു നീർച്ചയായും അതിലെ ഗാനങ്ങൾക്കുമുണ്ടു്. ഗാനങ്ങളുടെ മേന്മകൊണ്ടുമാത്രം വിജയിച്ച ചിത്രങ്ങളും ഇല്ലാതില്ല ഗാനങ്ങളില്ലാത്ത സിനിമ പൊതുവിൽ കുട്ടികളില്ലാത്ത കുടുംബം പോലെ അപൂർണ്ണമാണു് 1972-ൽ പുറത്തുവന്ന "ഹരേകൃഷ്ണ ഹരേരാമ" എന്ന ഹിന്ദിചിത്രവും, നൂ ഡൽഹ്യാഫിലിംസിന്റെ "ചെമ്പരത്തി" എന്ന മലയാള ചിത്രവും ഗാനങ്ങളുടെ പേരിലും വിജയിച്ച രണ്ടു ചിത്രങ്ങളായിരുന്നു. പ്രസ്തുത ചിത്രങ്ങളിലെ ഗാനങ്ങളെല്ലാംതന്നെ ഒന്നിനൊന്നു ആസ്വാദ്യജനകങ്ങളാണു്. ഹരേ കൃഷ്ണ ഹരേ രാമ" എന്ന ചിത്രത്തിലെ "ദം മേരാ ദം മിട്ടുജായെഗാ" എന്നാരംഭിക്കുന്ന പാട്ടും, "ചെമ്പരത്തി"യിലെ "ശരണമയ്യപ്പാ! സ്വാമി, ശരണമയ്യപ്പാ!" എന്നു തുടങ്ങുന്ന അയ്യപ്പൻപാട്ടും സിനിമാഗാനങ്ങൾക്കു മുപരിയായി പരക്കെ പ്രചാരം സിദ്ധിച്ച രണ്ടു പാട്ടുകളായിത്തീർന്നിട്ടുണ്ടു്. പ്രസ്തുത ചിത്രങ്ങളുടെ വിജയത്തിൽ മുഖ്യപങ്കുതന്നെ വഹിച്ച ആ രണ്ടു ഗാനങ്ങളെപ്പററി മാത്രമാണു് ഇവിടെ പ്രതിപാദ്യം.

സംഗീതസാഹിത്യദിഗ്ദർശികളിൽ മെച്ചമാണ സിനിമാഗാനങ്ങൾ വേറെയും കണ്ടേക്കാം എന്നാൽ ഇത്രത്തോളം ഹൃദയാകർഷകങ്ങളും ശ്രോതാക്കളെ അനവദ്യമായ അനുഭൂതിയിലാറാടിക്കുവാനുപോരുന്നതുമായ പാട്ടുകൾ വേറെ അധികം കണ്ടെന്നുവരില്ല. രചനകൊണ്ടും സന്ദർഭോചിതമായ സംഗീതസംവിധാനംകൊണ്ടും, ആലാപനാസ്വാദ്യതകൊണ്ടും ഈ രണ്ടു സിനിമാഗാനങ്ങളും പരിപൂർണ്ണവിജയംതന്നെ കൈവരിച്ചു

മദ്യപാനത്തിന്റെ ലഹരിയിൽ മതിമയങ്ങി തികച്ചും ഒരു മദ്യപാനിയുടെ മാനസികഭാവനതന്നെ ഉൾക്കൊണ്ടു് ആശാശാലിയായ സലേയും സംഘവും "ദം മേരാ ദം മിട്ടുജായെഗാ" എന്നാരംഭിക്കുന്ന ആ ഹിന്ദിഗാനം അസൂയാർഹം വിധം അവതരിപ്പിച്ചു. യേശുദാസും സംഘവും പാടട്ടെ, ആ ഗാനമൂർച്ഛ തനിയായി സ്വയവും മറന്നു ഭക്തിപരവശയത്തോടെ ആ അയ്യപ്പസ്തുതി ശ്രുതിമധുരമായി ആലപിച്ചു ഒരുപക്ഷേ, ഇത്രയേറെ പ്രചാരം സിദ്ധിച്ച രണ്ടു സിനിമാഗാനങ്ങൾ കഴിഞ്ഞ വർഷത്തിൽ വേറെയുണ്ടോ എന്നതന്നെ സംശയമാണു്. അയ്യപ്പൻ പാട്ടിനെ മാത്രം പരാമർശിച്ചുപറയുകയാണെങ്കിൽ

ഏഴുപതിരണ്ടിലെ രണ്ടു സിനിമാഗാനങ്ങൾ

ആനൂർ കേശവൻനായർ

ആ ഗാനത്തിനു് അവിശ്വാസികളെപ്പോലും വിശ്വാസികളാക്കിമാററാൻ കഴിവുള്ള ഒരു ശക്തിവിശേഷംതന്നെയുണ്ടു് ആ പാട്ടു ദിവസത്തിലൊരു പ്രാവശ്യമെങ്കിലും ഉരുവിടാത്ത ഒരു കേരളീയഭവനവുമിന്നില്ല.

കഞ്ചാവു വലിച്ചു കറങ്ങിയിരിക്കുന്ന യതിവര്യനും ചരസ്സുതിന്നു, മോഹലസ്യമണുകിടക്കുന്ന "അത്യന്താധുനികമനുഷ്യന്റെ പര്യായമായ "ഹിപ്പി"ക്കും ലക്ഷ്യം ഏറെക്കുറെ ഒന്നുതന്നെയാവണം; അവരുടെ മാർഗ്ഗങ്ങൾ വിഭിന്നങ്ങളാണെങ്കിലും. അപ്രാപ്യമായ "സച്ചിദാനന്ദ"പദംതന്നെയാണു് ഇരുകൂട്ടരുടെയും അന്തിമലക്ഷ്യം!! ആ ലക്ഷ്യപ്രാപ്തിക്കു സ്വീകരിക്കേണ്ട രണ്ടു മാർഗ്ഗങ്ങളുടെ മാതൃകകളാണു് പ്രസ്തുതഗാനങ്ങളെന്നതാണു് ആ ഗാ

നങ്ങൾക്കുള്ള മറ്റൊരു സവിശേഷത! ആ ഗാനങ്ങളെ അവതരിപ്പിക്കുന്ന മുഹൂർത്തങ്ങളിൽനിന്നും അകന്നുനിന്നു ആ ഗാനങ്ങളുടെ മാത്രം ആത്മാവിലൂടെ കടന്നുപോയാൽ ഈ സവിശേഷത വെളിവാകും. സംശയമുണ്ടെങ്കിൽ ആ ഗാനങ്ങൾ ഏകാഗ്രതയോടെ, ഏകാന്തമായിരുന്നു് ഒരുവട്ടം ഉരുവിട്ടുനോക്കുക!

സംഗീതാത്മകമായ കവിതകൾ തീർച്ചയായും ഗാനങ്ങൾകൂടിയാണല്ലോ? ആസ്വദിക്കുമ്പോൾ അവ കവിതയും പാടുമ്പോൾ അവ, ഗാനങ്ങളുമാണെന്നുമാത്രം. വയലാർരാമവർമ്മ, ഒ. എൻ. വി. കുറുപ്പ്, ശ്രീകുമാരൻതമ്പി, പി. ഭാസ്കരൻ, യൂസഫലികേച്ചേരി എന്നിവരുടെ കവികളുടെ മിക്ക സിനിമാഗാനങ്ങളും ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ മലയാളകവിതകൾ തന്നെയാണു്; അർത്ഥപുഷ്ടിയിലും ശബ്ദപുഷ്ടിയിലും എന്നല്ല ഭാവരൂപങ്ങളിൽപോലും ലക്ഷണയുക്തമായ കവിതകൾ. അവയെയേശുദാസൻ, ജയചന്ദ്രൻ, ലതാ, സുശീല തുടങ്ങിയവർ അവരുടെ കണ്ഠങ്ങളിലൂടെ അനശ്വരങ്ങളാക്കുന്നു. ലക്ഷക്കണക്കിനു് അവയുടെ പ്രതികൾ പിറവിഴിഞ്ഞാലും കിട്ടാത്ത പ്രചാരം.

ആശയത്തിലും ആവിഷ്കരണത്തിലും "ദുഃഖമോദം മീട്ടു് ജയഗേയം" എന്നാരംഭിക്കുന്ന ഹിന്ദിഗാനം അനന്യമായ ഒരു കലാസൃഷ്ടിയാണു്, അത്യന്താധുനികകവിതയും. നിഗൂഢതയും മഹാഹഠംഗവും കൊണ്ടു് ഒറ്റപ്പെട്ടുനില്ക്കുന്ന അത്യന്താധുനിക" മനുഷ്യന്റെ വിചാരവികാരങ്ങളെ ഹൃദയസ്പർശിയായി ആ ഹിന്ദിഗാനം അവതരിപ്പിക്കുന്നു. ഇന്നലെവരെയുള്ള എല്ലാ ജീവിതചിത്രകളേയും ചവിട്ടിമെതിച്ചു് എല്ലാത്തിലും സശ്രദ്ധം അശ്രദ്ധയും അലസതയും കാണിച്ചു്—അവസാനം മരണമെന്ന ഏക ലക്ഷ്യത്തിലേക്കു കുന്തനിങ്ങാൻ പ്രേരിതനാകുന്ന അത്യന്താധുനികമനുഷ്യന്റെ ജീവിതതത്വചിന്തയുടെ വ്യാഖ്യാനംതന്നെയാണു് "ദുഃഖമോദം മീട്ടു് ജയഗേയം" എന്ന ഹിന്ദിഗാനം (കവിത.)

"ദുനിയയെന ഹം കുഛ ദിയാ ക്യാ
ദുനിയയെസെ ഹം ന ലിയാക്യാ
ഹം സബ്കി പർവാകിയേക്യന
സബ്കുനെ ഹമകോകിയാ ക്യാ"

എന്ന വരികൾ ആധുനിക മനുഷ്യമനഃസാക്ഷിയോടുള്ള ചോദ്യവും രവല്ലുവിളിയുമാണു്. ലോകം എനിക്കുവേണ്ടി എന്തുചെയ്തു? ഞാൻ ലോകത്തിന്നെതിരായി എന്തു പ്രവർത്തിച്ചു? ഞാൻ എന്തിനുവേണ്ടി ലോകത്തെ മാനിക്കണം? ഈ തത്വചിന്ത ആശയററ ആധുനിക മനുഷ്യന്റെ ഉത്തരമായാണു് സംശയമില്ല.

ശില്പചാതുരികൊണ്ടും കല്പനാവൈചിത്ര്യംകൊണ്ടുമാണു് വയലാറിന്റെ അയ്യപ്പൻപാട്ടു് നമ്മെ ആകർഷിക്കുക. വിഷയസന്ദർഭങ്ങളുടെ വ്യത്യാസംകൊണ്ടു വയലാറിന്റെ പാട്ടിനെ മേല്പറഞ്ഞ ഹിന്ദിഗാനംപോലെ, ആശയസമ്പുഷ്ടമായ ഒരു കവിതയെന്നു പറയാവുന്നതല്ല. എന്നിരുന്നാലും പട്ടത്തുള്ള ആ കവിയുടെ കവനകലാപാടവം നിരതാം വിളിച്ചോതുന്ന വരികളാണു് അയ്യപ്പൻപാട്ടിലുടനീളം.

മണ്ഡലം നൊയ്തുനോററു
അക്ഷരലക്ഷം മന്ത്രങ്ങൾ ഉരുക്കഴിച്ചു
പുണ്യപാപചുമടുകളും
ഇരുമുടിക്കെട്ടുമേന്തി
പൊന്നമ്പല മലചവുട്ടാൻ
വരുന്നു ഞങ്ങൾ...
പമ്പയിൽ കളിച്ചുതോർത്തി
ഉള്ളിലുറങ്ങും അമ്പലക്കിളിയെ
ഉണർത്തി
പൊള്ളയരയോരുടുക്കുമായ്
പേട്ടതുള്ളി പാട്ടുപാടി
പതിനെട്ടാം പടിചവുട്ടാൻ
വരുന്നു ഞങ്ങൾ...

എന്നിങ്ങനെ മുഴങ്ങുന്ന ആ കാവ്യകല്ലോലിനി. ഭാവനാനിർഭരമായ അടുത്ത വരികൾകൂടി ഒന്നു ശ്രവിക്കാം.

ശ്രീകോവിൽ തിരുനടയിങ്കൽ
കർപ്പൂരമലകൾ
കൈകൂപ്പി തൊഴുതുകമ്പോൾ
പത്മരാഗ പ്രഭവീശും
തൃപ്പദങ്ങൾ ചുംബിക്കാം
കൃഷ്ണതുളസിപ്പൂക്കളാകാൻ
വരുന്നു ഞങ്ങൾ...

ഈ വരികൾ സർഗ്ഗശക്തിയുള്ള ഒരു കവിക്കു മാത്രമേ വാർത്തെടുക്കാനാവൂ. "തൃപ്പദങ്ങൾ ചുംബിക്കാം കൃഷ്ണതുളസിപ്പൂക്കളാകാൻ"—എന്ന പ്രയോഗം കവിയുടെ ഒരു ചിത്രകലയെയാണു കാണിക്കുന്നതു്. കൃഷ്ണഭക്തനായ വിലപ്രമംഗലത്തു സ്വാമി ഭഗവൽപാദത്തിൽ അർപ്പിതനാകാൻ തുളസിച്ചെടിയായിട്ടുണ്ടല്ലോ പിൽക്കാലത്തു ജന്മംകൊണ്ടതു്. കാവ്യസൗന്ദര്യം വാരിയണിഞ്ഞ മേല്പറഞ്ഞ വരികൾ ഭക്തിരസത്തിൽ ഇക്കച്ചെട്ടുള്ളതെന്ന കവി പ്രയോഗിക്കുന്നുമുണ്ടു്. മതഭക്തിതാരം വിശ്വാസികളും ഇന്നോളം സൃഷ്ടിച്ചെടുത്ത അയ്യപ്പഭക്തിഗാനങ്ങളേയെല്ലാം നിഷ്പ്രഭമാക്കുന്നതാണീ ഗാനം.

അങ്ങനെ ഭിന്നഭാഷകളിലുള്ള ഈ രണ്ടു ഗാനങ്ങളും ഗാനങ്ങൾ എന്ന ചേരിലായാലും കവിതകൾ എന്ന നിലയിലായാലും ആസ്വാദ്യമണിഭാണ്ഡങ്ങളും ആലോചനാമൃതങ്ങളുംതന്നെ.

—0—

ഏഴാം സ്റ്റാൻഡേർഡ്വരെ പഠിച്ച ആർക്കും എസ്. എസ്. എൽ. സി. യും ഇടർന്നു് പ്രീ-ഡിഗ്രി, ബി. എ. പരീക്ഷകളും പാസ്സാകാം. വീട്ടിലിരുന്നു് മാത്രം പഠിച്ചാൽ മതി. വിദഗ്ദ്ധമായ പോസ്റ്റൽട്യൂഷൻ.

All Saints' College
KOTTAYAM
M. A.
ENGLISH, ECONOMICS
HISTORY & SOCIOLOGY
(Saugar, Sri Venkateswara Kerala)
Poojanilayam Sasi,
Principal.

കഥ

ഞാൻ എന്റെ ചിത്രകാരന്റെ മുൻപിൽ നില്ക്കുകയായിരുന്നു. അദ്ദേഹം എനിക്കു് ആരാവുമെന്നു ചിന്തിച്ചുകൊണ്ടു്. ആ ചിന്തയെപ്പോഴും എന്റെ ആത്മാവിൽ മുറിപാടുണ്ടാക്കി. എന്റെ കാമുകനെന്നു പറയാൻ ലജ്ജിക്കുന്നുവെന്നുതിക്കൽ പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചു. അദ്ദേഹത്തിലെനിക്കുള്ള മുത്തമയെ കളുഹലം ഒരിക്കലദ്ദേഹം സ്വന്തം ക്യാൻവാസിൽ പകർത്തിയപ്പോൾ ഞാനതുതെപ്പെട്ടു. എന്റെ അന്വേഷണം ഉഷ്ണവിഫലമാണെന്നും സൗന്ദര്യം ദർശിക്കുമ്പോഴുള്ള ആനന്ദമാണു് ഞതിനുള്ള ഏക ഉത്തരമെന്നും പറഞ്ഞപ്പോൾ ഞാനന്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാഷ

നടാകം

എനിക്കു മനസ്സിലാകണമെങ്കിൽ ഇനിയും ജന്മങ്ങൾ വേണ്ടിവരും.

എന്റെ ചിന്തകൾ ഒരു മാൻകുട്ടിയാണു്. അതെപ്പോഴും ഇല്ലിച്ചാടി കാട്ടുകയറുകയും പിന്നെയും വെള്ളിച്ചത്തിലേക്കു വരികയും ചെയ്തുകൊണ്ടിരിക്കും. നിരത്തുവീഥിയിൽ നിന്നു മോതിക്കടിക്കുകയും ശബ്ദങ്ങൾക്കായി ചെകിടോർക്കുകയും ചെയ്യുന്ന മാൻകുട്ടി.

ഞാനെന്നുനേരമായിട്ടു നില്ക്കുന്നു എന്റെ സാന്നിദ്ധ്യമറിയാൻപോലും സാദ്ധ്യമല്ലാത്ത അദ്ദേഹത്തിന്റെ കലാപാസനയെ ഒരു നിമിഷം ഞാൻ വെറുത്തു. അദ്ദേഹം ചാലിച്ചുകൊണ്ടിരിക്കുന്ന ചായക്കൂട്ടുകൾ തട്ടിത്തെറിപ്പിക്കാൻ എന്റെ കൈവിരലുകൾ നീണ്ടു. പൊട്ടുന്നതവേ

സാലു അനിയൻ

ഞാൻ പ്രതീക്ഷിക്കാതെ, അദ്ദേഹമെന്നെ കെട്ടിപ്പിടിച്ചു. എന്റെ കഴുത്തിൽക്കൂടി ചുററിയ, കൈകളാൽ എന്റെ മുഖം ജനലഴികൾക്കഭിമുഖമായി തിരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു.

"അതാ നീ തട്ടിത്തെറിപ്പിച്ച ചായക്കൂട്ടുകൾ!" അത്ഭുതവുമാനന്ദവുംപൊട്ടി വിരിയുമ്പോൾ അദ്ദേഹമെന്റെ കവിളിൽ ചുംബിച്ചു. എന്റെ മുഖം ആകാശച്ചെരിവിലെ വർണ്ണരേഖകൾ ഒപ്പിയെടുത്തിരിക്കുന്നുവെന്നു, അതെന്റെ ചുണ്ടുകൾ ഒപ്പിയെടുക്കട്ടെയെന്നും പറഞ്ഞുകൊണ്ടദ്ദേഹം എന്നെ വലിച്ചടുപ്പിച്ച് എന്റെ മുഖത്തു ചുണ്ടുകളമർത്തി...

ഡ്രേയിംഗ് റൂമിൽ ടെലിഫോൺ ബെൽ തുടരെത്തുടരെ ശബ്ദിച്ചുകൊണ്ടിരുന്നു.

ഞാനെന്റെ കിടക്കയിൽ കണ്ണു തുറന്നു കിടക്കുകയാണെന്നും ഭർത്താവ് ഉച്ചയുണിനെത്തുന്ന സമയം കഴിഞ്ഞിരിക്കുന്നുവെന്നും ഓർമ്മിക്കാൻ ശ്രമപ്പെട്ടുകൊണ്ട് ഓടി ചെന്നു റിസീവറെടുത്തു. കമ്പിനിയിൽ നിന്നും അദ്ദേഹത്തിന്റെ ശബ്ദം.

"രാജി, ഞാനിതാ എത്തിക്കഴിഞ്ഞു, മൂന്നുമണിക്കെങ്കിലും "നർസിപുരി"ലേക്കു പോകേണ്ടിയിരിക്കുന്നു. ആ ഗ്രാമത്തിലെ പരിപാടികളുണ്ടാവും. നീ കൂടെയുണ്ടെങ്കിൽ...

ആദ്യകാലമൊക്കെ ഇതുപോലെയുള്ള ദൂരയാത്രകളെക്കുറിച്ചു ചിന്തിക്കുമ്പോൾ മനസ്സിൽ ആനന്ദം തുടികൊട്ടിയിരുന്നു. പിന്നീട്...

മറുപടിക്കക്ഷമനാകുന്ന ഭർത്താവിനെക്കുറിച്ചറിയാമെങ്കിലും പെട്ടന്നൊരു തീരുമാനം അസാദ്ധ്യമായതോർത്തു വിഷമിക്കുമ്പോൾ...

"രാജി തീരുമാനിക്കുക. വരുന്നെങ്കിൽ റഡിയായിരുന്നോളൂ. മിസ്റ്റർ സോമനും, തമ്പിയും കൂടെയുണ്ടാകും.

റിസീവർ മുഴുവിച്ചിരിക്കുന്നു.

ഒരിക്കൽ ഒരു വലിയ കൊടുങ്കാററടിച്ചു അപരാഹ്നത്തെക്കുറിച്ചോർമ്മിക്കയായിരുന്നു ഞാൻ.

പൊടുന്നനവേ, വെളിച്ചം മങ്ങുകയും കാർമേഘം സ്വന്തം ഗർഭപേടകത്തിൽ സൂര്യനെ, ഒരു ചോരക്കട്ടയായി, സൂക്ഷിച്ചാണ്ടമായി വഹിക്കുകയും ചെയ്തപ്പോൾ കാലത്തിന്റെ തൂവലുകൾ കരിയിലകളായി ഭൂമിയിൽ ചിതറിവീണുകൊണ്ടിരുന്നു.

അപ്പോൾ ഞാനൊരു തടാകക്കരയിലായിരുന്നു. ചിപ്സിട്ട പടവുകളൊന്നിൽ തടാകജലത്തിന്റെ നീലിമയിൽ, എന്റെ പ്രതിരൂപം കൊഞ്ഞനം കുത്തുന്നതു നോക്കി നിർവികാരയായിട്ടിരിക്കുമ്പോൾ...

തടാകത്തിലൊരു നൗകയിൽ ഭർത്താവും മിസ്റ്റർ സോമനും തമ്പിയും.

അവരുടെ പൊട്ടിച്ചിരിയുടെ മാററൊലി ഒരുപററം വെള്ളിൽ പറവകളുടെ ഗതി മാററമായി തടാകത്തിൽ പ്രതിബിംബിച്ചപ്പോൾ...

—തടാകജലം കറക്കുകയും കത്തിച്ചുകയറിയ കാർമേഘങ്ങളെ ഇരുത്തി കൊടുങ്കാററുണ്ടു വീശുകയും ചെയ്ത ഭർത്താവിന്റെയും സ്നേഹിതന്മാരുടെയും പൊട്ടിച്ചിരി ഒരു ഇടിമുഴക്കത്തിന്റെ ഭീകരതയായി അക്കരയിൽ മുട്ടി പ്രതിധ്വനിച്ചു.

ഞാൻ നോക്കുമ്പോൾ നൗക അക്കരയെത്തിയെന്നും അവർ സുരക്ഷിതരാണെന്നും—

പക്ഷേ, ഇവിടെ എനിക്കെന്തുണ്ട്? അപ്പോൾ. മററക്കൊരു തോണിയിൽ എന്റെയടുത്തേക്കു തുഴഞ്ഞുവരുന്ന എന്റെ ചിത്രകാരൻ. അദ്ദേഹമെന്നെപലപ്പോഴും അത്ഭുതപ്പെടുത്തുന്നു. അദ്ദേഹം പാടിയിരുന്നപാട്ടുകൾ എന്നെപ്പററിമാത്രമായിരുന്നു.

മർമ്മരിൽ പടവുകളിൽ അക്കരയുടെ വനസൗന്ദര്യം നുകരുന്ന കന്യകയുടെ പ്രതിബിംബം എന്റെ ഹൃദയമാണെന്നും അവിടെ ചലിക്കുന്ന നീലരക്തധമനികൾ മന്ദിക്കുന്ന തടാകത്തിന്റെ സ്പന്ദനം നിനക്കുവേണ്ടിയാണെന്നും അദ്ദേഹം പാടിയിരുന്നു.

കൊടുങ്കാററടിക്കട്ടെ. വൃക്ഷങ്ങൾ കരപുഴകി വീഴട്ടെ, എനിക്കു ഭയമില്ലെന്നും ഞാൻ സുരക്ഷിതയണെന്നുമുള്ള ബോധം എന്നെ ആഹ്ലാദിപ്പിച്ചു.

അദ്ദേഹത്തെ ഒന്നു ചൊടിപ്പിക്കാൻവേണ്ടി. ആ ചൊടിപ്പിൽ അല്പമൊന്നു രസിക്കാൻ മാത്രം തടാകജലത്തിൽ കാലിളക്കി കളിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ ഭാവിച്ചു.

അജ്ഞാതനായ എന്റെ സാമീപ്യമറിഞ്ഞിട്ടേയില്ലെന്നും, ദുഃഖത്തിനു ചിറകുകൾ മുളച്ചിരുന്നുവെങ്കിൽ മററൊരു ദുഃഖമായി പറന്നുപോകുമായിരുന്നുവെന്നും അതിനായിക്കുന്ന ജലസുന്ദരി ഞാനിന്നു നിസ്സഹായനാണ്. നിസ്സഹായനാണ് എന്നു പാടുമ്പോൾ അതിന്റെ പൊരുളറിയാവുന്ന എന്റെ മനസ്സ് തേങ്ങി. ഒരപരിചിതനായി കാൽകാതം ദൂരത്തിനിന്നു കാണാൻ മാത്രമായിട്ടെന്തിനദ്ദേഹം വന്നുവെന്നോർത്തു ഞാൻ ദുഃഖിച്ചു.

ഞാൻ നിന്നിരുന്നിടത്തേക്ക് ചാഞ്ഞു ചാഞ്ഞുവന്നിരുന്ന മരത്തിന്റെ മരണശ്വാസം പോലും കേൾക്കാനെനിക്കു കഴിഞ്ഞില്ല. അദ്ദേഹം തോണിയിൽനിന്ന് ചാടിയിറങ്ങിയതും എന്നെ കോരിയെടുത്തു് പക്ഷിവേഗത്തിൽ ഓടിയതും ഞാനറിഞ്ഞു. മരം തല കുത്തനെ, തടാകത്തിൽ പതിച്ചതിന്റെ അലർച്ച എന്നെ നടുക്കുകയും ഞാൻ കിതക്കുകയു ചെയ്യുമ്പോൾ അദ്ദേഹം എന്നെ താഴെ നിർത്തിയിട്ട് പൊട്ടിച്ചിരിച്ചു. ദിഗന്തങ്ങൾ പൊട്ടുമാറുള്ള ആ ചിരി കേട്ടവർ കേട്ടവർ നടുങ്ങി.

"താഗ്യം. ആൾ ശ്രാന്തനാണ്."

ആരൊക്കെയോ പറയുന്നതു കേട്ടപ്പോൾ എന്റെ മുൻപിൽ തടാകം കറങ്ങി. വൃക്ഷങ്ങൾക്കു വീണ്ടും കൊടുങ്കാററ്. ഞാൻ നിലംപതിച്ചു. ആരാണു ശ്രാന്തൻ ഉച്ചത്തിൽ അത്യുച്ചത്തിൽ ഞാൻ ചോദിച്ചു.

"ശ്രാന്തനാണെന്നറിഞ്ഞു് പാപം കൂട്ടി പേടിച്ചുപോയിരിക്കും" സമീപത്തു നില്ക്കുന്ന വൃദ്ധന്റെ ശബ്ദം.

"നദികൾ മലകളിലേക്കൊഴുകാറില്ലെന്നും ഞാനെന്റെ സ്നേഹത്തിന്റെ അറകൾക്കു് മുദ്രയിട്ടിരിക്കുന്നുവെന്നും പറഞ്ഞ അദ്ദേഹം പിരിഞ്ഞതിനുശേഷമുള്ള ആദ്യത്തേതും അവസാനത്തേതുമായ സമാഗമം.

ഞാൻ നോക്കിനിന്നില്ല. അദ്ദേഹം തോണിയിൽ കയറുന്നതും ശക്തിതോട്ടത്തിലെ തോണി പായുന്നതും, തടാകത്തിൽ നിന്ന് വെട്ടിയിട്ടിരിക്കുന്നതു കനാലിലേക്കുള്ള വഴിത്തിരിവിൽ അദ്ദേഹത്തിന്റെ തോണി മറയുന്നതും കണ്ടു.

ജലത്തിനടിയിൽ കെട്ടുപിണഞ്ഞാടിയ മരങ്ങളുടെ ശവങ്ങൾ അനാഥമായി കിടക്കുന്നതു നോക്കി ഞാൻ കല്ലടവിലിരിക്കുമ്പോൾ ഭർത്താവ്, മിസ്റ്റർ സോമനും തമ്പിയും ഇക്കരെ. തീരത്തോടടുത്തുകൊണ്ടിരുന്നു.

മറക്കാനാവാത്ത മാധുര്യത്തിന്റെ ലഹരിയാർജ്ജിച്ചതാണ് എന്റെ ഈ ദുഃഖം ഋതുഭേദങ്ങൾക്കോ സ്ഥലകാലങ്ങൾക്കോ മററാനാവില്ലെന്നറിഞ്ഞുകൊണ്ടു്, ഞാനെന്നെ തുള്ളുകൂകി

ഇല്ല. ഇല്ല. ഇല്ല.

നേരം രാത്രിയാകുകയിത്തപ്പോൾ കള്ളൻ ബംഗ്ളാവിന്റെ പിൻവശത്തെ മതിൽ ചാടി ഇണ്ടാസ്സാതെ ഇടുത്തുചാടി കുറ്റിച്ചെടി കർക്കിട്ടുള്ളിച്ചു. മുൻവശത്തെവ്വ നിന്നോ പട്ടിയുടെ കുര കേട്ടു. അതു തന്റെ നേരേയ്ക്കു ഓടിവരുന്നതായി തോന്നി. കയ്യിൽ കരുതിയിരുന്ന മയക്കമരുന്നു പുരട്ടിയ റൊട്ടിക്കഷണം അതിന്റെ നേരെ എറിഞ്ഞുകൊടുത്തു. പട്ടി അതു മണപ്പിച്ചു. തിന്നു. വീണു. കള്ളൻ ചുറ്റിനും നോക്കി. മുറികളിലെന്നിലും വെളിച്ചമില്ല. എല്ലാപേരും ഉറക്കമായിരിക്കുന്നു.

പൈപ്പുകൾവഴി മെല്ലെ മുകളിലേക്കു കയറി. ഒരു മുറിയിലെ ജനൽക്കമ്പി ബലം പ്രയോഗിച്ചു വളച്ചു് അതിനകത്തേക്കു ചാടുകയും ഊർന്നിറങ്ങി നിലത്തു കമിഴ്ന്നു കിടന്നു. യാതൊരനക്കവുമില്ല. ഉള്ളിലുള്ളതു് "ഡപ്പായിന്റെ" ടാർച്ചു "ഉണ്ണ്" ഉള്ളങ്കയ്യിൽ പൊത്തി മെല്ലെ കത്തിച്ചു മുന്നിലെ വെട്ടത്തിൽ ചുററിനും പരിശോധിച്ചു. ആഫീസറുടെ കിടപ്പുമുറിയാണു്. ഭാര്യയും കട്ടിലിൽ കിടക്കുന്നു. ആഫീസറെ കാണാനില്ല. അതാ ആ വാതൽ പകുതി തുറന്നിരിക്കുന്നു! ആഫീസർ പുറത്തേക്കു പോയതായിരിക്കണം. കള്ളൻ ലൈററണച്ചു ശ്രദ്ധിച്ചു. അതാ ഭാര്യ കട്ടിലിൽനിന്നും എഴുന്നേല്ക്കുന്നു. പതുക്കെ വാതലിൽക്കൂടി കേണിപ്പടിയിറങ്ങി താഴേക്കു പോകുന്നു. കള്ളൻ അവരുടെ പിന്നാലെ സാവധാനം നടന്നു. അവർ ചീട്ടിന്റെ പിൻവാതൽ മെല്ലെ തുറന്നു് അവിടെക്കൂടി ഇറങ്ങി നേരെ കർഷെഡ്ഡിലേക്കു നടക്കുകയാണു്. അവിടെ ഒരാൾ കാത്തുനില്ക്കുന്നുണ്ടു്, ഇവിടെ, ഈ ഇടനാഴിയുടെ മുറിയിൽ എന്താണൊരു ശബ്ദം? കള്ളൻ ശ്രദ്ധിച്ചു. ഇതു ജോലിക്കാരിയുടെ മുറിയായിരിക്കണം. ജന്നലിൽക്കൂടി ഉയർന്നുവരുന്ന വെട്ടത്തിൽ രണ്ടാൾരൂപം അവ്യക്തമായി കാണാം. അതെ ആഫീസറും ജോലിക്കാരിയുമാണു്!

പൊട്ടനെന്നെ അതാ മറാറാരുവശത്തെ മുറിയുടെ വാതൽ മെല്ലെ തുറക്കപ്പെടുന്നു. കള്ളൻ മിന്നൽവേഗത്തിൽ ഒളിച്ചു. ആഫീസറുടെ മകളാണു്. അവളെവിടേക്കാണു് പതുങ്ങിപ്പതുങ്ങി നടന്നുപോകുന്നതു്? അതു ശരി. ജോലിക്കാരന്റെ കശിനിയിലേക്കു്!

ആ മതിൽ ചാടി കാല്പറണ്ടാതെ ആരാ ആടി വരുന്നതു് ആഫീസരുടെ മകനല്ലേ? സംഗതിയിപ്പോൾ അപകടമായുമല്ലേ? അവനും ജോലിക്കാരിയുടെ അറയിലേക്കാണു വേച്ചുവേച്ചു നടന്നു പോകുന്നതു്.

പെട്ടെന്നു മുറിയിൽ വെളിച്ചം വീണു. അച്ഛനും മകനും നഗ്നയായ ജോലിക്കാരിയും! സമസ്തപദ്ധതികളും ഇവിടെ സമഞ്ജസമായി സന്തോളിച്ചിരിക്കുന്നു. ഇതിനൊക്കെ മൂകസാക്ഷിയായി കള്ളനും!

"കള്ളൻ! കള്ളൻ!" എല്ലാപേരും ഉറക്കെ നിലവിളിച്ചു. ബംഗ്ളാവുകൈ പ്രകാശത്തിൽ മുങ്ങിക്കുളിച്ചു. കള്ളനെ എല്ലാപേരുംകൂടി പിടിച്ചുനിർത്തി, പോലീസിലേക്കു ഫോൺചെയ്തു. പോലീസ് വന്നു. കള്ളനെ പിടിച്ചു.

കവിതകൾ

സുകുമാർ

ഒരു വെറുംകള്ളൻ നടന്നകന്നപ്പോൾ
ഒമ്പതു പെരുംകള്ളന്മാരതു നോക്കിനിന്നു!

★

മേമ്പൊടി

മണിക്കൂറുകളോളം നീണ്ടുനിന്ന അറ്റ ബോറൻ കേസ്സുവിസ്താരം കഴിഞ്ഞപ്പോൾ അവശനായി കൂട്ടിൽനിന്ന പ്രതിയോടു് ജഡ്ജി ചോദിച്ചു:—

"തനിക്കിനി എന്തെങ്കിലും പറയാനുണ്ടോ?"

പ്രതി പറഞ്ഞു:— "കട്ടപ്പത്തിലൊരു ചായ."

— —

ഗ്രന്ഥനിരൂപണം

സാധാരണക്കാരനു ഭാഷ പ്രയോഗിക്കുവാനും മനസ്സിലാക്കുവാനും നിഷ്കൃഷ്ടാർത്ഥത്തിൽ വ്യാകരണപഠനം ആവശ്യമില്ല. അക്ഷരമാലയും പദവിഭാഗവും വാക്യഘടനയും നിഷ്പത്തിയും അറിഞ്ഞുകൂടാത്ത അശിക്ഷിതപട്ടക്കാർ നിത്യജീവിതത്തിൽ ഭാഷ അസ്സലായി കൈകാര്യം ചെയ്യുന്നുണ്ടു്. വ്യാകരണശാസ്ത്രത്തിന്റെ സാങ്കേതികപരിജ്ഞാനം നിയാമകമല്ല. അവരുടെ വിവക്ഷിതാർത്ഥം അന്യൂനമതിരിക്തമായി അഭിപ്രേക്ഷിപ്പിക്കുവാൻ വ്യാകരണശാസ്ത്രത്തിൽ അവഗാഹം വേണം, എന്നില്ല. മാതൃഭാഷയുടെ വ്യാകരണം പാലിൽ നെയ്യെന്നപോലെ നമ്മുടെ മനസ്സിൽ ലയിച്ചിരിക്കുന്നു. അഞ്ചുവയസ്സാകുമ്പോഴേക്കും മാതൃഭാഷയുടെ രൂപഘടന ശിശുവിന്റെ മനസ്സിൽ ഉറച്ചുകഴിഞ്ഞിരിക്കും. ഭാഷയുടെ മൗലികവാക്യരൂപങ്ങൾ (Basic Sentence Pattern) പോലും അപ്പോൾ കുട്ടിക്കു മനസ്സിലായിക്കഴിഞ്ഞിരിക്കുമെന്നാണു സിദ്ധാന്തം. വക്താവിനും ശ്രോതാവിനും ഉദ്ദിഷ്ടാർത്ഥം മനസ്സിലാകുമ്പോൾ ഭാഷയുടെ പ്രാഥമികലക്ഷ്യം നിർവ്വഹിക്കപ്പെടുന്നുവെങ്കിലും, ഭാഷാഗമജ്ഞൻ അതുകൊണ്ടു് സംതൃപ്തിപ്പെടുന്നില്ല. അർത്ഥബോധത്തിനു ഭാഷ എങ്ങനെ സമർത്ഥമായി, ഭാഷയിൽ ഏതു ഘടകത്തിനും എങ്ങനെ അർത്ഥാഭിസംക്രമണം സമർത്ഥമായി നിർവ്വഹിക്കുവാൻ കഴിയുന്നു. ഭാഷയുടെ അടിസ്ഥാനഘടകങ്ങൾ എന്തെല്ലാം എന്നു തുടങ്ങിയ പ്രശ്നങ്ങൾ വാഗ്യോഗവിത്തിന്റെ അന്വേഷണപരിധിയിൽ

ഒരു വ്യാകരണ ഗ്രന്ഥം

എൻ. ആർ. ഗോപിനാഥപിള്ള

വന്നുപെടുന്നു. വഴിപോക്കനു് പാലം നിർമ്മാണത്തിന്റെ സംങ്കേതികപ്രക്രിയ അറിയണമെന്നില്ലെങ്കിലും വാസ്തുവിദ്യാവിദഗ്ദ്ധനു് അതു് അറിയുകതന്നെവേണം. അപ്പോൾ ഭാഷയുടെ വിശിഷ്ടവും സമഗ്രവുമായ വ്യാഖ്യാനമാണു് വ്യാകരണം. "ഭക്ഷോഹാഗമലഘ്വചസന്ധിഹാദികൾ ശബ്ദാനുശാസ്തിത്തിന്റെ പ്രയോജനങ്ങളെന്നു പതഞ്ജലി പ്രഖ്യാപിച്ചെങ്കിലും അവയിൽ പലതും ഇന്നു് പ്രയോജനങ്ങളല്ല. ഭാഷ എങ്ങനെ പ്രയോഗിക്കണം എന്നതിലല്ല ഭാഷ എങ്ങനെ പ്രയോഗിക്കുന്നു എന്നതിലാവണം ഭാഷാശാസ്ത്രജ്ഞന്റെ ശ്രദ്ധ. ഭാഷയുടെ ധ്വനിപരവും ഘടനാപരവുമായ സവിശേഷതകൾ വ്യക്തിഭേദപ്പെടുത്തുന്നതിലല്ലാതെ തെററും ശരിയും നിർണ്ണയിക്കുന്ന നിയമപരിലനപ്രവൃത്തി ഭാഷാശാസ്ത്രജ്ഞന്റെ മുഖ്യജോലിയല്ല. പക്ഷേ, താഴ്ന്ന ക്ലാസ്സുകളിൽ അതുതന്നെ ഒരു സമീപനരീതിക്കു് അതിന്റേതായ ചില മെച്ചങ്ങൾ ഉണ്ടു്. മലയാളഭാഷയെപ്പററി അങ്ങനെ

നിങ്ങൾ വായിച്ചിട്ടുണ്ടോ? ★ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ!

1. മദനലീലകൾ! ഏററവും പുതിയ പൂർണ്ണചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം, വിവിധ സംയോഗരീതികൾ മുതലായവ, വില 7-00
2. രാസരസം! മധുവിധു ആനന്ദലഹരിയുള്ളതാക്കാൻ സഹായിക്കേണ്ട സംയോഗരീതികൾ, രഹസ്യങ്ങൾ, ചിത്രങ്ങൾസഹിതം വില 6-00
3. മദനസാമ്രാജ്യത്തിലെ രതിവിചിത്രതകൾ! വമ്പന്മാരുടേയും കൊലകൊമ്പന്മാരുടേയും ലൈംഗികവിചിത്രതകളുടെ സമാഹാരം. വില 6-00
4. സെക്സ് അററ്ലസ്! സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, പ്രവർത്തനം, മൈഥുനരീതികൾ, ഹാമിലിപ്ളാനിംഗ് etc! ചിത്രഗ്രന്ഥം. വില 5-00
5. സ്ത്രീപുരുഷശരീരശാസ്ത്രം! ലൈംഗികാവയവങ്ങളുടെ വളർച്ച, പ്രവർത്തനം സംഭോഗരീതികൾ, രഹസ്യമുറകൾ. ചിത്രഗ്രന്ഥം വില 5-00
6. രാസക്രീഡ! രതിമാഹാത്മ്യം, ഉത്തമസംയോഗനിലകൾ, കാമലീലകൾ എല്ലാം ചിത്രങ്ങൾസഹിതം. വില 4-00
7. കാമശാസ്ത്രം! വാത്സ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ്വരെ നിർദ്ദേശിച്ചിട്ടുള്ള രഹസ്യങ്ങളും കാമലീലകളും. ചിത്രഗ്രന്ഥം. വില 4-00
8. സ്ത്രീകളും പ്രസവരഹസ്യവും! ഗർഭോല്പാദനം മുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ—വിവാഹിതർ അറിയേണ്ടതു്. ചിത്രഗ്രന്ഥം. വില 3-00
9. ഹണിമൂൺ! (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ, ചിത്രഗ്രന്ഥം. വില 4-00
10. വിവാഹജീവിതവും സംയോഗരീതികളും! കുന്നുമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ രതിജീവിതം സുഖകരമാക്കാം. വില 2-00
11. കല്യാണരാത്രിയിലെ കാമലീലകൾ! എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാനും സുഖിക്കാനും ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2-00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും! വൈദ്യശാസ്ത്രം. വില 1-00

എല്ലാ പുസ്തകങ്ങൾക്കും വി. പി. ചിലവു പുറമെ, കാററ്ലോഗ് സൗജന്യം.

V. P. A. L. P. O. Thariannagar. (Via) Thiruvalla R. M. S. Kerala.

എഴുതപ്പെട്ട ഒരു നിർദ്ദേശങ്ങൾക്കുള്ള വ്യാകരണഗ്രന്ഥമാണു് (prescriptive grammar) ശ്രീ: പീററർ ജോൺ കല്ലടയുടെ "വ്യാകരണവൃത്താലങ്കാരങ്ങൾ." എന്ന കൃതി ഹസ്തനായ ഒരദ്ധ്യാപകന്റെ വ്യാകരണപാഠ്യക്കുറിപ്പാണു് ഈ കൃതി.

ഭാഷാവൈയാകരണന്മാർ നടന്നു പഴകിയ പാതയിൽക്കൂടിത്തന്നെ ശ്രീ പീററർജോൺ സഞ്ചരിക്കുന്നു. കേരളപാണിനിയത്തെ മുഖ്യമായും അടിസ്ഥാനപ്പെടുത്തി മലയാളത്തിന്റെ വ്യാകരണസ്വരൂപം നിർണ്ണയിച്ചിരിക്കുന്നു. കഴിവുള്ളിടത്തോളം കേരളപാണിനിയെ പിൻതുടരുക ആചാര്യനെ അംഗീകരിക്കാൻ നിർവ്വാഹം ഇല്ലാത്തിടത്തും അതു തുറന്നു പറയുക. അപൂർവം സന്ദർഭങ്ങളിൽ ഒരു ററന്നു തോന്നുന്ന അഭിപ്രായങ്ങൾ തിരുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യുക—ഏതായാലും ഇതാണു സമീപനരീതി. വ്യാകരണം മാത്രമല്ല വൃത്താലങ്കാരങ്ങളും വിമർശനവിഷയമായിട്ടുണ്ടു്. കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭൂഷണം എന്നീ ഗ്രന്ഥങ്ങളിലെ പ്രധാനഭാഗങ്ങൾ ഇവിടെ സംഗ്രഹിച്ചിരിക്കുന്നു—വൃത്തഭാഗത്തു് ശ്രദ്ധിക്കേണ്ട ചില പരിഷ്കരണങ്ങൾ വരുത്തിയിട്ടുമുണ്ടു്.

കേരളപാണിനിയുടെ അഭിപ്രായങ്ങളിൽ ചിലതു ശ്രീ: കല്ലട ചോദ്യം ചെയ്തിട്ടുണ്ടു്. ആ ചോദ്യം ചെയ്യൽ പലതും ഉപരിപ്ലവങ്ങളായിപ്പോയില്ലേ? കേരളപാണിനിയുടെ അഭിപ്രായങ്ങളെല്ലാം നിരാക്ഷേപങ്ങളോ അനുല്ലംഘ്യങ്ങളൊ ആണെന്നല്ല മറിച്ചു അവ തിരുത്തുമ്പോൾ ഗ്രന്ഥകാരൻ അവതരിപ്പിച്ച യുക്തികൾ ബലിഷ്ഠങ്ങൾ അല്ല എന്നു മാത്രമാണു് വിവക്ഷിതം. ഒന്നുരണ്ടുദാഹരണം നോക്കുക. മലയാളത്തിൽ ഭേദകം എന്നതിനു പകരം വിശേഷണം എന്ന പദം പ്രയോഗിക്കണമത്രേ. സർവശക്തനായ ദൈവം എന്ന പ്രയോഗത്തിൽ സർവശക്തൻ എന്ന വിശേഷണം വിശേഷ്യത്തിന്റെ അർത്ഥത്തെ ഭേദപ്പെടുത്തുന്നില്ല എന്നതാണു്. സർവശക്തൻ എന്ന പ്രയോഗം സർവസംഹാരകനായ ദൈവം എന്നല്ലതായി തുറിച്ചുനോക്കിയാൽ ഇതിന്റെ അപര്യാപ്തത മനസ്സിലാവും. വിശേഷണങ്ങൾ വിശേഷ്യത്തിന്റെ അർത്ഥത്തെ പരിമിതപ്പെടുത്തുകയാണു്. പലപ്പോഴും ചെയ്യുക. ഒരു ശബ്ദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്നതാണു് വിശേഷണം. ഭേദിപ്പിക്കുക എന്നാൽ വിശേഷിപ്പിക്കുക എന്നാണർത്ഥം. അപ്പോൾ ഭേദകം എന്ന സംജ്ഞയ്ക്കും ശാസ്ത്രസമ്മതം ഉണ്ടു്. എന്നാൽ സമർത്ഥൻ എന്ന പദം മലയാളത്തിൽ നാമവിശേഷണമല്ല, നാമമാണെന്നു പറഞ്ഞാൽ എനിക്കു് അഭിപ്രായവ്യത്യാസവുമില്ല. അതുപോലെ സർവനാമം നാമമല്ല എന്ന അഭിപ്രായത്തിനും വേണ്ടത്ര അടിയുറപ്പില്ല. "പ്രത്യയം കൂടാതെ പദങ്ങളെ ഒന്നിച്ചുചേർക്കുന്നതു്" എന്ന സമാസനിർവചനം അലുപ്തസമാസം ഉൾക്കൊള്ളത്തതുകൊണ്ടു ശാസ്ത്രസമ്മതമല്ല. അതുപോലെ കൃതി എന്നർത്ഥത്തിൽ ക്രിയ എന്നുപയോഗിക്കുന്നതെന്ന നിഷ്കർഷയും ഇന്നു അസ്ഥിരപ്പെട്ടിട്ടുണ്ടു്. അപൂർണ്ണക്രിയ, പൂർണ്ണക്രിയ, നിഷേധക്രിയ എന്നീ പ്രയോഗങ്ങൾ നോക്കുക. പ്രവൃത്തിയും അതിനെ കുറിക്കുന്ന വാചകവും ക്രിയയിൽ അന്തർവിക്കും.

ശ്രീ: പീററർ ജോൺ കല്ലടക്കു് ഹൃദ്യമായ ഒരു ശൈലി ഉണ്ടു്. സുശിക്ഷിതനായ ഒരദ്ധ്യാപകന്റെ ഹസ്തലാഘവം ഈ കൃതിയിൽ വ്യക്തമത്രേ. വിവക്ഷിതം വ്യക്തമാക്കാൻ സമർത്ഥമാണു് ശൈലി. നിരാഡംബരവും കാര്യമാത്രപ്രസക്തവുമായ ആ ശൈലി നർമ്മമധുരമാവുന്ന നിമിഷങ്ങളും അപൂർവമല്ല. ("ബസ്സ്റ്റി"ന്നിന്നും തെറിച്ചുപോയ മാലതിയുടെ താല വഴിയിൽത്തന്നെ കിടന്നു. "മീൻ വിഴുങ്ങിയ ബാലനെ ഡംക്ക്ക്ക് ജയതിലകൻ രക്ഷപെടുത്തി." "ഒരു ജപ്പാൻവിമാനം ജർമ്മൻ വിമാനം തിരിച്ചോടിച്ചു." "ഏതാനും നാളായി സുഖക്കേടായിക്കിടന്നിരുന്ന കുട്ടിയാട്ടു രാമപ്പണിക്കരുടെ നിലവു എന്ന ആനയെ അഴിച്ചുവിട്ടപ്പോൾ അതു ബഹളമുണ്ടാക്കി." എന്നിങ്ങനെയുള്ള വാക്യങ്ങൾ ഏതു കുട്ടിയുടെ മനസ്സിലും ബലാൽക്കാരമായി കടന്നിരിക്കുതന്നെ ചെയ്യും. അത്തരം തൊറുകൾ അവർ ആവർത്തിക്കുകയുമില്ല. ഒരു വ്യാകരണ

സത്യവും സ്വാഭാവികതയും ഭാവനയുടെ പക്ഷങ്ങൾ വിടത്തി പറന്നുയരുമ്പോൾ അത്യുത്തമ കലാസൃഷ്ടികളാകുന്നു. അതിനൊരുദാഹരണമാണ്

ജയപാലന്റെ

"രാധ"

പേജ് 456, വില 5-00

കോപ്പികൾക്ക് N. B. S.

ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ഇതു നിസ്സാരമല്ലല്ലോ.

സംക്ഷിപ്തമായി പറയട്ടെ, ഭാഷാവ്യാകരണത്തിൽ താല്പര്യമുള്ളവർക്കു പ്രയോജനപ്രദമായി ഉപയോഗിക്കാവുന്ന ഒരു ഗ്രന്ഥമാണ് "വ്യാകരണവൃത്തലക്ഷണങ്ങൾ...." അവതാരികയിൽ ശ്രീ. സി. പി. ശ്രീധരൻ എഴുതി: "മലയാളവ്യാകരണത്തിൽ പൊളിച്ചെഴുത്ത് നടത്തുന്നതിന് ശ്രീ. പീററർ ജോൺ കല്ലട നടത്തിയ മഹായജ്ഞത്തിൻഫലമായി രൂപം കൊണ്ട ഈ ഗ്രന്ഥം മലയാളഭാഷയുടെ അരിവൃദ്ധ യിൽ എണ്ണപ്പെട്ട ഒരു നാഴികക്കല്ലായിത്തീരുമെന്നതിൽ എനിക്കു സംശയമില്ല." ഈ അഭിപ്രായം കേട്ടു വായനക്കാരൻ ഒട്ടും ഞെട്ടേണ്ടതില്ല. എങ്കിലും കാര്യം, തീർച്ചയാണ്. വിദ്യാർത്ഥികൾക്കു നിശ്ചയമായും അദ്ധ്യാപകന്മാരെയല്ലെങ്കിലും, ഈ കൃതി പ്രയോജനപ്പെടുക തന്നെ ചെയ്യും.

* വ്യാകരണവൃത്തലക്ഷണങ്ങൾ, ശ്രീ. പീററർ ജോൺ കല്ലട ദീപികാ ബുക്ക് ഹൗസ്, കോട്ടയം. വില 4-50

ഒരു ക്ലാസ്സിക്കൽ കലാരൂപമായ കഥകളി ജനഹൃദയങ്ങളെ കൂടുതൽ ആകർഷിച്ചുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണല്ലോ, ജനപ്രിയരൂപം നേടിയ ഒരു ഖണ്ഡകാവ്യത്തെ കഥകളിയായി അവതരിപ്പിക്കണമെന്ന് മയ്യനാട് (കൊല്ലം) "നവരംഗ"ത്തിനു തോന്നിയതു്. മഹാകവി കുമാരനാശാന്റെ കരുണ വായിച്ചിട്ടില്ലാത്തവർക്കു അതിലെ കഥ നിശ്ചയമാണ്. പല ഈരടികളും കേട്ടുകേട്ട് മനപ്പാഠമാണ്. ഈ മനോഹരമായ കാവ്യത്തിലെ കഥാപാത്രങ്ങളെ കഥകളിയിലൂടെ കണ്ടാസ്വദിക്കുക, അപൂർവമായ ഒരനുഭവമായിരിക്കും.

അനേകം കഥകളികളും സാഹിത്യകൃതികളും രചിച്ചു പഴക്കംവന്ന ഒരു കുലികയുടെ ഉടമസ്ഥനാണ് പ്രൊഫ: കെ. എൻ. ഗോപാലപിള്ള. അദ്ദേഹം കരുണ

കരുണ—കഥകളി

—ബി.

യെ എട്ടു രംഗങ്ങളിലാക്കി, കഥകളിക്കനുരൂപമാംവിധം രചിച്ചു. ഏതാണ്ടു മുന്നര മണിക്കൂറുകൊണ്ട് ആടിത്തീർത്തുകൂടാവിധം സംവിധാനം ചെയ്യുവാനുദ്ദേശിച്ച നവരംഗം തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. പുറപ്പാടുകഴിഞ്ഞ് ഉപഗുപ്തനേയും കണ്ടു് അക്ഷമയായി നിരീക്ഷണങ്ങളെ തള്ളിനീക്കുന്ന വാസവദത്ത, തോഴിയുടെ വരവിൽ ഉല്ലസിക്കുകയാകുന്നതു്, മറുപടി അറിഞ്ഞു് അസംതൃപ്തിയുടേയും അസഹിഷ്ണുതയുടേയും പടവുകളിലേക്കു വഴുതുന്നതുകൊണ്ടു രംഗം തിന്നില്ല. ചെട്ടിയാരുടെ ആഗമനമറിഞ്ഞ തോഴി, ന

യോപായങ്ങളാൽ വാസവദത്തയെ അനുനയിപ്പിക്കുവാൻ പഴയപടി ശ്രമിക്കുവാൻ വീണ്ടും സജ്ജയാക്കി. ഭാവാഭിനയവും, അഭ്യാസത്താൽ ആയവും ലയവുമന്ന ശാരീരികായ പാടവവുംകൊണ്ടു് ഒരു ഗണികയുടെ രൂപം കാഴ്ചക്കാരുടെ ഉള്ളിൽ പതിപ്പിക്കാൻ ഏററവും സമുചിതമായ കലാരൂപം കഥകളിയാണെന്ന് ഈ രംഗം കണ്ടപ്പോൾ ഉറപ്പായി. വാസവദത്ത, കലാവിജ്ഞയെന്ന, ലളിതകലകളിൽ വിദുഷിയാകണം, ഗണിക. വാസവദത്തയുടെ കലാവൈദഗ്ദ്ധ്യം കാണികളെ നന്നേ ആകർഷിച്ചു.

രൗദ്രഭാവാവിഷ്കരണത്തിന് പററിയ മാധ്യമം കഥകളിതന്നെ. ഒരുതോഴിലാളിത്തലവന്റെ ഭാഗം അതു തെളിയിച്ചു. മനസ്സിലെ വികാരങ്ങളെ കണ്ടറിഞ്ഞാസ്വദിച്ച ഇടപോലെ, കോപവികാരങ്ങളുടെ തീവ്രമായ ചടുലതയും കാണികൾ നേരിട്ടറിഞ്ഞു. മദ്യത്തിൽ വിഷം ചേർത്ത് വാസവദത്ത അയാളെ കൊന്നു. മദ്യപാനം, മനസ്സിൽ ഉളവാക്കുന്ന വിവിധ വിഭ്രാന്തികളേയും ആനന്ദൻ ഭംഗിയായി സ്ഫുരിപ്പിച്ചു. യുവതിയും സുഖലോലുപയുമായിരുന്ന വാസവദത്തയെന്ന വാരസുന്ദരിയുടെ ജന്മസിദ്ധം, നിയതിയുടെ ക്രൂരസ്മയമന്ന ഇടതാഴന്നതും ആരോഹണമന്ന കാഴ്ചക്കാരെക്കൊണ്ടു സ്വയം ചോദിപ്പിക്കുംവിധം ക്രൂരസിപ്പിക്കുന്നതായിരുന്നു. ചുട്ടുകാടിന്റെ രംഗബോധം ജനിപ്പിക്കുവാനും, കാററിൽ കടലൊച്ചി പറന്നെത്തുന്ന സൂര്യകിരണംപോലെ അവിടേക്കു് ഉപഗുപ്തനെ വരുത്തുവാനും നവരംഗത്തിനു സാധിച്ചതു നിസ്സാരമല്ല. ആ രംഗത്തിൽ ഉപഗുപ്തൻ ആത്മനിയന്ത്രണം പാലിക്കുന്നതു് ഉത്തമം. കലാമണ്ഡലം ശങ്കരധ

വാസവദത്തയും (കേശവൻനമ്പൂതിരി)
ചെട്ടിയാരും (കേരളവർമ്മ)

രന്റെ പാട്ട്, അർത്ഥം സ്ഫുരിക്കുംവിധം വ്യക്തവും സ്ഫുടവും ഇമ്പമുള്ളതുമായിരുന്നു. പല വരികളും കരുണയിലുള്ളതുതന്നെ. ഈ കഥകളിയിൽ പ്രധാനമായ മയ്യനാട് കേശവൻനമ്പൂതിരി (വാസവദത്ത), ചാവറ പാറുക്കുട്ടി (തോഴി), കലാമണ്ഡലം കേരളവർമ്മ (ചെട്ടിയാർ), തോന്നയ്ക്കൽ പീതാംബരൻ (തൊഴിലാളിത്തലവൻ) ചന്ദ്രമന ഗോവിന്ദൻനമ്പൂതിരി (ഉപഗുപ്തൻ) എന്നിവരാണ് അഭിനയിച്ചതു്. മനോജ്ഞമായ ഈ കലാപ്രദർശനം ഒരു സുന്ദരമായ ദൃശ്യരൂപം കൂടി നവരംഗം അവതരിപ്പിച്ചു. ഹൃദ്യമായ ഒരു കലാവിരുന്നായി കാണികൾക്ക് അതു് അനുഭവപ്പെടുകയും ചെയ്തു.

—ബി—

ഓർമ്മയുടെ ഓളങ്ങളിൽ

13-ൻെറ തുടർച്ച)

"മായായ്ക! മായയ്ക്ക
മാനത്തിൻ മാണിക്യ-
മാലാമതല്ലികേ! മാരിവില്ലേ!" എന്ന പല്ലവിയിലെ കല്പന പ്രകൃതിനിരീക്ഷണത്തിലുള്ള വിചക്ഷണതയല്ലാ. വികലതയാണ്, സ്പഷ്ടമേക്കുന്നതെന്നയിരുന്നു, ശ്രീ: മാരാരുടെ പക്ഷം. ഞാൻ പറഞ്ഞിട്ടില്ലല്ലോ മഴവില്ലിനു ചുവപ്പുണ്ടെന്ന്. "മാനത്തിൻെറ മാണിക്യമാലേ" എന്നു വിളിച്ചില്ലേ ഉള്ളൂ. വസ്തു സത്യവും അനുഭവജന്യമായ ഭാവനാസത്യവുമുണ്ട്. ആദ്യത്തേതു ശാസ്ത്രത്തിൻെറ പ്രമേയം, രണ്ടാമത്തേതു കവിത മുതലായ കലകളുടെ "മാനത്തിൻെറ മണിക്യമാല", ഐന്ദ്രിയമായ ഒരനുഭൂതിയിൽനിന്നു പിറന്ന സൗന്ദര്യബോധഭാവിതമായ ഒരു പ്രതിമാത്രമേ അതു മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നുള്ളൂ. തെററാണതെന്ന് എനിക്കു തോന്നുന്നില്ല. എൻെറ തോന്നലിലെ നിറമുള്ള സത്യം. അനേകം സഹൃദയർ അതിനനുദിച്ചു; അവർക്കാർക്കും തോന്നിയില്ല.

"കാലമധുചിക്ക കാററത്തഴിഞ്ഞിട്ടും."

കർമ്മവേണി കെട്ടുവൻ പട്ടനാട്", എന്ന ഉല്ലേഖം ഫാദർ പരലോക്കാരൻ സവിശേഷം എടുത്തുപറഞ്ഞെന്നു കൈരളിയുടെ സഹപത്രാധിപർ, കെ. വി. രാഘവൻനായർ പറഞ്ഞു. നിരൂപകമിത്രം എൻെറ സമാധാനം സ്വീകരിച്ചുവോ എന്നു സംശയമാണ്. "വള്ളത്തോൾ ആണ്, ആ വൈകല്യം ചൂണ്ടിപ്പറഞ്ഞതു" എന്നു "നാരായണസ്തോം" തൊട്ടുകൂട്ടി ചെയ്തു. ഞാൻ തലകുനിച്ചു വാദത്തിൽനിന്നു ഒഴിഞ്ഞു. 1926-ൽ ഒരു പ്രസംഗത്തിൽ മഹാകവി പ്രസ്താവിച്ചതായി പത്രത്തിൽ വന്നു: "മലയാളത്തിലെ ഒരു സുപ്രസിദ്ധകവി മഴവില്ലിനു ചുവപ്പുനിറമാണെന്നു വർണ്ണിച്ചിരിക്കുന്നു. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുള്ള ശക്തിക്കുറവാണിതു കാണിക്കുന്നതു". ഞാൻ ഒരു സുപ്രസിദ്ധകവിയാണെന്ന് എന്തിനു് ഏററുകണം, എന്നു വിനയം ശങ്കിച്ചതിനാൽ എനിക്ക് ഒരു കത്തെഴുതാൻപോലും ധൈര്യം തോന്നിയില്ല. ഏതായാലും ആ വരി ഇന്നും മാഞ്ഞുപോയിട്ടില്ല. മഴവില്ല് വരുന്നതു കാത്തു കൊഞ്ചാൻ ജീവിക്കുന്നു.

* * *

തിരുവില്വാമലയുടെ മാദകമായ ചഷകം ആത്മാവിന് ഇഷ്ടമാകുന്നുവെങ്കിലും, അതു ചുണ്ടിൽനിന്നു വേർപെടുത്തേണ്ട നിലയായി. മണാളർ തുള്ളുക്കു മാറി; കേശവൻനായർ മെനാക്കു പോയി; ഒററയ്ക്കായി ഞാൻ. അസുഖകരമായ ഒരു ഏകാകിതാബോധം, നാട്ടിനു് അടുത്തു വല്ല ഹൈസ്കൂളിലെങ്കിലും മാററം കിട്ടിയെങ്കിൽ! 1925 മാർച്ചവസാനത്തിൽ നാട്ടിലേക്കു മടങ്ങുമ്പോൾ ചീഫ് ഇൻസ്പെക്ടർ അച്യുതമേനോനെപ്പോയി കണ്ടു; എൻെറ അഭിലാഷം അറിയിച്ചു. ആ ജൂണിൽ വിദ്യാലയം തുറന്നപ്പോൾ എന്നെ ചാലക്കുടി ഹൈസ്കൂളിലേക്കു മാററിക്കഴിഞ്ഞിരുന്നു. ശിവരാമമേനോൻെറ സഹവാസം എനിക്ക് ഒരനുഗ്രഹമായിരുന്നതിനാൽ ആ വേർപാടിൽ എന്തോ വലിയൊരു നഷ്ടം പററിയപോലൊരു അനുഭവം. താലിയിൽ ഇടത്തെ കൈയിൻെറ പെരുവിരൽ ഊന്നി, എപ്പോഴും ചിന്തയിലെന്നപോലെ നടന്നവരുന്ന ആ കൊച്ചു "വലിയ മനുഷ്യൻെറ" നിഷ്കളങ്കമായ സൗഹൃദസ്നിഗ്ധത്തിരുപവിത്രമായ ഒരാകർഷകതയുണ്ട്. തിരുവില്വാമലയോടു വിടവാങ്ങിയാലും ഞങ്ങൾക്കുടെക്കൂടെ എഴുത്തയച്ചിരുന്നു; തിരുവണ്ണി കേറി നിങ്ങുമ്പോൾ, ഭാരതപ്പുഴയുടെ പുഞ്ചിരിക്കൊള്ളുന്ന സൈകതങ്ങൾ വിളറുന്നതുപോലെ തോന്നിയിരുന്നു. ക്ഷേത്രത്തിൻെറ പടിഞ്ഞാറേ നടയ്ക്കൽ നടയിരുത്തിയ ആനയെപ്പോലെ അകലെനിന്നു നോക്കിയാൽ തോന്നുന്ന ആ പാറക്കെട്ടിലെ ഏകാന്തശാന്തത അവിടെച്ചെന്ന് ഒരിക്കൽക്കൂടി ആസ്വദിക്കാൻ മോഹം.

—

സാഹിത്യവാരഫലം

(16-ാൽ നിന്നും തുടർച്ച)

മാരിയിൽ നോക്കുന്നതു് സ്വന്തം മുഖം കാണാനല്ലേ അല്ലമാരിക്കകത്തിരിക്കുന്ന വസ്തുക്കൾ കാണാനല്ലല്ലോ. ജലാശയത്തിനു് ഭംഗിയുണ്ടോ, വൈരൂപ്യമുണ്ടോ എന്നാണെങ്കിലും നോക്കുന്നയാളിനോടു ചോദിച്ചാൽ അയാൾ അത്ഭുതപ്പെട്ടുവെന്നുവരും. കാരണം അയാൾ സ്വന്തം മുഖം പ്രതിഫലിക്കുന്നതു മാത്രമേ കണ്ടിരിക്കുകയുള്ളു എന്നതുതന്നെ. മുരളീധരന്റെ കഥയിൽ ഞാൻ നോക്കിയതു് എന്നെയാണു്. മറ്റൊരുവിധത്തിൽ പറയാം. ജീവിതമുണ്ടോ എന്നാണു് നോക്കിയതു്. അതിന്റെ രൂപം പ്രതിഫലിക്കത്തക്കവിധത്തൽ ഇക്കഥ ഒരു കലാദർപ്പണമായിട്ടില്ല. പ്രബന്ധത്തിന്റെ സ്വഭാവമേ ഇതിനുള്ളു. ഉണങ്ങിവരണ്ട ദേശപ്പുറത്തു് വസ്തുക്കൾ പ്രതിഫലിക്കുകയില്ലല്ലോ, "കങ്കരം"വാരികയിൽ (21 ജനുവരി) അരവി എഴുതിയ "ദുഃഖസ്മൃതികൾ" എന്ന ചെറുകഥയുടെ സ്ഥിതിയും വിഭിന്നമല്ല. ശശി വിവാഹിതനായി വീട്ടിൽക്കഴിയുമ്പോൾ പൂർവകാമുകിയുടെ കത്തു വരുന്നു. മുന്നുമാസത്തോളം അവൾ ശശിയുടെ കുഞ്ഞിനെ ഗർഭാശയത്തിൽ വഹിച്ചിരുന്ന രഹസ്യം അറിയിച്ചുകൊണ്ടുള്ള കത്താണതു്. അതിന്റെകൂടെ മറ്റൊരു കാര്യവുമുണ്ടു്. അവൾ വിവാഹം കഴിക്കാൻ പോകുന്നു. ഇത്രയും പറയാൻ സെക്സിനെ കൂട്ടുവിളിക്കുന്ന കഥാകാരൻ. വല്ലപ്പോഴുമാണു് അദ്ദേഹം ഇങ്ങനെ പ്രവർത്തിക്കുന്നതെങ്കിൽ അതിന്റെ ലക്ഷ്യം നമുക്കു മനസ്സിലാക്കാമായിരുന്നു. അതല്ല സ്ഥിതി. വളരെ കാലമായി ഞാൻ അരവിയുടെ കഥകൾ വായിക്കുന്നു. ലൈംഗികവേഴ്ചയുടെ വർണ്ണനയില്ലാതെ എന്തെങ്കിലും അദ്ദേഹം എഴുതിയിട്ടുണ്ടോ എന്നു കാര്യത്തിൽ സംശയമുണ്ടെനിക്കു്. സ്ത്രീകളുടെ കാമാദ്ദീപകങ്ങളായ അവയവങ്ങളെ വർണ്ണിക്കാതെ അദ്ദേഹത്തിനു് ഇതിനകം വല്ലതും എഴുതാൻ സാധിച്ചിട്ടുണ്ടോ? ഇനി എഴുതാൻ കഴിയുമോ? ഇല്ലെന്നുതന്നെയാണു് എന്റെ വിശ്വാസം, ലൈംഗികകാര്യങ്ങൾ വർണ്ണിച്ചാൽ തെട്ടിപ്പോകുന്നവനല്ല ഇതെഴുതുന്നയാൾ, നന്നായ സെക്സിന്റെ ഗ്രൂപ്സാവഹമായ വർണ്ണനയില്ലാത്ത ഏതു പുസ്തകമുണ്ടു് ഹെൻട്രി മില്ലറുടേതായി? എങ്കിലും ആ വർണ്ണന ഇടയില്ല. അദ്ദേഹത്തിന്റെ ലോകനിരീക്ഷണപാടവം കാണാം. ചിന്തയുടെ ഗഹനത കാണാം. ന്യൂ ഇംഗ്ളീഷ് ലൈബ്രറിയുടെ "അണ്ടർഗ്രൗണ്ടു് ക്ലാസ്സിക്കാ"യി അടുത്തകാലത്തു് പ്രസാധനംചെയ്ത "ക്ളിഷേയിലെ പ്രശാന്തദിവസങ്ങൾ" എന്ന നോവലും (Quiet Days in Clichy) മില്ലറുടെ അശ്ലീലരചന അതിന്റെ പാരമ്യത്തിൽ എത്തിയിട്ടുണ്ടു്. പാരിസിന്റെ പ്രാന്തപ്രദേശമായ ക്ളിഷേയിൽവച്ചു് പ്രധാന കഥാപാത്രം നടത്തിയ നിന്ദ്യങ്ങളായ വ്യഭിചാരങ്ങളെ നിന്ദ്യമായിത്തന്നെ ചിത്രീകരിക്കുന്ന ഈ നോവലിനു കലാംഗിയില്ല. എങ്കിലും ചില ഭാഗങ്ങൾ കാവ്യാത്മകങ്ങളായിട്ടുണ്ടു്. ഒരു ഭാഗം നോക്കൂ:—

> "A rich fecundating dream, shot through with a mystic blue light. I had sunk to that dangerous level where, out of sheer bliss and wonder, one lapses back to the bottom mold. In some vague dreamy way I was aware that I must make a herculean effort. The struggle to reach the surface was agonising, exquisitely agonising."

ഇതു് കാവ്യാത്മകം മാത്രമല്ല; ഉദാത്തവുമാണു്. ന്യൂ ഇംഗ്ളീഷ്ലൈബ്രറി കുറെ വർഷംമുൻപു് പ്രസാധനംചെയ്ത A Devil in Paradise എന്ന മില്ലറുടെ നോവലിലും ഈ ഉദാത്തത ദർശിക്കാം. Sexus, Plexus, Nexus എന്നീ നോവലുകളുടെ കാര്യം പറയാനുമില്ല. അതറിക്കും അദ്ദേഹത്തിന്റെ കൂട്ടുകാർക്കും "Him" "Her" എന്ന നോവലുകൾ ഉഴുതിയ അമേരിക്കക്കാരനെപ്പോലെ അശ്ലീലമെഴുതാനേ അറിയുകയുള്ളു. കലയ്ക്കുവേണ്ടി സെക്സ് കാം; സെക്സിനുവേണ്ടി കലയെന്ന ആശയം നല്ലതല്ല.

ഫ്ററഞ്ചെഴുത്തുകാരിയായ മദാം ദെസ്ററാൽ "നിംഫോമേനിയ" ഉള്ളവളായിരുന്നു. (കാണുന്ന പുരുഷന്മാരുടെയെല്ലാം ലൈംഗികവേഴ്ച വേണമെന്നു് സ്ത്രീക്കു ആഗ്രഹമുണ്ടാവുന്നതാണു് അതിനു് മനഃശാസ്ത്രജ്ഞന്മാർ നിംഫോമേനിയ എന്നു വിളിക്കുന്നു.) അവൾ ഒരിക്കൽ നെപ്പോളിയന്റെ ചക്രവർത്തിയുടെ കുടുമറിയിൽ ചെന്നു കയറി അദ്ദേഹം കളിക്കുന്ന സമയം നോക്കിയുള്ള കടന്നുകൂടലായിരുന്നു അതു്. നെപ്പോളിയൻ പരിപൂർണ്ണനഗ്നനായി നിന്നു കളിക്കുകയായിരുന്നു. അദ്ദേഹത്തിനു ദേഷ്യവന്നു കോപാക്രാന്തനായി ഗർജ്ജിക്കുന്ന ചക്രവർത്തിയെ നോക്കി സ്ററാൽ പറഞ്ഞു: "പ്രതിഭയ്ക്കു സെക്സില്ല" എന്നു് (Genius has no sex.) ബ്രിട്ടീഷ്കവി ബൈറൺ ഇവരെ ബഹുമാനിച്ചിരുന്നു. സ്ററാൽ മരിച്ചപ്പോൾ അദ്ദേഹം എഴുതി. "She thought like a man, but alas! She felt like a woman"—അവൾ പുരുഷനെപ്പോലെ ചിന്തിച്ചു; — ക്ഷ, കഷ്ടം! സ്ത്രീയെപ്പോലെയാണു വികാരമനുഭവിച്ചിരുന്നതു്" ചില കഥകളും കവിതകളും വായിക്കുമ്പോൾ ഞാൻ ബൈറന്റെ ഈ വാക്യം ഓർക്കാറുണ്ടു്. "ചന്ദ്രിക" ആഴ്ചപ്പതിപ്പിൽ (ജനുവരി 20) ശ്രീ. ഹബീബ് കലപ്പട്ടി എഴുതിയ "ഭാതി" എന്ന ചെറുകഥ നോക്കൂ. പട്ടുവിഴാറായ മരവും തളിർത്തുനില്ക്കുന്ന മരവും, വൃദ്ധനായ വൃക്ഷത്തിനു ദുഃഖം; യുവാവായ വൃക്ഷത്തിനു് ആഹ്ലാദം; പക്ഷേ, വൃദ്ധപിതൃകൾ കണ്ണടയ്ക്കുമ്പോൾ യുവാവിനു ഭാതി. ഹബീബ് പുരുഷനെപ്പോലെ ചിന്തിക്കുന്നു; സ്ത്രീയെപ്പോലെ വികാരമനുഭവിക്കുന്നില്ല. ബൈറൺ മദാം ദെസ്ററാലിനെ കുറ്റപ്പെടുത്തിയെങ്കിലും സ്ത്രീ സ്ത്രീയാകണമെങ്കിൽ സംവേദനത്തിനു ശക്തിയുണ്ടാകണം. ഹബീബിന്റെ കഥയിൽ പുരുഷന്റെ ചിന്തയും പുരുഷ

കമ്പനി രജി: നമ്പർ 2370 സ്ഥാപിതം: 1952 ഫോൺ: 3158

ന്യൂ കേരളാ ചീററ്സ്

& ട്രേഡ്സ് [പ്രൈവററ്] ലിമിററഡ്

പ്രസ്സ്ക്ളബ്ബ്ബിൽഡിംഗ്, കൊല്ലം.

(ഒരു ദശവത്സരക്കാലത്തെ പ്രശസ്തസേവനപാരമ്പര്യം)

* ഉദ്യോഗസ്ഥന്മാർക്കും, വ്യാപാരികൾക്കും, മറുനാടൻ മലയാളികൾക്കും പ്രത്യേകം ചീട്ടികൾ.

* ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ സബ്ആഫീസുകൾ പ്രവർത്തിക്കുന്നു. * രിലായി, ദൂർക്കലാ സബ്ആഫീസുകളിലും, ഹെഡാഫീസിലും നിന്നു് പ്രത്യേകം പ്രത്യേകം ഉടൻ ആരംഭിക്കുന്ന ചീട്ടികൾ.

A—Rs. 75 ✕ 40 മാസം = Rs. 5000 ☒
B—Rs. 50 ✕ 40 „ = Rs. 2000 ☒
C—Rs. 25 ✕ 40 „ = Rs. 2000 ☒

തിരുവനന്തപുരം എറണാകുളം ബ്രാഞ്ചുകളുടെ ഉത്ഘാടനം സദയം പ്രതീക്ഷിക്കുക.

ന്റെ വികാരമോഹിതയും കണ്ടെന്നു. അ ഉടൻ ഞാൻ കരയല്ല.

സ്ത്രീകൾ നല്ലവരാണ്. എങ്കിലും ചി പ്പോൾ അവർ ക്രൂരയായി പെരുമാറും. സലേമിയ ഞ്ഞായിരുന്നു? ഹെറോദിയാ സിന്റെ മകൾ ജോണിന്റെ തലയറു ത്തു പ്ലേറ്റിൽ വച്ചുകൊടുക്കണമെന്നു് അവൾ ആവശ്യപ്പെട്ടു. അവളുടെ ആഗ്ര ഹം സാഫല്യമുണ്ടായി പക്ഷേ, ആ സലോമി എത്ര ഭേദം, നമ്മുടെ കഥാ കാരി ഉമയായി ചിന്തിച്ചുനോക്കുമ്പോൾ! "മ നോരമ ആഴ്ചപ്പതിപ്പിൽ (ജനുവരി 20) നിഴലുകൾ എന്നൊരു ചെറുകഥയുണ്ട്. എഴുതിയതു് പി രാ പ്രേമം, പ്രേമഭം ഗം എന്ന സ്ഥിരം വിഷയംതന്നെയാണ് ഈ കഥാകാരിക്കും കൈകാര്യം ചെയ്യാനു ള്ളതു്. മന മറിപ്പിക്കുന്ന എല്ലാ പ്രയോ ഗങ്ങളും ഇതിലുണ്ട്. മന്ത്രം:—"ദേവ നു കൊടുക്കാൻ കൊണ്ടുപോകുന്ന പൂവ് ഞാൻ ചോദിച്ചാൽ തരുമോ?" കാമുക ന്റെ ചോദ്യമാണിതു്. ഇതു വായിച്ച പ്പോൾ സ്ഥലകാലങ്ങൾ മറന്നു് ആ കാമു കനെ അടക്കാനായി "ആ ചൂലു് ഇങ്ങു ചാണകമുക്കി എടുത്തുകൊണ്ടുവാ" എന്നു ഞാൻ ഉറക്കെ പറഞ്ഞുപോയി. വെറു പ്പ്, കോപം മുതലായ വികാരങ്ങൾ കൂട്ടി പ്പോൾ ഈ കാർക്കശ്യം സംഭവിക്കും. ബൽസാക്കിനു രോഗം കൂടിയപ്പോൾ അ ദ്ദേഹം പറഞ്ഞു:— "ഞാൻ കഥാപാത്ര ങ്ങൾ ഒരു ഡോക്ടറെ സൃഷ്ടിച്ചിട്ടു ണ്ട്. അയാളെ വിളിച്ചുകൊണ്ടുവന്നു് എ ന്നെ കാണിക്ക്. ആ ഉജ്ജ്വലപ്രതിഭാശാ ലിക്കു സംഭവിച്ച തെറ്റു് നിസ്സാരമായ എനിക്കും സംഭവിച്ചുപോയി ഇരിക്കട്ടെ. സലോമി! ഭവതി ഗുരുചെയ്ത ഹെറോ ദിനെ ശപിപ്പിച്ചു. എന്നിട്ടാണു ജോണി ന്റെ തല ചോദിച്ചതു്. മനോരമയിലെ കഥാകാരിയാവട്ടെ ഞങ്ങൾ വെറു പ്പിച്ചുകൊണ്ടു് അവരുടെ ശിരസ്സുകൾ ആവശ്യപ്പെടുന്ന ഞങ്ങൾക്കു ബന്ധുക്കളു ണ്ട്. സ്നേഹിതരുണ്ട്. അവരെക്കരുതി കു റേക്കാലംകൂടി ഞങ്ങൾക്കു ജീവിച്ചിരിക്ക ണമെന്നുണ്ട്. ഞങ്ങളുടെ തലകൾ ഞങ്ങ ളുടെ കഴുത്തുകളിൽത്തന്നെ ഇരുന്നുകൊള്ള ട്ടെ കഥാകാരികളേ! ഈ ക്രൂരത അവ സാനിപ്പിക്ക.

—0—

ഇതാ എന്റെ യാഥാർത്ഥ്യങ്ങളിലെ സങ്കൽപ്പങ്ങൾ

"മലയാളനാടു് വാരിക കയ്യിൽകിട്ടി യാൽ ഏററവും ആദ്യം വായിച്ചുകൊണ്ടി രുന്ന പംക്തിയാണ് "സങ്കല്പങ്ങളിലെ ഭാര്യ." ഞാൻ കുറച്ചുനാളുകളായി വിചാ രിക്കുന്നു, ഞാൻ ഒരു അവിവാഹിതനായി രുന്നു എങ്കിൽ എന്റെ സങ്കല്പങ്ങളിലെ ഭാര്യയെപ്പററി അല്ലം എഴുതി യയ്യുമാ യിരുന്നു എന്നു്. എന്നാൽ കഴിഞ്ഞ 19-ാംതീയതിലെ മലയാളനാടു് വായിച്ച പ്പോൾ എനിക്കു സന്തോഷമായി. എ ന്തെന്നാൽ യഥാർത്ഥഭാര്യയെപ്പററിയും എ ഴുതുവാനുള്ള സൗകര്യം ലഭിച്ചല്ലോ. അ തിനു സൗകര്യം ഉണ്ടാക്കിത്തന്ന മലയാള നാടിനു നന്ദി. ഇനി എന്റെ സങ്കല്പങ്ങ

ളിൽ ഉണ്ടായിരുന്ന ഭാര്യയെപ്പററിയും "യ ഥാർത്ഥഭാര്യ"യെപ്പററിയും അല്ലം എഴുതാം.

ഞാൻ ഇപ്പോൾ 12 വർഷക്കാലമായി ഒരു മറുനാടൻമലയാളിയാണ്. ആദ്യ മായി ജോലിചെയ്യുവാൻ തുടങ്ങിയ പ്പോൾ എന്റെ സങ്കല്പങ്ങളിലെ ഭാര്യ യെക്കുറിച്ചു വിചാരിച്ചിരുന്നില്ല. എ ന്നാൽ താമസംവിനാ ഞാൻ..... സങ്കല്പ ങ്ങളിലൂടെ എന്റെ ഭാര്യയെക്കണ്ടുതുട ങ്ങി. അതെ, രാവിലെ എട്ടുമണിക്ക് അണിഞ്ഞൊരുങ്ങി എന്റെകൂടെ, അനേ കായിരം പേരു ജോലിചെയ്യുന്ന—ഞാൻ ജോലിചെയ്യുന്ന കമ്പനിയിലേക്ക്—ജോ ലിക്കായി ഒരുമിച്ചുപോവുകയും ഉച്ചക ന്നേരം നാലുമണിക്ക് ഒരുമിച്ചു തിരിച്ചു വരികയും ചെയ്യുന്ന—അങ്ങിനെ ഒരു ജോ ലിയുള്ള ഭാര്യയെയാണ് ഞാൻ ആദ്യമാ യി സങ്കല്പങ്ങളിലൂടെ കണ്ടുതുടങ്ങിയതു്.

ടി. എസ്. നായർ, വൈക്കം

ലേഖകനും കുടുംബവും

സൗന്ദര്യവതിയല്ലാത്ത— സൗന്ദര്യത്തെ ഞാൻ ഭയപ്പെടുന്നു, പ്രത്യേകിച്ചു മറുനാ ട്ടിൽ—എന്നാൽ വിരൂപിയല്ലാത്ത, ആത്മാ ത്ഥതയുള്ള, എന്നും എന്നോടൊത്തു കഴി യുന്ന, എന്നേക്കാൾ എളിയ, എന്നോളം തന്ത്രങ്ങളിലും വിദ്യാഭ്യാസമുള്ള, എന്റെ അ ഛനമ്മമാരെ സ്നേഹിക്കുന്ന ഒരു ഭാര്യയെ യാണ് ഞാൻ സങ്കല്പങ്ങളിലൂടെ കണ്ടിരുന്നതു്. എന്റെ യഥാർത്ഥ്യങ്ങ ളിലെ ഭാര്യ അങ്ങനെയുള്ളവളാണോ?

എളുപ്പക്കാൾ പ്രായംകുറഞ്ഞ, എന്നെ ക്കാൾ തടിമിടുക്കുള്ള, എന്നോളംതന്ത്ര വിദ്യാഭ്യാസമുള്ള. എന്റെ അച്ഛനമ്മ മാരെ ദൈവത്തിനുതുല്യമായി സ്നേഹിക്ക ന്ന, വിരൂപിയല്ലാത്ത, ആത്മാർത്ഥതയും സ്നേഹവും നിറഞ്ഞ, ഒരു ജോലിയുള്ള ഭാര്യയാണ് എനിക്കു യഥാർത്ഥജീവിത ത്തിൽ ലഭിച്ചതു്.

ഏതുതരം എന്റെ സങ്കല്പത്തിലെ ഭാ ര്യതന്നെ. എന്നാൽ എന്റെ സങ്കല്പങ്ങ ളിലെപ്പോലെ എന്നും രാവിലെയും വൈ കുന്നേരവും എന്റെകൂടെ, ഒരേ കമ്പനി യിൽ പോവുകയും വരികയും ചെയ്യുവാൻ എന്റെ ഭാര്യയ്ക്കു കഴിയുന്നില്ല. അല്ലപോ ലെതന്നെ എന്നും എന്റെ സമീപം കഴി ഞ്ഞുകൂടുവാനുള്ള അവസരവും എന്റെ ഭാര്യയ്ക്കു് ഇല്ല. ആണ്ടിൽ രണ്ടോ മൂന്നോ മാസംമാത്രമാണ് ഞങ്ങൾ ഒരുമിച്ചു കഴി യുന്നതു്. കാരണം ഞാൻ ഒറിസ്സയിലും ഭാര്യ കേരളത്തിലും ജോലിചെയ്യുന്നു.

ഞങ്ങൾ ഫാമിലിപ്പ്ലാനിംഗിൽ ഉറ ച്ചുനില്ക്കുന്നവരാണ്, പരപ്രേരണകളാ തെതന്നെ. ഞങ്ങളുടെ വിവാഹം കഴി ഞ്ഞിട്ടു് ഏഴുവർഷം ആകുന്നു. ഏകപു ത്രനാണ് "സുരേഷ്" ഇപ്പോൾ ആറുവ യസ്സു് തികയുന്നു. ഒന്നാംക്ലാസ്സിൽ പ ഠിക്കുന്ന ഹിന്ദിയിൽ പറയുന്നതുപോലെ "അഭിനഹി" "കഭിനഹി" എന്നതിൽ "അഭിനഹി" എന്ന തത്വത്തിൽകൂടി ഞ ങ്ങൾ ജീവിക്കുന്നു. ഇത്രയുമാണ് എന്റെ സങ്കല്പങ്ങളിൽ ഉണ്ടായിരുന്ന ഭാര്യയും യാഥാർത്ഥ്യങ്ങളിൽ ഉള്ള ഭാര്യയും. ഒ രു വാചകംകൂടി എഴുതിക്കൊള്ളട്ടെ. ഞ ങ്ങൾക്ക് —എനിക്കും ഭാര്യയ്ക്കും മോനും— കൂടി ഒരുമിച്ചു എന്നു ജീവിക്കുവാൻ കഴി യണമെന്നാണ് എന്റെ ആഗ്രഹം. അ തിനു ദൈവം അനുഗ്രഹിക്കട്ടെ.

—0—

അടിയനറിയാം

(11-ൽനിന്നും തുടർച്ച)

പുഞ്ചാർ, ചങ്ങനാശ്ശേരി, മാവേലിക്കര, കായംകുളം കൊട്ടാരക്കര, കിളിമാനൂർ, ആററിങ്ങൽ — എന്നുവേണ്ട, കൊട്ടാരങ്ങളായ കൊട്ടാരങ്ങളെല്ലാം ഓടിനടപ്പായി പണിക്കരുടെ തൊഴിൽ.

"താൻ വിഷമിക്കണ്ടാടോ പണിക്കരേ." രാജരാജവർമ്മ പറഞ്ഞു: "താൻ ചെയ്യുന്ന പാടൊക്കെ നാം കണ്ടറിയുന്നു". ഈ കൊട്ടാരം ശ്വാസമുണ്ടെങ്കിൽ തന്നെ നാം മറക്കില്ല."

"കല്ലിച്ചു വിഷമിക്കണ്ട." പണിക്കർ പറഞ്ഞു. "എല്ലാം അടിയനറിയാം. ഇവിടത്തെ ഇത്രയേറെ അറിഞ്ഞ വേറൊരാളില്ലല്ലോ."

"ശരിയാണു പണിക്കരേ. നമുക്കു താനേയുള്ളൂ."

"അടിയനു" ഇവിടുന്നു ഉള്ളുന്നു" അടിയനറിയാം."

"അതു നാം മറക്കില്ലല്ലോ."

"അടിയൻ."

അങ്ങനെ കുറച്ചുകാലത്തെ അലച്ചിലിനുശേഷം പണിക്കർ പറഞ്ഞു: "ഒന്നുകൂടി സംഗതികളൊക്കെ അടുത്തുവരുന്നുണ്ട്. പക്ഷേ, അതിനുമുമ്പു കൊട്ടാരമൊക്കെ ഒന്നു പരിശോധിക്കണ്ടേ?"

"അതിനു പണമുണ്ടല്ലോ?" കുറച്ചു പണമുണ്ടെന്നും അതു് എല്ലാററിനുംകൂടി തികയില്ലെന്നും അറിയാമായിരുന്ന രാജരാജവർമ്മ സംശയം ഉന്നയിച്ചു.

"ഉണ്ടല്ലോ." ആ ശബ്ദം ഉറച്ചതായിരുന്നു. അതു പാർവ്വതിയുടെ ശബ്ദമായിരുന്നു.

"എങ്ങനെ?" രാജരാജവർമ്മ നിർക്കി

"ഒക്കെണ്ടാവും. അമ്മാവൻ വിഷമിക്കണ്ട."

"എങ്ങനെന്നു പറയൂ.?

"ഇവിടെ പണമുണ്ടല്ലോ."

"ആ പ്രാ, കല്യാണച്ചെലവിനും."

"ഞാനെ ഉറുമീസിന്റെ വീട്ടിൽനിന്നു വാങ്ങും. പണിയെടുത്തു വീട്ടാൽ മതിയല്ലോ."

"കടമോ?" രാജരാജവർമ്മയുടെ ശബ്ദത്തിൽ ഇഷ്ടക്കേടുണ്ടായിരുന്നു.

"അതിനു കുഴപ്പോന്നുല്ല. ഞാൻ പണിയെടുക്കുന്ന സ്ഥലമല്ലേ."

"അതു ശര്യാ." പണിക്കർ പറഞ്ഞു.

രാജരാജവർമ്മയ്ക്കും തോന്നി അതു ശരിയാണെന്നു". പണിക്കരുടെ നിർദ്ദേശം അംഗീകരിക്കപ്പെട്ടു കൊട്ടാരത്തിൽ പണി തുടങ്ങി.

കാഴ്ചയ്ക്കു ഒരു പുതിയ കിടപ്പറയും പുതിയ സ്വീകരണമുറിയുമുണ്ടാക്കി. മററു മുറികൾ മുകളിലും താഴെയുമുള്ളവ— പരിഷ്ക്കരിച്ചു. ചുത്തിയാക്കി പഴയ കട്ടിലുകളും കസേരകളും പെയിൻറടിച്ചു്, വർണ്ണിഷടിച്ചു് ഭംഗിയാക്കി. പുതിയ ഡബിൾകോട്ടും പുതിയ സെററികളും മററും നിർമ്മിച്ചു ആകെക്കൂടി സംഗതി ഭംഗിയായി.

രാജരാജവർമ്മയ്ക്കു തൃപ്തിതോന്നി.

"കുഴപ്പമുണ്ടാകുന്നുണ്ടെങ്കിലും കുററം പറയില്ല എന്നു പണിക്കർ പറഞ്ഞപ്പോൾ അദ്ദേഹം പണിക്കരോടു പൂർണ്ണമായി യോജിച്ചു.

പാർവ്വതിയുടെ സമ്പാദ്യവും പാരമ്പര്യകളിൽനിന്നുകിട്ടിയ ആഭരണവും മുഴുവൻ വീട്ടുപണിക്കുവേണ്ടി മുടക്കേണ്ടിവന്നെങ്കിലും എല്ലാവർക്കും തൃപ്തിയായി. വീട്ടിന്നു് ഒരു പുതിയ വേഷവും ഭംഗിയും കൈവന്നതുകൊണ്ടു് എല്ലാവരും സന്തുഷ്ടരായും എല്ലാവരും ഒന്നുപോലെ അതിൽ ആഹ്ലാദിക്കുകയും ചെയ്തു വീട്ടുപണിയുടെ മേൽനോട്ടം വഹിച്ചതു പണിക്കരാണെങ്കിലും അതിന്റെ കണക്കും കാര്യങ്ങളും സൂക്ഷിച്ചതും കാര്യക്ഷമതയോടെ പണിക്കരെ സഹായിച്ചതും പാർവ്വതി ആയിരുന്നു പാർവ്വതിയുടെ കഴിവുകളും സാമർത്ഥ്യത്തിനും എല്ലാവരും പ്രശംസിച്ചു.

സുഭദ്രയുടെ വിവാഹാലോചനകൾക്കു് ചൂടേറി. ഒരാലോചന തൃപ്തികരമായി തോന്നി. നേവി ഉദ്യോഗസ്ഥനാണു് പ്രതിശ്രുതവരൻ, ചങ്ങനാശ്ശേരി കൊട്ടാരത്തിന്റെ തായ്‌വഴികളിലെന്നിൽപെട്ടവനാണു്. തുപ്പത്തുണ്ടു വയസ്സു്. ഫോട്ടോ കണ്ടിട്ടു് യോഗ്യൻ. കൊച്ചിയിൽ ഉദ്യോഗം. ചുററുപാടുകൾ തരക്കേടില്ല. പക്ഷേ,ജാതകപ്പൊരുത്തമില്ല. മററെല്ലാ കാര്യങ്ങളിലും ജാതകപ്പൊരുത്തമില്ലായ്മകാരണം ഉപേക്ഷിക്കേണ്ടിവന്നു.

ഒടുവിൽ ജാതകങ്ങൾ പൊരുത്തപ്പെട്ടു പ്രായവും ഏതാണ്ടു് പൊരുത്തപ്പെട്ടു കിളിമാനൂർ കൊട്ടാരവുമായി ബന്ധപ്പെട്ടതുതമ്പിപ്പാണു് ആളു് തിരുവനന്തപുരത്തു സെക്രട്ടറിയേററിൽ ജോലിയുണ്ടു്. നല്ല ജോലിയുണ്ടു്. പ്രമോഷൻ സാദ്ധ്യതകളുണ്ടു്. പ്രമോഷൻസാദ്ധ്യതകളുണ്ടെങ്കിൽ എവിടെയും ശിപാർശചെയ്തിട്ടു് പ്രമോഷൻകാര്യം നടത്തിക്കൊടുക്കാം മെന്നു് പാർവ്വതി ധൈര്യം പറഞ്ഞു.

പെണ്ണുകാണൽ ചടങ്ങിനു തീയതി ഉറപ്പിച്ചു.

പതിനൊന്നുമണിക്കു ചെറുക്കനും കൂട്ടരും വന്നു. മുമ്പു് ഉറുമീസിനു കൊടുത്ത മതിമിയുള്ള സദ്യവട്ടങ്ങളോടെ ഊണു തയ്യാറാക്കിയിരുന്നു. പുതിയ സ്വീകരണമുറിയിലിരുന്ന രാജരാജവർമ്മയും പണിക്കരും അതിഥികളോടു സംസാരിച്ചു. രാജരാജവർമ്മയ്ക്കു ചെറുക്കനെ ഇഷ്ടപ്പെട്ടു. മര്യാദക്കാരൻ. യോഗ്യൻ. ലോകകാര്യങ്ങളിൽ വിവരമുള്ളവൻ. ക്ഷമയോടെ ശ്രദ്ധിക്കുന്നവൻ.

ആതിനാട്ടു് കൊട്ടാരത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് രാജരാജവർമ്മ സംസാരിച്ചതൊക്കെ തമ്പി ക്ഷമയോടെ കേട്ടിരിക്കുകയും ഇടയ്ക്കിടെ ഓരോന്നു ചോദിക്കുകയും ചെയ്തു. സ്വന്തം കൊട്ടാരത്തിന്റെ മാഹാത്മ്യം വർണ്ണിക്കേണ്ടല്ല, മറിച്ചു് ചരിത്രപരമായ സത്യാന്വേഷണമാണു് തന്റെ ഉദ്ദേശ്യമെന്നു രാജരാജവർമ്മ വ്യക്തമാക്കി.

ഇതിനിടെ സുഭദ്ര നാരങ്ങാനീരു് കൊണ്ടുവന്നു. അപ്പോൾ അവൾ സുന്ദരിയായിരുന്നു. മിതമായി ആഭരണങ്ങളണിഞ്ഞു്, നീല സാരിയും നീല ബ്ലൗസും ധരിച്ചു്, മുടിചീകിക്കെട്ടി, ചുളുസിപ്പുവച്ചു്, വാലിട്ടു കണ്ണെഴുതി, ഒരു നാണ്യവും കൂടാതെ അവൾ കടന്നുവന്നു. പരിചയപ്പെടുത്തിയപ്പോൾ പരിഭ്രമലേശമില്ലാതെ അവൾ തൊഴുതു. പേരു ചോദിച്ചപ്പോൾ പറഞ്ഞു. പരിഭ്രമമില്ലാതെ പെരുമറോൻ അവൾക്കു കഴിഞ്ഞു് പാർവ്വതിയുടെ ശിക്ഷണം. മൂലമാവും എന്നു് രാജരാജവർമ്മ കരുതി. സുഭദ്ര പോയിക്കഴി

ബല്ലിസ്സാ വൈററനിംഗ് ക്രീം

പുരുഷന്മാർക്കു പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഒരു പുതിയ ക്രീം!

Face Your New Conquest

with...

Bellezza

WHITENING CREAM

FOR MEN



നിങ്ങളുടെ വ്യക്തിത്വത്തിനു പുതുമ നല്കുന്നു. ദിവസവും ഷേവു് ചെയ്യുന്നതുമൂലമുണ്ടാകുന്നതും, ചുട്ടുകൊണ്ടു് ഉണ്ടാകുന്നതുമായ പാടുകൾ, അടയാളങ്ങൾ ബല്ലിസ്സാക്രീം തുച്ഛമാക്കുന്നു. ബല്ലിസ്സാ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്നതാണ്.

ബല്ലിസ്സാ ഉപയോഗിക്കുന്ന പുരുഷന്മാരെ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു

ഒരു കുപ്പിക്കു 5 രൂപാ മാത്രം. പാക്കിംഗ് ചാർജ്ജ് പുറമേ. വി. പി. ആയി ലഭിക്കും. സൗജന്യഉപദേശത്തിനു് എഴുതുക:—

സലോൺ ഡി ബല്ലിസ്സാ, 607-A

ഡാലത്തു് മാൻസിൽ ഡോ: അംബദ്കർറോഡ്,

ദാദർ, ബോംബെ - 14. ഫോൺ: 440441

വിതരണക്കാർ: എം. ജി. ഷഹാനി ആൻറ് കമ്പനി (ബോംബെ) ലെപ്പ: ലിമിററഡ്, ബോംബെ. കൊസ്മോ ഏജൻസിസ്, ഡെൽഹി-6. സി. ആർ. ബ്രദേഴ്സ്, ബാംഗ്ളൂർ-2. സെൻറർസ്, 32 ജോൺസ്സ്ട്രീററ്, മദ്രാസ്-1.

മെനീസസ് ആൻറ് സിയാപഞ്ചിം, നൊവാഗോവാ.

മററു സ്ഥലങ്ങളിൽ വിതരണക്കാരെ ആവശ്യമുണ്ട്.

ഞ്ഞപ്പോൾ, ചെറുക്കനോടും കൂട്ടരോടും മുഖഭാവത്തിൽനിന്നു് രാജരാജവർമ്മ മനസ്സിലാക്കി, അവർക്കു പെണ്ണിനെ ഇഷ്ടപ്പെട്ടുവെന്നു്. സംഗതി ഏതാണ്ടു കഴിഞ്ഞതിന്റെ ആശ്വാസം ഒരു നിശ്വാസമായി അദ്ദേഹത്തിൽ പിറന്നുയർന്നു.

ഊണുകഴിക്കാൻ ക്ഷണിച്ചപ്പോൾ അതിഥികൾ സസന്തോഷം ക്ഷണിച്ചു. ഊണുമുറിയിൽ പുതിയ ഡൈനിംഗ് ടേബിളിന്മേൽ വിഭവങ്ങൾ നിരന്നു. അതിഥികളും രാജരാജവർമ്മയും ഇരുന്നു. പണിക്കരാരോടൊപ്പം ലക്ഷ്മിക്കുട്ടിയും വിളമ്പി. ലക്ഷ്മിക്കുട്ടിക്കും വലിയ മാററം വന്നിരിക്കുന്നുവെന്നു് രാജരാജവർമ്മ അത്ഭുതത്തോടെ കണ്ടറിഞ്ഞു. കുടുംബക്കാരിയും കുടുംബക്കാരിയും ആയി മാത്രം തന്നെ ഉണ്ടിരുന്ന ലക്ഷ്മിക്കുട്ടി കലിനയും പ്രൗഢയുമായ ഒരു പെണ്ണായപ്പോലെ പെരുമാറുന്നതു് രാജരാജവർമ്മയ്ക്കു് അവിശ്വസനീയമായി തോന്നി. വളരെ സംസ്കാരസമ്പന്നയായൊരു സ്ത്രീയെപ്പോലെ ലക്ഷ്മിക്കുട്ടി അതിഥികളോടു് ഉപചാരപൂർവ്വം പെരുമാറുന്നതു കണ്ടപ്പോൾ രാജരാജവർമ്മയ്ക്കു് തൃപ്തിതോന്നുകയും വാസ്തവത്തിൽ തന്റെ മരുമക്കൾ കുടുംബപാരമ്പര്യം നിലനിർത്തുന്നവർതന്നെയാണെന്നും ചുററുപാടുകളുടെ വിഷപ്പുകയാണു് അവരിൽ കറുപ്പു ചാർത്തുന്നതെന്നും ഉള്ള ബോധം അദ്ദേഹത്തിനു ഉണരുകയും ചെയ്തു.

നിശ്ചയത്തിന്റെ തീയതി തപാൽമാർഗ്ഗം കുറിയിക്കാം എന്നുപറഞ്ഞു് അതിഥികൾ യാത്രയായി. താൻ പഠിക്കലോളം ചെന്ന അവരെ യാത്രയാക്കി പണിക്കരെ ബസ്സ്റ്റാൻഡോളം അകമ്പടിയായി അയച്ചു. ബസ്സു് കയററിവിട്ടു് മടങ്ങിവന്ന പണിക്കരെ ചോദിച്ചു:

"എന്താ പണിക്കരേ, എന്തുപറയുന്നു?"

"എന്തുപറയാനാ? സംഗതി നടന്നതായികണക്കാക്കാമെന്നാണു് അളിയന്റെ പഴമനസ്സിൽ തോന്നണതു്."

"നമുക്കും അങ്ങനതന്യാ തോന്നണതു്" ശബ്ദംനിറയെ സന്തോഷമായിരുന്നു "വാടോ നമുക്കിന്നൊരു കളം ഇരിക്കാം."

ചതുരംഗപ്പലകവന്നു. കരുക്കൾവന്നു കരുക്കൾ നിരന്നു, പ്രതിഷ്ഠകൾ തെററുകയും തെററുകൾ ശരികളും ശരികൾ തെററുകളുമാവുകയും ചെയ്യുന്ന സങ്കീർണ്ണമായ, അനിർവ്വചനീയമായ, അനിശ്ചിതമായ പോരാട്ടം തുടങ്ങി. പോർവിളികൾ മുഴങ്ങി കളം ചലനാത്മകമായി, ശബ്ദമുഖരിതമായി. യുദ്ധം.

പ്രസന്നമായൊരു വൃശ്ചികപ്പുലരിയിലാണു്, പ്രസന്നമായ അന്തരീക്ഷത്തിലേക്കു് പെരുകുന്ന കുന്നുകൂന്ന ഒരിടുപോലെ, തപാൽക്കാരൻ ഇട്ടുതിരിച്ച മാനുർക്കാരുടെ കത്തുകളായി കടന്നുവന്നതു്. കത്തു് രാജരാജവർമ്മയ്ക്കായിരുന്നു കത്തുപൊട്ടിച്ചു വായിച്ച അമ്മാവൻ കണ്ണടയെടുത്തു മാററാൻപോലും കൂട്ടാക്കാതെ വെട്ടിയിട്ട മരംപോലെ വീഴുന്നതുകണ്ടു മരുമക്കൾ പരിഭ്രാന്തരായി. പണിക്കരോടപ്പം പാർവ്വതിയും അമ്മാവനു താങ്ങുവേ, കത്തെടുത്തു വായിച്ച ലക്ഷ്മിക്കുട്ടിയും സുഭദ്രയും ഒപ്പം വാവിട്ടുകരഞ്ഞു.

ഒടുവിൽ നേരം കിട്ടിയപ്പോൾ സാവകാശത്തിൽ കത്തുവായിച്ച പാർവ്വതിയുടെ മുഖം ജ്വലിക്കുന്നതു്, അമ്മാവൻ കണ്ടു. പാർവ്വതി മുററത്തേക്കു കടന്നു.

"ഹു, അവനല്ലെങ്കിൽ അവന്റെ അപ്പുറത്തവൻ, പോയിതുലയട്ടെ. ശവങ്ങളു്,"

"പാർവ്വതിരായി!" കിഴവൻ അലറി. കിഴവൻ വീണ്ടും പിന്നാക്കം മറിഞ്ഞു.

—o—

വധൂവരന്മാർ

കേരളത്തിൽ ഏതു ജില്ലയിൽനിന്നും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിയിലിരിക്കുന്ന കേരളീയരിൽനിന്നും അനുയോജ്യരായ വധൂവരന്മാരെ തിരഞ്ഞെടുക്കുവാൻ. എല്ലാ സമുദായക്കാർക്കും എഴുതാം.

ഡയറക്ടർ, I. M. A.

കോഴിക്കോട്-2, 673002

പണിതീരാത്ത വീട്

—മംഗലശ്ശേരി

ഇ്യന്നെനേക്കി ചിരിച്ചവരുടെ അധരങ്ങളിൽ കണ്ണീർക്കണങ്ങളായിരുന്നോ? കയോ മാത്രം ചിന്നവർ എന്നെ സന്തോഷിപ്പിക്കുവാൻ വേണ്ടിയാണോ ചിരിച്ചുകൊണ്ടു കരഞ്ഞതു്. ഞാൻ കണ്ട പ്രകാശം ചുരത്തുന്ന മുഖങ്ങളെല്ലാം കണ്ണീർ പൊയ്"കകളിൽ മാത്രം വിടരുന്ന അസുലഭകുസുമങ്ങളായിരുന്നോ? നിലഗിരിയിൽനിന്നും നെടുവീർപ്പുകളോടും ഗദ്"ഗദത്തോടും വിടവാങ്ങുമ്പോൾ ജോസ്" എന്ന ചെറുപ്പക്കാരന്റെ മനസ്സിലുതിർന്ന കോദ്യങ്ങളായിരുന്നവ. നിലഗിരിയിലെ പേ എക്കൗണ്ടാഫീസിക്കു ക്ലർക്കായി ജോലികിട്ടി ചെല്ലുമ്പോൾ ജോസിന്റെ മനസ്" പുത്തുലയുകയായിരുന്നു. എവിടെയും പ്രകാശം പരത്തുന്ന സ്നേഹം പകരുന്ന മുഖങ്ങൾ. പക്ഷേ, തന്നെ സ്നേഹിക്കുന്ന എല്ലാ നല്ല മനുഷ്യരും തനിക്കുവേണ്ടി പൊയ്"മുഖമണിയുകയായിരുന്നുവെന്നു് നല്ലവനായ ആ ചെറുപ്പക്കാരനു് ഒടുവിലാണു് മനസ്സിലായതു്. നിസ്സഹായനായി മടുവിൽ മരിയിരം മനുഷ്യരുസ്സിനുവേണ്ട ദുഃഖസ്മരണകളുമായി അയാൾ നടന്നകന്നുപോകുകയാണു്. ആദിമനുഷ്യൻ മുതലുള്ള മനുഷ്യരുടെയെല്ലാം മനസ്സുകൾ പണിതീരാത്തവീടുകളാണെന്നും അതു പൂർത്തീകരിക്കാൻ ആർക്കുംതന്നെ വരെ കഴിഞ്ഞിട്ടില്ലെന്നുമുള്ള സത്യം അയാൾ മനസിലാക്കുന്നു. അസാധാരണശക്തിയുള്ള, പ്രേക്ഷകമനസ്സുകളെ ചലിപ്പിക്കാൻ പാടുള്ള ഒരു പ്രമേയമാണു് പണിതീരാത്ത വീടിനുള്ളതു്. ചിത്രം കണ്ടിട്ടിറങ്ങുന്ന ഒരോ പ്രേക്ഷകനെയും ഈ ചിത്രത്തിൽ കൂടുമായി വിടരുന്ന ദുഃഖപുഷ്പങ്ങൾ അത്യധികമായി ആകർഷിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല.

പ്രസിദ്ധസാഹിത്യകാരനായ പാറപ്പുറത്തിന്റെ ശ്രദ്ധേയമായ ഒരു നോവലാണു് പണിതീരാത്ത വീടു്. ചിത്രകലാകേന്ദ്രം ഈ നോവലിനെ നല്ല ഒരു ചലച്ചിത്രമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ജോസ്" എന്ന ചെറുപ്പക്കാരനാണു് ഈ കഥയിലെ കേന്ദ്രബിന്ദു. താങ്ങാനാവാത്ത തന്റെ ദുഃഖഭാരം ഇറക്കിവയ്ക്കാൻ അത്താണികൾ തേടിച്ചെല്ലുന്ന അയാൾ അത്താണികളുടെ തീര ദുഃഖം കണ്ടു് അന്തിച്ചുനില്ക്കുകയാണു്. ദുഃഖസന്തതികളെയെല്ലാം കണ്ടുതീരുമ്പോൾ, അവരുടെ കദനത്തിന്റെ കഥകൾ കേട്ടുതീരുമ്പോൾ നാം അറിയാതെ പറഞ്ഞുപോകും "ദുഃഖത്തെപ്പോലിത്രമേൽ മധുരമാണെനവ്യുമാവില്ലല്ലോ സ്വർഗ്ഗപീയൂഷംപോലും" എന്നു്. നേർത്ത ദുഃഖംപോലെ മനസ്സിലേക്കൊഴുക്കവരുന്ന പതിനാലുകാരി ലീലയും, ഘനീഭവിച്ച ദുഃഖംപോലെ നിർവ്വികാരയായി നില്ക്കുന്ന റേച്ചൽ ടീച്ചറും, പുമ്പാറ്റയെപ്പോലെ പാടിപറന്നു നടക്കുന്ന റോഷ്"നിയും, അവ്യക്തമായ വേദനയുടെ അനന്തബിന്ദുവായി സ്മരണയിൽ അള്ളിപ്പിടിച്ചുകയറുന്ന ചുണ്ടലിട്ടു കഴിയുന്ന

ഈ ചിത്രത്തിൽ ഒരു കോരിത്തരിപ്പിക്കുന്ന പ്രേമകഥയില്ല പക്ഷേ, ഒരു പ്രേമകഥയ്ക്കു പകരാനാവുന്നതിനേക്കാൾ വിശാലം ഈ ചിത്രത്തിലെ ലീലയെന്നപാവാടക്കാരി നല്"കുന്നുണ്ടു് ജോസ്" തന്റെ ജീവിതത്തിലേക്ക് കടന്നുവന്നതോടെ ലീലയുടെ മനസ്സിൽ ഒരിക്കലും തുളക്കാത്തവിധത്തിൽ പൊട്ടിവിടരുകയായി. അവന്റെ പ്രാണനിൽ അവൾ തീരാദുഃഖത്തിന്റെ ഒരിരിടിയായി മാറി, പക്ഷേ, പണത്തിനുവേണ്ടി എന്തും ചെയ്യാൻമടിക്കാത്ത റോസി എസ്"ടേറ്റുടമ ചോദിക്കു് ലീലയെ നല്കുകയാണു്. അവൾ പലപ്പോഴും ചോദിച്ചിട്ടുണ്ടു് "അണ്ണാ ഞാൻകൂടി അണ്ണന്റെ വീട്ടിലേക്കു് വരട്ടോ ഞാൻ അവിടത്തെ എല്ലാജോലികളും ചെയ്യോളാം." അവന്റെമനസ്സ് പണിതീരാത്ത ഒരു വീടിനു സമീപം ചെറുകുടിലിൽ താമസിക്കുന്ന നിസ്സഹായരായ തന്റെ അച്ഛനേയും അമ്മയേയും സഹോദരിയേയും ഓർത്തുപോയി. അവളുടെ ആത്മാവിലുള്ള നീലവിളി അവന്റെ മനസ്സിൽ മുഴങ്ങിനിന്നു. നെടുവീർപ്പിട്ടുന്യോന്യം സ്വപ്നംകാണാനല്ലാതെ അവനെന്തു കഴിയും. നൃത്തൻഡ്യാഫിലിം സ്റ്റുഡിയോ "ചെമ്പരത്തി"യിലൂടെ പ്രേക്ഷകമനസ്സുകളിൽ ഒരു നിത്യവസന്തംപോലെ കടന്നുവന്ന ശോഭനയാണു് ലീലയെ അവതരിപ്പിക്കുന്നതു്. ഈ ചിത്രത്തിലെ ഏററവും നല്ല അഭിനയം ശോഭനയാണു് കാഴ്ചവച്ചിരിക്കുന്നതു്. എന്നോ ഉറഞ്ഞുപോയ ഒരു കണ്ണീർക്കണംപോലെ ലീലയെന്ന പതിനാറുകാരി നമ്മുടെ സ്മരണകളിൽ പ്രതിഷ്ഠിച്ചുനില്ക്കും

ജോസിനെ അവതരിപ്പിക്കുന്നതു മലയാളസിനിമയിലെ നിത്യനായകനായ പ്രേംനസീറാണു്. പ്രേംനസീറിന്റെ ഏററവും നല്ല ചിത്രങ്ങളിലൊന്നാണിതു്. ഗദ്"ഗദങ്ങളുടേയും കണ്ണീരിന്റേയും നെടുവീർപ്പുകളുടേയും നീക്കിയിരിപ്പിൽ ഒരു പായലുപോലെ ഒഴുകിപ്പരക്കുന്ന ജോസിന്റെ പ്രേംനസീർ അനശ്വരമാക്കി മാററി. ഒരു മോഹത്തിന്റെ മായവലയത്തിൽ പെട്ടു നിത്യദുഃഖത്തിന്റെ മുഖമുദ്രയായി മാറിയ റേച്ചലിലെ അവതരിപ്പിക്കുന്ന നന്ദിതാബോസാണു്. ശാലിനിയുടെ ആ മുഖം നിയന്ത്രിതഭാവിനയത്തിൻ മാഴിവുററതായി. പണിതീരാത്ത വീടിനു നിങ്ങൾക്കുള്ളിൽ മറക്കാനാവാത്ത ഒരു കഥാപാത്രമുണ്ടു് ആററുവക്കിൽ ചുണ്ടലിട്ടു് ഏകാന്തനായി കഴിയുന്ന കുക്കേ. എല്ലാം മനസ്സിലൊതുക്കി ചിരിക്കാൻ പാടുപെട്ടു ഴലുന്ന 'പുണ്യലബ്ധ'മായ ദുഃഖമയ്" കുക്കയെ ബഹദൂറാണു് അവതരിപ്പിക്കുന്നതു്. ചിരിപ്പിക്കാൻ മാത്രമറിയാവുന്ന ബഹദൂർ ഇതാ മലയാളത്തിലെ ഏറ്റവും നല്ല നടന്മാരിലൊരാളെന്നു തെളിയിച്ചിരിക്കുന്നു. തങ്കയ്യയെ അവതരിപ്പിക്കുന്നതു് ഗോവിന്ദൻകുട്ടിയാണു്, സ്വന്തം ദുഃഖങ്ങ

ങ്ങളെ താരാട്ടുപാടിയുറക്കിയിട്ടു മററുള്ളവരുടെ സുഖങ്ങൾക്കു പട്ടിണിയോടെ മനസ്സാൻ പാടുപെടുന്ന, ജീവിക്കാൻവേണ്ടി തെററു ചെയ്യുന്ന തങ്ങയ്യ ഗോവിന്ദൻകുട്ടിയുടെ കയ്യിൽ ഭദ്രമായി. ഗോസിയെന്ന കഥാപാത്രത്തിന്റെ നിറക്കൂട്ട് അധികമായിപ്പോയി. അടൂർ പങ്കജത്തിന്റെ ഭാഗങ്ങൾ കുറേ നിയന്ത്രണം വേണ്ടിയിരുന്നു. വിനയം, എസ്. പി. പിള്ളയും, ജൂനിയർ ഷീലയും, ഫിലോമിനയുമാണ് മററു താരങ്ങൾ.

ചിത്രകലാകേന്ദ്രം അവതരിപ്പിക്കുന്ന പണിതീരാത്ത വീട് ശ്രദ്ധയോടെ കൈകാര്യം ചെയ്ത നല്ല ഒരു ചലച്ചിത്രമാണ്. പക്ഷേ, ഈ സൃഷ്ടിയിലും അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. കണ്ണീർത്തുള്ളിയെ സ്ത്രീയോടുപമിച്ച കാവ്യഭാവനേ എന്ന ഗാനത്തിന്റെ ചിത്രീകരണം ഉദാഹരണമായെടുക്കാം. കവിതയെഴുത്ത് ഒരു ഗൃഹസ്ഥിതിയിലുള്ളതാണെന്നു ചിത്രം കണ്ടാൽ തോന്നും. ഇതിന് ഉത്തരം പറയേണ്ടതു തിരക്കഥാകൃത്തോ സംവിധായകനോ? പി. വാസുദേവന്റെ കുടുംബജീവിതവും സന്യാസംകൊണ്ടുള്ള ശുദ്ധാന്ത്യവും "സംസാരം" എന്ന തമിഴ്ചിത്രം മുതൽ നാം കാണുന്നതാണ്. റേച്ചൽടീച്ചറിന്റെ പുത്രിയെക്കാണു പട്ടിണിപ്പിക്കുന്ന മഹത്വം ഏച്ചുകെട്ടൽ മാത്രമായി മുഴച്ചുനില്ക്കുന്നു. ഈ പോരായ്മകൾ നികത്തിയിരുന്നെങ്കിൽ പണിതീരാത്തവീട് അന്യൂനമായ ഒരു ചിത്രമാകുമായിരുന്നു. വയലാറിന്റെ ഗാനങ്ങൾക്ക് എം. എസ്. വിശ്വനാഥനാണു സംഗീതം പകർന്നത്. "കണ്ണനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച കാവ്യഭാവനേ....." മനസ്സിൽ നിറഞ്ഞുനില്ക്കുന്നത് ഈ ഒരു ഗാനം മാത്രമാണ്.

സൗന്ദര്യപൂർണ്ണമായ ഊട്ടിയിൽവച്ചു മെക്കിഗ്രാനിയുടെ ക്യാമറ നിലത്തടാകങ്ങളുടേയും മഞ്ഞണിഞ്ഞ മാമലകളുടേയും സൗന്ദര്യം അപൂർവ്വമേന്മകളോടെ പകർത്തിയിട്ടുണ്ടിതിൽ ഈ ചിത്രത്തെ പ്രേക്ഷകരെ ആകർഷിക്കാൻ പോന്നതാക്കാൻ മുഖ്യകാരണങ്ങൾ നല്ല ഛായാഗ്രഹണവും കളറുമാണ്. കഥാപാത്രങ്ങളുടെ ശക്തിയും, നടീനടന്മാരുടെ അഭിനയമേന്മയും. സംവിധായകന്റെ ദോഷവുമൊക്കെ അതു കഴിഞ്ഞേ വരുന്നുള്ളൂ.

തരളിതഹൃദയനായ ഗൃഹനാഥന്റെ ഭാവങ്ങളെ താലോലിച്ച ഒരു സാധാരണക്കാരന്റെ കഥയാണിത്. മലയാളചലച്ചിത്രവേദിയിൽ പണിതീരാത്തവീട് അത്ഭുതങ്ങളൊന്നും പകരുന്നില്ല. തണ്ടാർ മണിക്കുട്ടർ കണ്ടുകാണ്ടിരിക്കുവാനുള്ള ഒരു മലയാളചിത്രം. പുണ്യലബ്ധമായ ദുഃഖത്തെ താലോലിക്കുന്ന, നെടുവീർപ്പുകളുടുത്തുന്ന, കണ്ണീരൊപ്പാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളെ അതിന്റേതായ മെച്ചങ്ങളിൽ സേതുമാധവൻ അവതരിപ്പിച്ചിരിക്കുന്നു. പുതിയ മാനങ്ങൾക്കുവേണ്ടിയും, പുതുമയ്ക്കുവേണ്ടിയും ദാഹിക്കുന്നവരെ നിരാശപ്പെടുത്തുമെങ്കിലും ചിത്രകലാകേന്ദ്രത്തിന്റെ പണിതീരാത്ത വീട് ശ്രദ്ധേയമായ ഒരു ചിത്രമാണ്. എല്ലാത്തരം പ്രേക്ഷകരേയും ഒരുപോലെ രസിപ്പിക്കുന്ന ഗൃഹപ്രകരമായ ഒരു മലയാളചിത്രം.

—0—

Probable Questions and Answers to

S. S. L. C. ENGLISH

1973 മാർച്ചിലെ S. S. L. C. പരീക്ഷയ്ക്കു വരാവുന്ന ചോദ്യോത്തരങ്ങൾ. ഏതു മരമണ്ടനും ഇംഗ്ലീഷിനു വിജയം വരിക്കാൻ ഒരനുഗ്രഹമാണിത്. ഇന്നുതന്നെ 3 രൂപ മണിഓർഡർ അയച്ചു് ഒരു കോപ്പി സ്വന്തമാക്കുക.

R. K. PUBLISHERS, Kottayam-1.

നൂറോ അതിലധികമോ ആവശ്യമുള്ളവർ കോപ്പിക്ക് ഒന്നുരൂപാവീതം അടച്ചാൽമതി.

ആലുമൂടൻ, അടൂർഭാസി, മീന.—"മസേപ്പടി മാതുപിള്ളയിൽ"

യേശുദാസ് വീണ്ടും നടനാകുന്നു

ജനറൽ പിക്ചേഴ്സിന്റെ അച്ചാണിയിൽ

ജനറൽ പിക്ചേഴ്സിന്റെ അച്ചാണിയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഒരു തറവാട്ടുകുടുംബത്തിലെ വാസുവിനും അവന്റെ അനുജൻ ഗോപിയുടേയും അനുജത്തി ഉമയുടേയും വീർപ്പുമുട്ടലുകളുടെ കഥയാണ് അച്ചാണി. കുടുംബനാഥനായ വാസുവിന്റെ വിശ്വാസപ്രമാണങ്ങളുമായി ഇണങ്ങിച്ചേരാൻ ഭാര്യ സീതക്കു കഴിയുന്നില്ല. തന്റെ ഭാര്യയും ഒരു സ്ത്രീയാണെന്നും അവളുടെ വികാരങ്ങളുമുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ടെന്നുമുള്ള സത്യം കുടുംബത്തിന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി ജീവിതം പണയംവെച്ചുകഴിയുന്ന വാസുവിന് ചിന്തിക്കാൻകൂടെ കഴിയുന്നില്ല. എല്ലാ പ്രശ്നങ്ങളുടെയും നടുവിൽ ഒരു ദീനരോദനമായി വർത്തിക്കുകയാണ് സീത. മലയാളസിനിമയിൽ അസാധാരണ വ്യക്തിത്വമുള്ള, വൈവിദ്ധ്യമുള്ള ഒരു കഥാനായികയെ നിങ്ങൾക്കു കാണാം, അച്ചാണിയിലെ സീതയിലൂടെ. നസീർ, നന്ദിതാബോസ്, സുജാത, സുധീർ വിൻസെന്റ്, ശ്രീലത ഭാസി, കോട്ടാരക്കര ശങ്കരടി എന്നിവരോടൊപ്പം യേശുദാസും ഒരിക്കൽക്കൂടി നടനായി വേഷമിടുന്ന വിൻസന്റ് സംവിധാനം ചെയ്യുന്ന അച്ചാണിയിലെ ഗാനവിഭാഗം കൈകാര്യംചെയ്യുന്നത് പി. ഭാസ്കരനും ദേവരാജനുമാണ്. രവി നിർമ്മിക്കുന്ന നാലാമത്തെ ചിത്രമായ അച്ചാണി ഏപ്രിൽമാസത്തിൽ പ്രദർശനമാരംഭിക്കുമെന്നറിയുന്നു.

പോപ്പുലാർ ഫിലിംസ്

ചങ്ങനാശ്ശേരിയിൽ പുതുതായി ആരംഭിച്ചിരിക്കുന്ന പോപ്പുലാർഫിലിംസ്

ആദ്യമായി വിതരണം ചെയ്യുന്ന ചിത്രങ്ങളാണ് "പൊററമനം പിള്ളേ", "രാജാ പാർട്ട് രങ്കദുരൈ"യും. പൊററമനം പിള്ള് എന്ന സാമൂഹ്യചിത്രത്തിൽ തുളുരാമൻ, ജയ, സാവിത്രി മനോരമ, ചോ, സുന്ദരരാജൻ എന്നിവരാണ് അഭിനയിക്കുന്നത്. മലയാളത്തിലെ പ്രശസ്തരും പ്രഗത്ഭരുമായ താരങ്ങൾ അഭിനയിക്കുന്നതും ശ്രീ. എം. കൃഷ്ണൻനായർ സംവിധാനംചെയ്യുന്നതുമായ അല്ലിയാമ്പലിംസിന്റെ മലയാളചിത്രത്തിന്റേയും വിതരണം പോപ്പുലർ ഏററെടുത്തിട്ടുണ്ട്.

ചെണ്ടയുടെ കഥ തിരശ്ശീലയിൽ

ഭാർഗ്ഗവനിലയത്തിൽനിന്നു തുടങ്ങി തീർത്ഥയാത്ര വരെ, നഗരമെന്നുമുതൽ മുറപ്പെണ്ണും, ഈ അടുത്തകാലത്ത് ആഭിജാത്യവും ഉൾപ്പെടെ നിരവധി നല്ല ചിത്രങ്ങൾ നിർമ്മിച്ചുതന്ന വിൻസെന്റ് സ്റ്റുഡിയോയിലും സംഗീതത്തിനും പ്രാധാന്യം നൽകി സ്വന്തമായൊരു ചിത്രം നിർമ്മിക്കുന്നു. അതിന്റെ പേരാണു ചെണ്ട. വൈവിദ്ധ്യമാർന്ന നാടകീയമുഹൂർത്തങ്ങൾ ഉൾക്കൊള്ളുന്ന ഈ ചിത്രത്തിൽ പ്രധാനവേഷം മധുവിനാണ്. യാഥാസ്ഥിതികരായ വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ചെണ്ട സൃഷ്ടിക്കുന്ന നാദധാരയിലാകൃഷ്ടനായി ആ കല സ്വാംശീകരിക്കുവാനു ശ്രമിക്കുന്ന പിന്നീടു കലയിൽ അതീപ്രവീണനായിത്തീരുന്ന അപ്പു വന്ന കഥാപാത്രത്തിന്റെ വേഷം. അപ്പുവിന്റെ സഹോദരി സുശീലയുടെ റോളിൽ ബംഗാളിസിനിമാരംഗത്തെ പ്രഗത്ഭയായ നടി, നന്ദിതാബോസും, അയാളുടെ ഹൃദയമപഹരിച്ച നടനവിദഗ്ദ്ധയായ സുമതിയുടെ റോളിൽ ശ്രീ വിദ്യയും അഭിനയിക്കുന്നു.

സുധീർ, അടൂർ ഭാസി, എസ്സ് പി. പിള്ള, സുകുമാരി, കവിയൂർപൊന്നമ്മ എന്നിവർക്കു പുറമേ ഒരു പുതിയ ബാലനടനേയും വിൻസെന്റ് സമ്മാർഗ്ഗചിത്രമായ ഈ പുതിയ ബാനറിന്റെ കീഴിൽ നമുക്കു പരിചയപ്പെടുത്തിത്തരുകയാണ്. പ്രസിദ്ധ ചെണ്ടമേളവിദഗ്ദ്ധനായ ശ്രീ തൃത്താലകുഞ്ഞിക്കൃഷ്ണപൊതുവാളിന്റെ ഭാഗിനേയനായ ശ്രീകുമാറെന്ന ബാലൻ. ശ്രീകുമാർ നടനല്ല. ആദ്യമായി മുഖിക്കാമറയെ അഭിമുഖീകരിക്കുന്ന ഈ കുട്ടി അപ്പുവിന്റെ ബാല്യകാലമാണ് പ്രതിനിധാനം ചെയ്യുന്നത്.

രാമനാഥനെഴുതിയ കഥയെ ആധാരമാക്കിയാണു ചിത്രത്തിൽ രാഗതിതനാടകവും സംഭാഷണവും രചിച്ചിട്ടുള്ളത്. വയലാർ രാമവർമ്മ ഗാനങ്ങളെഴുതി. ദേവരാജൻ സംഗീതം നൽകുന്നു. വെങ്കട്ടും സൂര്യപ്രകാശും ചേർന്നു ക്യാമറ കൈകാര്യം ചെയ്യുന്നു. ചെണ്ടയ്ക്കുവേണ്ടി കലാസംവിധാനം നിർവഹിക്കുന്നതു ഭരതനാണ്. വെങ്കട്ടരാമൻ ചിത്രസംയോജനം ഏററെടുത്തിരിക്കുന്നു. സത്യാസ്റ്റുഡിയോയിൽ വളരുന്ന ചെണ്ട ഏപ്രിൽ ആദ്യവാരം പ്രദർശനമാരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

—o—

"ആരാധന"യിൽ രാഘവൻ

വായനക്കാരുടെ കത്തുകൾ

(2-ൽനിന്നു തുടർച്ച)

യെന്ന നിലപാടിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞ പ്രസാദിനെ ഞാൻ അനുമോദിക്കുന്നു. അദ്ദേഹത്തിന്റെ ലേഖനത്തിൽ പ്രത്യക്ഷപ്പെട്ട മുഖവും എന്നെ വല്ലാതെ സുഖിപ്പിച്ചു. എല്ലാ നിരൂപകരും ഇങ്ങനെ തുടങ്ങിയിരുന്നെങ്കിൽ നമ്മുടെ സാഹിത്യം എന്നേ ശുദ്ധമായിക്കിട്ടിയേനെ.

ഞങ്ങൾ ചില സുഹൃത്തുക്കൾ, ഞങ്ങളുടെ കൗമാരകാലത്ത് അശ്ലീലം കലർന്നതെന്നു ധരിച്ചിരുന്ന ഒരു ഫലിതം തട്ടിവിടാറുണ്ടായിരുന്നു. "കാളേ, മുതുക്കാളേ, ഒനക്കും അക്കൗണ്ടാപ്പീസിലാ ജോലി" ഒരാളിതു പറയുമ്പോൾ ആ ഗ്രൂപ്പിലുള്ളവരെല്ലാം ആ കഥ ഓർക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യും. ആ കാലഘട്ടത്തിൽ വളരെ പ്രചാരമുണ്ടായിരുന്ന ആ ഫലിതത്തിന്. അക്കൗണ്ടിനെ ഇൻഷ്വറൻസാക്കി കഷായത്തിൽ കലക്കിയ സുകുമാർ മറേറതെങ്കിലും പച്ചിലമരുന്നുനേപഷിക്കുന്നായിരുന്നു ഭംഗി. കഷായം തെറിക്കഥകളുടെ പുനരാവിഷ്ക്കരണം നടത്താനുള്ള പംക്തിയാകാതിരുന്നാൽ വളരെ നന്നായിരിക്കും.

—ആർ. സുകുമാരൻനായർ,
ചങ്ങനാശ്ശേരി

മറുനാടൻമലയാളി ഡയറക്ടറി

മറുനാടുകളിലുള്ള വിവിധ സംഘടനകളുടേയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും സഹകരണത്തോടെ, ശ്രീ ടി. പി. ഞാളിയത്തിന്റെ പത്രാധിപത്യത്തിൽ കൽക്കത്തയിൽനിന്നും ഒരു മറുനാടൻമലയാളി ഡയറക്ടറി പ്രസിദ്ധീകരിക്കാനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. കേരളത്തിനു പുറത്തു ഭാരതമാകെയും, വിദേശങ്ങളിലുമുള്ള എല്ലാ മലയാളി സംഘടനകളേയും സ്ഥാപനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ, കല, സാഹിത്യം, രാഷ്ട്രീയം തുടങ്ങി ജീവിതത്തിന്റെ ഏതെങ്കിലും തുറയിൽ പ്രാമുഖ്യമുള്ള മറുനാടൻമലയാളികളുടെ ജീവചരിത്രക്കുറിപ്പുകൾ, മറുനാടൻമലയാളി ജീവിതത്തേയും, മറുനാടൻമലയാളികളുടെ താവിയേയും നഗരങ്ങളേയും സ്പർശിക്കുന്ന ലേഖനങ്ങൾ, ചിത്രങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവ ഈ ഡയറക്ടറിയിൽ പ്രസിദ്ധീകരിക്കുന്നതിനായ M. M. Directory 53 B, Mirza galib street, Calcutta-16 എന്ന വിലാസത്തിൽ അയച്ചുതരണമെന്നു സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ഭാരവാഹികളോടും എല്ലാ മറുനാടൻമലയാളികളോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

—o—

ചെണ്ടയിൽ സുധീറും, ശ്രീ വിദ്യയും